കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

VOL. 4 | ISSUE 3 | BIMONTHLY | JUNE 2024 | PAGE 44



04 ലോക കേരളസഭ നാലാം സമ്മേളനത്തിലേക്ക്

07 ആശയങ്ങളെ ഉൽപന്നങ്ങളാക്കി മാറ്റാൻ യുവതലമുറയ്ക്ക് പിന്തുണയുമായി സംസ്ഥാന സർക്കാർ

10 കേരള രാഷ്ട്രീയവും മാധ്യമങ്ങളും

12 കാലാവസ്ഥാ വ്യതിയാനവും പ്രത്യാഘാതങ്ങളും

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

VOL. 4 | ISSUE 3 | JUNE 2024





## പത്രാധിപ സമിതി

**ചീഫ് എഡിറ്റർ**
**എ. എൻ. ഷംസീർ**
നിയമസഭാ സ്പീക്കർ

**എക്സിക്യൂട്ടീവ് എഡിറ്റർ**
**ഷാജി സി. ബേബി**
സെക്രട്ടറി-ഇൻ-ചാർജ്ജ്, കേരള നിയമസഭ

**അംഗങ്ങൾ**
**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

**എം. കെ. റിജു**
സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

**ഡി. ഡി. ഗോഡ്ഫ്രീ**
അഡീഷണൽ സെക്രട്ടറി

**എം. എസ്. വിജയൻ**
അഡീഷണൽ സെക്രട്ടറി

**ഹരി പി.**
അഡീഷണൽ സെക്രട്ടറി

**രജനി വി. ആർ.**
ജോയിന്റ് സെക്രട്ടറി

**വി. ജി. റിജു**
ജോയിന്റ് സെക്രട്ടറി

**ജ്യോതി എൽ.**
ജോയിന്റ് സെക്രട്ടറി

**പ്രത്യേക ക്ഷണിതാക്കൾ**
**ഇ. കെ. മുഷ്താഖ്**
സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

**പ്രീജിത്ത് രാജ്**
സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

**പ്രസിദ്ധീകരണ വിഭാഗം**
**വിവര വിഭവ വികസന 'ബി' വിഭാഗം**

**രൂപകൽപന**
**കുര്യൻ ക്രിയേറ്റീവ്**

**അച്ചടി**
**ഓറഞ്ച് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്,**
തിരുവനന്തപുരം - 01. ഫോൺ : 0471 4010905
കവർ ഫോട്ടോ : കുര്യൻ കെ. സി.

**കേരള നിയമസഭാ പ്രസിദ്ധീകരണം**
ഇ-മെയിൽ : kladrd@gmail.com | ഫോൺ : 0471-2512493, 2353


## മൊഴിമുഴക്കം

"സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്യമെങ്കിൽ നിങ്ങളാണ് ലോകത്തിലെ ഏറ്റവും ശക്തൻ"

- ഏബ്രഹാം ലിങ്കൺ





## ഉൾത്താളുകളിലൂടെ...


ലോക കേരളസഭ നാലാം സമ്മേളനത്തിലേക്ക് 04
എ. എൻ. ഷംസീർ

ആശയങ്ങളെ ഉൽപന്നങ്ങളാക്കി മാറ്റാൻ യുവതലമുറയ്ക്ക് പിന്തുണയുമായി സംസ്ഥാന സർക്കാർ 07
പിണറായി വിജയൻ

കേരള രാഷ്ട്രീയവും മാധ്യമങ്ങളും 10
വി. ഡി. സതീശൻ

കാലാവസ്ഥാ വ്യതിയാനവും പ്രത്യാഘാതങ്ങളും 12
ചിറയം ഗോപകുമാർ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ... 16

സ്പീക്കറുടെ പൊതു പരിപാടികൾ 18

ഇതരസഭാ വാർത്തകൾ 18

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ 21

സഭാനായകരുടെ ജീവിത രേഖയിലൂടെ 22

വിജ്ഞാനപഥം 23

ചിത്രജാലകം 24

മുൻ സാമാജികർ മനസ്സ് തുറക്കുന്നു 25

നിയമസഭാ പ്രസംഗങ്ങളിലൂടെ... 28

സഭാതലത്തിലെ മായാത്ത വ്യക്തിത്വങ്ങൾ 31

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ 33
റ്റി. മനോഹരൻ നായർ

ഒഴിവാക്കപ്പെട്ട 'രാജപ്രമുഖ്' സ്ഥാനം 37
ജി. പി. ഉണ്ണിക്കൃഷ്ണൻ

ഇലക്ഷൻ കമ്മീഷൻ:
ഘടന, അധികാരങ്ങൾ, പ്രവർത്തന രീതികൾ 39
ശ്യാം കെ. എസ്.

തൊണ്ണൂറ്റി ഒൻപതിലെ മഹാപ്രളയത്തിന് നൂറാണ്ട് 41
ബെൻസി ആനന്ദ്

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ 42


### തിരുത്ത്

2024 ഫെബ്രുവരി ലക്കം അറിവോരം ന്യൂസ് ലെറ്ററിൽ പ്രസിദ്ധീകരിച്ച 'റേഡിയോ: ബഹുജന മാധ്യമങ്ങളിൽ ഒന്നാമൻ' എന്ന ലേഖനത്തിൽ 1874 ഏപ്രിൽ 25 ന് ഇറ്റലിക്കാരനായ മാർക്കോണി യാണ് റേഡിയോ കണ്ടുപിടിച്ചത് എന്ന് ഉൾപ്പെടുത്തിയിരുന്നത് 1874 ഏപ്രിൽ 25 ന് ജനിച്ച ഇറ്റലിക്കാരനായ മാർക്കോണിയാണ് റേഡിയോ കണ്ടുപിടിച്ചത് എന്ന് തിരുത്തി വായിക്കാൻ അഭ്യർത്ഥിക്കുന്നു.



# ലോക കേരളസഭ നാലാം സമ്മേളനത്തിലേക്ക്

**എ. എൻ. ഷംസീർ, നിയമസഭാ സ്പീക്കർ**

ചരിത്രത്തിൽ ഇടംപിടിച്ച ഒരു കേരള മോഡലായി ലോക കേരളസഭ ലോകമാകെ അറിയപ്പെടാൻ തുടങ്ങിയിരിക്കുന്നു. നാലാം സമ്മേളനത്തിലേക്ക് എത്തുമ്പോഴേക്കും ലോകത്തിന്റെ നാനാഭാഗങ്ങളിൽ താമസിക്കുന്ന മലയാളികളുടെ പൊതുവേദി എന്ന നിലയിൽ ഇതിനെ അടയാളപ്പെടുത്താൻ കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. 2024 ജൂൺ 13 മുതൽ 15 വരെ കേരള നിയമസഭയിലെ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലാണ് ലോക കേരളസഭയുടെ നാലാം സമ്മേളനം സംഘടിപ്പിക്കുന്നത്. നൂറോളം രാജ്യങ്ങളിൽ നിന്നുള്ള 351 ലധികം പ്രതിനിധികൾ പങ്കെടുക്കുന്ന ലോക കേരളസഭ സ്വാതന്ത്ര്യം, ജനാധിപത്യം, സാമൂഹ്യനീതി, മതനിരപേക്ഷത തുടങ്ങി കേരളം പൊതുവെ അംഗീകരിക്കുന്ന വിശ്വമാനവികതയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചാണ് മുന്നോട്ടുപോകുന്നത്. പരിഗണനാ വിഷയങ്ങൾ തെരെഞ്ഞെടുക്കുന്നത് മുതൽ കേന്ദ്ര സർക്കാർ പരിഗണിക്കേണ്ട വിഷയങ്ങളിൽ വിശദവും പ്രസക്തവുമായ ഉപദേശ നിർദ്ദേശങ്ങൾ ലോക കേരളസഭ സമർപ്പിക്കുന്നുണ്ട്. ഇതിലൂടെ പ്രവാസി ലോകത്തിന്റെ പങ്കാളിത്തം മാത്രമല്ല, നവകേരള നിർമ്മിതിയ്ക്കായുള്ള ആശയങ്ങളുടെ സമന്വയവും സാധ്യമാകും.

പ്രവാസികളുടെ ജീവിതത്തെ മാതൃകാപരമായി അഭിസംബോധന ചെയ്യുന്ന സംസ്ഥാനമാണ് കേരളം. രാജ്യത്ത് ആദ്യമായി പ്രവാസി വകുപ്പ് രൂപീകരിച്ചത് 1996 ൽ ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള സർക്കാരാണ്. തുടർന്നാണ് മറ്റ് ചില സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും പ്രവാസി വകുപ്പ് ആരംഭിക്കുന്നത്.

2018 ൽ പിണറായി വിജയൻ സർക്കാർ ലോക കേരളസഭയ്ക്ക് രൂപം നല്കി, അതിന്റെ ഘടനയും ലക്ഷ്യങ്ങളും പ്രാധാന്യവും വിശദീകരിച്ചപ്പോൾ ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾ ഇരുകൈകളും നീട്ടി സ്വീകരിച്ചു. കഴിഞ്ഞ ലോക കേരളസഭാ സമ്മേളനങ്ങളെല്ലാം വൻവിജയമായി മാറിയത് ആ ഐക്യപ്പെടലിന്റെ ഭാഗമായിട്ടാണ്. കേരളം അക്ഷരാർഥത്തിൽ ലോക കേരളമായി മാറിക്കഴിഞ്ഞു എന്ന് പറഞ്ഞാൽ തെറ്റാവില്ല. ലോകത്തിന്റെ ഏത് ഭാഗത്ത് പോയാലും മലയാളികളെ കാണാനാവും. വിവിധ രാജ്യങ്ങളിലും പ്രദേശങ്ങളിലും അധിവസിക്കുന്ന മലയാളികൾ തമ്മിൽ ആശയവിനിമയം നടത്തുന്നതിനും സാധിക്കുന്ന മേഖലകളിൽ പരസ്പര സഹകരണം ഉറപ്പാക്കുന്നതിനും ഒരു വേദി ഒരുങ്ങിയത് ലോക കേരളസഭയിലൂടെയാണ്. ബൃഹദ് കേരളത്തെ ഒരുമിപ്പിച്ച് നിർത്തുന്നതിനുള്ള ഒരു കേരളസഭയാണ് നാം ഒരുക്കിയെടുത്തിട്ടുള്ളത്.

ഓരോ വർഷവും ലോകമെങ്ങുമുള്ള ഇന്ത്യൻ പ്രവാസികൾക്ക് മുന്നിലെ വെല്ലുവിളികളും പ്രതിസന്ധികളും കൂടുതൽ രൂക്ഷമാവുന്നുണ്ട്.



# LOKA KERALA SABHA

കോവിഡാനന്തര ലോകസാഹചര്യം അങ്ങനെയാണ്. തൊഴിൽ നഷ്ടങ്ങൾ കൂടുകയും സാമൂഹ്യ സാഹചര്യങ്ങൾ മാറിമറിയുകയും ചെയ്തിരിക്കുന്നു. എങ്കിലും പ്രതിസന്ധികളെ അതിജീവിച്ച് പ്രവാസി സമൂഹം മുന്നേറുകയാണ്. ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ മൈഗ്രേഷൻ (ഐ.ഒ.എം.) കണക്കനുസരിച്ച് ലോകത്തിലെ ഏറ്റവും വലിയ കുടിയേറ്റക്കാർ ഇന്ത്യക്കാരാണ്. മൊത്തം 18 ദശലക്ഷം വരുമെന്നാണ് അവരുടെ രേഖകൾ വ്യക്തമാക്കുന്നത്. ഇന്ത്യൻ റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം ഇന്ത്യ നടത്തിയ അന്താരാഷ്ട്ര നിക്ഷേപത്തിൽ പ്രവാസികളുടെ പങ്കിൽ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. അതിജീവനത്തിന്റെ തെളിവാണ് ഈ വളർച്ച. കേരളത്തെ സംബന്ധിച്ച് നമ്മുടെ ജനസംഖ്യയുടെ 10 ശതമാനം പ്രവാസികളും അവരെ ആശ്രയിച്ചു കഴിയുന്നവരെക്കൂടി കണക്കിലെടുത്താൽ 40 ശതമാനം പേരും പ്രവാസി പണം കൊണ്ട് നേരിട്ട് ജീവിക്കുന്നവരാണ്. കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ 30 ശതമാനവും പ്രവാസി സംഭാവനയാണെന്ന് കാണാൻ കഴിയും. കേരളത്തിന്റെ പ്രവാസി ജനസംഖ്യ ഉദ്ദേശം അരക്കോടിയിലേറെ വരുമെന്നാണ് അനൗദ്യോഗികമായ കണക്കുകൂട്ടൽ. പ്രവാസം കഴിഞ്ഞു തിരിച്ചെത്തിയവരുടെ സംഖ്യ ഏതാണ്ട് 20 ലക്ഷത്തോളം വരുമെന്നും പറയുന്നു. പ്രവാസികളെയും നാട്ടിലെ അവരുടെ കുടുംബാംഗങ്ങളെയും പ്രവാസം കഴിഞ്ഞു തിരിച്ചെത്തിയവരെയും കൂടി കൂട്ടിയാൽ പ്രവാസത്തിന് കേരളീയ ജീവിതത്തിലുള്ള പ്രാധാന്യത്തെപ്പറ്റി മനസ്സിലാക്കാനാവും.

മലയാളികൾ കഴിഞ്ഞ കാലയളവിൽ ഏറ്റവുമേറെ ഏർപ്പെട്ടിരുന്ന ഗൾഫ് പ്രവാസത്തിന്റെ സാധ്യതകൾ കുറയുന്നത് ഇപ്പോൾ ഒരു ആശങ്കയായി മുന്നിലുണ്ട്. കോവിഡിനൊപ്പം എണ്ണവില തകർച്ചയും സ്വദേശിവൽകരണവും ലക്ഷക്കണക്കിന് തൊഴിൽ നഷ്ടങ്ങൾക്ക് ഇട വരുത്തി. അതേസമയം പ്രവാസത്തിന്റെ പുതിയ ഇടനാഴികൾ തുറക്കുന്നത് ശുഭോദർക്കമാണ്. ദക്ഷിണ കൊറിയ, ജപ്പാൻ, ജർമ്മനി, മറ്റ് യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് പ്രവാസ ജീവിതം നയിക്കാൻ മലയാളികൾ ചേക്കേറുന്നു. ലോക കേരളത്തിന്റെ വ്യാപ്തി വർധിക്കുന്നു എന്നർഥം.

കേരളീയ പ്രവാസി സമൂഹം എക്കാലത്തും നാടുമായി അടുത്ത ബന്ധം നിലനിർത്തുന്നവരാണ്. ഇന്ത്യൻ പൗരത്വം നിലനിർത്തുന്നവരാണ് പ്രവാസികളിൽ മഹാഭൂരിപക്ഷവും. ഇന്ത്യൻ പൗരത്വം നഷ്ടപ്പെട്ടാൽ പോലും നാടുമായുള്ള ബന്ധം മുറിച്ചുകളയാൻ തയ്യാറാവില്ല. മറ്റുള്ളവരിൽ നിന്നും മലയാളികൾക്കുള്ള മറ്റൊരു പ്രത്യേകത സംഘം ചേരാനുള്ള പ്രവണതയാണ്. ലോകത്തിന്റെ വിവിധ കോണുകളിൽ മലയാളി പ്രവാസികളുടെ വ്യത്യസ്ത തരത്തിലുള്ള നിരവധി കൂട്ടായ്മകൾ കാണാനാവും. ഇവിടെയൊക്കെ ഓരോ കേരളം അവർ സൃഷ്ടിക്കുന്നുണ്ട്. കേരളത്തിന്റെ കലയും സംസ്കാരവും രുചിയുമൊക്കെ അവിടെ ഉണ്ടാവും. മലയാളം സംസാരിക്കുകയും പഠിപ്പിക്കുകയും ചെയ്യും. ചുരുക്കത്തിൽ മലയാളികൾ ജീവിക്കുന്നത് കേരളത്തിന്റെ അതിരിനകത്ത് മാത്രമല്ല, ലോകത്ത് മലയാളികളുള്ള ഇടങ്ങളിലെല്ലാമാണ്.

പഴയ കാലത്ത് പ്രവാസം എന്നത് അകലങ്ങളിലേക്കും ഒറ്റപ്പെടലിലേക്കുമുള്ള യാത്രയായിരുന്നു എന്നാണ് പറയുക. ഇന്ന് സ്ഥിതി വ്യത്യസ്തമാണ്. പ്രവാസികൾക്ക് നാട്ടിലെ കാര്യങ്ങളുമായി നിരന്തരം ബന്ധപ്പെടാം. ആ സാധ്യത ലോക കേരള സഭയുടെ സാധ്യതകൾ വർധിപ്പിക്കുന്നുണ്ട്. മഹാപ്രളയത്തിന്റെ സമയത്തും കോവിഡ് മഹാമാരിയുടെ കാലത്തും ഇന്ത്യക്ക് അകത്തും

പുറത്തുമുള്ള പ്രവാസി മലയാളികൾക്ക് പലവിധ ബുദ്ധിമുട്ടുകൾ നേരിട്ടപ്പോൾ, അവ പരിഹരിക്കുന്നതിന് വേണ്ടി ലോക കേരളസഭാംഗങ്ങൾ നേതൃപരമായ പങ്കാണ് വഹിച്ചത്. മാത്രമല്ല, കേരളത്തിന് ലോകം മുഴുവൻ കൈത്താങ്ങുമായി മുന്നോട്ടുവരാൻ ഇവർ വഴിയൊരുക്കി എന്നതും കാണാതെ പോകരുത്. ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ വസിക്കുന്ന കേരളീയരുടെ പൊതുവേദിയായി ലോക കേരളസഭ ഉയർന്നു നില്ക്കുന്നത് കൊണ്ടാണ് ഈ വിധത്തിലുള്ള ഇടപെടലുകൾ സാധ്യമായത്.

ലോകത്താകെയുള്ള മലയാളികളുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനു വേണ്ടി പ്രവർത്തിക്കുക എന്നതും ലോക കേരളസഭയുടെ ലക്ഷ്യമാണ്. കേരളീയരുടെ പൊതു സംസ്കാരത്തെയും സാമൂഹിക സാമ്പത്തിക വികസനത്തെയും സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിൽ സംസ്ഥാനത്തിന് അകത്തുള്ളവർക്ക് എന്നപോലെ പുറത്തുള്ള കേരളീയർക്കും അർഥവത്തായ പങ്കാളിത്തം ലോക കേരളസഭയിലൂടെ ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സാധിക്കുന്നുണ്ട്. ജനാധിപത്യത്തിന്റെ വിശാലമായ ഒരു ഭൂമികയാണ് ലോക കേരളസഭയിൽ കൂടി സൃഷ്ടിക്കപ്പെടുന്നത്.

പ്രവാസികൾ അയയ്ക്കുന്ന പണം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ 30 ശതമാനത്തോളം വരുമെന്നാണ് കണക്ക്. പ്രവാസികളുടെ സമ്പാദ്യത്തിന്റെ രൂപത്തിൽ ലോകത്ത് ഏറ്റവും കൂടുതൽ വിദേശനാണയം നേടുന്ന രാജ്യം ഇന്ത്യയാണ്. ഇപ്രകാരം നാടിന്റെ വികസനത്തിനു പ്രവാസികൾ നൽകുന്ന സംഭാവന അമൂല്യമാണെങ്കിലും അതിന് അവർ കൊടുക്കേണ്ടിവരുന്ന വില വളരെ വലുതാണ്. പ്രവാസത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പിന്റെയും യാത്രയുടെയും ഘട്ടം മുതൽ തിരിച്ചുവന്നതിനുശേഷമുള്ള പുനരധിവാസം വരെയുള്ള ഘട്ടങ്ങളിൽ നേരിടുന്ന കബളിപ്പിക്കലുകളും ചൂഷണവും അവകാശ നിഷേധങ്ങളും അപമാനവും എളുപ്പം വിവരിച്ചു തീർക്കാനാവുന്നതല്ല. പ്രവാസം കഴിഞ്ഞെത്തുന്നവരുടെ സാമൂഹിക സുരക്ഷയുടെയും ക്ഷേമത്തിന്റെയും പ്രശ്നങ്ങൾ വേറെ. ഈ പ്രശ്നങ്ങളിലേക്കു പൊതു സമൂഹത്തിന്റെയും, കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും സാർവ്വദേശീയ ഏജൻസികളുടെയും ശ്രദ്ധ ആകർഷിക്കാനും പരിഹാരങ്ങളുണ്ടാക്കാനും ലോക കേരളസഭയ്ക്ക് സാധിക്കുന്നുണ്ട്.

കേരളം ജ്ഞാന സമ്പദ്വ്യവസ്ഥ സൃഷ്ടിക്കുവാനുള്ള പരിശ്രമത്തിലാണുള്ളത്. ഇതിൽ പ്രവാസി സമൂഹത്തിന് ഒരുപാട് സംഭാവന ചെയ്യാന് സാധിക്കും. ജ്ഞാന സമ്പദ്വ്യവസ്ഥയുടെ കാതലായ ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസവും ഇന്നവേഷന് അനുകൂലമായ സാഹചര്യവും കാര്യക്ഷമമായ വാർത്താവിനിമയ സാങ്കേതിക സംവിധാനങ്ങളും സാമൂഹ്യവും സാമ്പത്തികവുമായ പശ്ചാത്തല സൗകര്യമൊരുക്കലും തുടങ്ങി സുസ്ഥിര വികസന പ്രവർത്തനങ്ങളിലൂന്നി കേരളം മുന്നേറുന്നതിനുള്ള വഴിയൊരുക്കുമ്പോൾ, ഇവയ്ക്കെല്ലാം നേതൃത്വം നൽകുന്ന നിർണായക സ്ഥാനത്ത് പ്രവാസി സമൂഹവുമുണ്ടാവണം. ഇതിനായി വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളുടെ വിവരശേഖരണം കെ ഡിസ്കിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. ലോക കേരളസഭയ്ക്ക് ഈ പ്രവർത്തനം അർഥവത്തായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും. മാത്രമല്ല, ഉന്നത വിദ്യാഭ്യാസത്തിന്റെ പരിമിതികളെ മറികടക്കാൻ അന്താരാഷ്ട്ര സർവ്വകലാശാലകളും ഗവേഷണ കേന്ദ്രങ്ങളുമായി നമുക്ക് നല്ല ബന്ധം സ്ഥാപിക്കേണ്ടതുണ്ട്. അവിടെ ജോലി ചെയ്യുന്നവരും അവിടങ്ങളുമായി ബന്ധപ്പെടുന്നവരുമായ പ്രവാസി മലയാളികൾക്ക് ഇതിൽ ഒരുപാട് കാര്യങ്ങൾ ചെയ്യാനാവും.

ചൈനയിലെ സിലിക്കൺ വാലി എന്നറിയപ്പെടുന്ന ഷെൻസെൻ നഗരത്തെ അത്യാധുനിക സാങ്കേതിക വിദ്യകളുടെ പ്രഭവ കേന്ദ്രമാക്കി വികസിപ്പിച്ചെടുക്കുന്നതിൽ വിവിധ രാജ്യങ്ങളിലുള്ള ചൈനാ പ്രവാസികൾ വഹിച്ച പങ്ക് പ്രശസ്തമാണ്. അതുപോലെ കേരളത്തിൽ ലഭ്യമാകുന്ന മാനവശേഷിക്കും ആഗോള വ്യവസായ സംരംഭങ്ങൾക്കും ഇടയിൽ സുപ്രധാന കണ്ണികളാകാനും കേരളത്തിലേക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ കൊണ്ടുവരാനും കേരളത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താനും ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് സാധിക്കും. ഇപ്പോൾ തൊഴിലന്വേഷകരായ മലയാളികൾക്ക് തൊഴിൽ ലഭ്യമാക്കാൻ രാജ്യത്തിനകത്തും പുറത്തുമുള്ള പ്രവാസി മലയാളി സമൂഹം സഹായിക്കാറുണ്ട്. അത്തരം സഹായങ്ങളെ വിജ്ഞാന സമ്പദ്വ്യവസ്ഥയ്ക്കായുള്ള പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കാൻ കഴിയണം. ചുരുക്കത്തിൽ കേരളത്തിന്റെ ഭാവി വികസനത്തിൽ പ്രവാസി മലയാളികൾക്ക് വലിയ പങ്ക് വഹിക്കാനാവും. അതിന് കൃത്യമായ മാർഗരേഖ ഉണ്ടാക്കിയെടുക്കാൻ ലോക കേരളസഭയിലൂടെ സാധിക്കുമെന്നത് ഉറപ്പാണ്.

കേരളത്തിനകത്തേക്കും പുറത്തേക്കുമുള്ള അറിവിന്റെയും സാങ്കേതിക ജ്ഞാനത്തിന്റെയും നൈപുണ്യങ്ങളുടെയും അഭിരുചികളുടെയും സാധനങ്ങളുടെയും സേവനങ്ങളുടെയും മൂലധനത്തിന്റെയും ഒഴുക്കിന്റെ വാതായനവും മാധ്യമവുമായി പ്രവർത്തിക്കുന്ന പ്രവാസി സമൂഹത്തിന്റെ സഹായത്തോടെ കേരളത്തിൽ നിന്നുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും മൂലധനത്തിന്റെയും കയറ്റുമതിക്ക് അരങ്ങൊരുക്കുമ്പോഴാണ് ലോക കേരളസഭ സാർത്ഥകമാവുന്നത്. കേരളത്തിൽ നിന്നുള്ള സാധനങ്ങൾക്കും സേവനങ്ങൾക്കും വിദേശത്ത് ചലനാത്മകമായ വിപണി സൃഷ്ടിച്ചും ഇവിടെ നിന്നുള്ള നിക്ഷേപങ്ങൾക്കും സംരംഭങ്ങൾക്കും അവസരം ഒരുക്കിയും പുതിയ തലമുറക്ക് അന്തർദേശീയ തൊഴിൽ വിപണിയിലേക്ക് എത്തിപ്പെടാനുള്ള കൈത്താങ്ങായി മാറിക്കൊണ്ടും ലോക കേരളസഭ പുതിയൊരു കേരള മോഡൽ സൃഷ്ടിക്കുകയാണ്. അവസരങ്ങളുടെ തുറസ്സായ ലോകത്തെ സർഗാത്മകമായി ഉപയോഗപ്പെടുത്താൻ വരും കാലങ്ങളിൽ ലോക കേരളസഭയ്ക്ക് സാധിക്കും. പ്രവാസികളോടുള്ള ഉത്തരവാദിത്വം നിർവ്വഹിച്ചും പ്രവാസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും ലോക കേരളസഭ മുന്നേറും. നാലാം സമ്മേളനം അതിനുള്ള ഊർജ്ജമാവും.





# ആശയങ്ങളെ ഉൽപന്നങ്ങളാക്കി മാറ്റാൻ യുവതലമുറയ്ക്ക് പിന്തുണയുമായി സംസ്ഥാന സർക്കാർ

**പിണറായി വിജയൻ, മുഖ്യമന്ത്രി**

യുവതീ-യുവാക്കളെ നൂതന സാങ്കേതികവിദ്യകൾ പരിശീലിപ്പിക്കാനും പ്രാദേശിക പ്രതിഭകൾക്കും ആശയങ്ങൾക്കും അവസരം നൽകാനും സംസ്ഥാന സർക്കാർ കേരളത്തിലുടനീളം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുകയാണ്. അവയിൽ ആദ്യത്തേത് കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തനമാരംഭിച്ചിരിക്കുകയാണ്.

ലോകമാകെ പരിശോധിച്ചാൽ പല രാജ്യങ്ങളിലും വ്യവസായ വളർച്ച ഉണ്ടായിട്ടുള്ളത് ചില നഗരങ്ങളെ കേന്ദ്രീകരിച്ചു കൊണ്ടുമാത്രമാണെന്ന് മനസ്സിലാക്കാം. അവിടെ വ്യവസായ സംരംഭങ്ങൾ വരുന്നു, തൊഴിലുകൾ വരുന്നു, ആ നഗരവും അതിനോട് ചേർന്നിരിക്കുന്ന പ്രദേശവും മാത്രം വികസിക്കുന്നു. അതുകൊണ്ടുതന്നെ വിവിധ പ്രദേശങ്ങളിലെ പ്രതിഭകൾക്ക് വേണ്ട അവസരങ്ങൾ അതത് പ്രദേശങ്ങളിൽ ലഭ്യമാക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാവും. ഇതിന് പരിഹാരമുണ്ടാക്കാനാണ് സംസ്ഥാന സർക്കാർ പ്രാദേശിക സംരംഭകത്വ വികസനത്തിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്.

സംസ്ഥാനത്താകെ എം.എസ്.എം.ഇ (Micro Small and Medium Enterprises) കളെ പ്രോത്സാഹിപ്പിക്കുന്നതും സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുന്നതുമെല്ലാം അതിന്റെ ഭാഗമായാണ്. 24 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ഇതിനോടകം സംസ്ഥാന സർക്കാർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഇത്തരം പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി 3 കോടി രൂപ വരെയാണ് സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നത്. ഈ വർഷം 25 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

എം.എസ്.എം.ഇ. കളുടെ കാര്യത്തിൽ വിപ്ലവകരമായ മാറ്റങ്ങളാണ് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ ഏകദേശം 92,000 കോടി രൂപയുടെ നിക്ഷേപം വന്നതായാണ് എം.എസ്.എം.ഇ. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ റിപ്പോർട്ട് പറയുന്നത്. അതിൽ 33,815 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുകയും 5 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മുടങ്ങിക്കിടന്ന 12,240 കോടി രൂപയുടെ പദ്ധതികൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കേരളം 17.3 ശതമാനം വ്യാവസായിക വളർച്ച കൈവരിച്ചതായും റിപ്പോർട്ട് പറയുന്നു.

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം 1,39,000 സംരംഭങ്ങൾ ആരംഭിക്കുന്നതിനും 8,500 കോടി



രൂപയുടെ നിക്ഷേപം ആകർഷിക്കുന്നതിനും മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൂക്ഷ്മ ഇടത്തരം വ്യവസായങ്ങളുടെ മേഖലയിൽ മാത്രം 2,35,000 ത്തോളം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 15,000 കോടി രൂപയുടെ നിക്ഷേപവും 5 ലക്ഷത്തിലധികം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

സംരംഭകവർഷം പദ്ധതിയുടെ തുടർച്ചയായി മിഷൻ 1000 പദ്ധതി ആവിഷ്ക്കരിച്ചുവരികയാണ്. കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 1,000 എം.എസ്.എം.ഇ. കളെ നാലു വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി രൂപ വിറ്റുവരവുള്ള സംരംഭങ്ങളാക്കി മാറ്റിത്തീർക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി 149 സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധിച്ച് അവയെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ന് ലോകത്താകെ ഉയർന്നുവരുന്ന പുത്തൻ സാധ്യതകൾ നമ്മുടെ ചെറുപ്പക്കാർക്ക് കൂടുതലായി പ്രയോജനപ്പെടണം. അതിനായി യുവാക്കൾക്കിടയിലെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് നൈപുണ്യ പരിശീലനം നൽകുകയും ചെയ്യേണ്ടതുണ്ട്. അതിനുതകുന്നതാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ. ആ നിലയ്ക്ക്, പ്രാദേശിക സംരംഭകത്വ വികസനത്തിനുതകുന്ന ഇടപെടൽ കൂടിയാണവ. കേരളത്തിലെ മറ്റ് കലാലയങ്ങളിലും സ്ഥലലഭ്യതയ്ക്കനുസരിച്ച് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

പ്രാദേശിക സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളിൽ ഇന്റേൺഷിപ്പ് പരിപാടികളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കും. അതത് ഇൻഡസ്ട്രിയൽ പാർക്കിന്റെ ദീർഘകാല കാഴ്ചപ്പാടുകളുമായി യോജിച്ചു പോകാവുന്ന പ്രാദേശിക സംരംഭങ്ങളെ അവയുമായി സഹകരിപ്പിക്കും. സംരംഭകത്വ മനോഭാവം വളർത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം പ്രാദേശിക - അന്തർദേശീയ വ്യവസായ ശൃംഖലകളുമായി ബന്ധിപ്പിക്കുന്നതിനുള്ള അവസരങ്ങളും ഒരുക്കും.

നമ്മുടെ യുവാക്കളെ തൊഴിലന്വേഷകർ എന്നതിലുപരി തൊഴിൽ ദാതാക്കളും സംരംഭകരുമാക്കി മാറ്റാനുള്ള നടപടികളുമായാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. പുത്തനാശയങ്ങൾ ഭൂരിഭാഗവും മുന്നോട്ടുവയ്ക്കുന്നത് നമ്മുടെ യുവാക്കളാണല്ലോ. എന്നാൽ, ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിൽ അവർക്ക് ചില പരിമിതികളുണ്ടാകും. വ്യവസായം ആരംഭിക്കുന്നതിനുള്ള മൂലധനം കണ്ടെത്തുന്നതാകും അതിൽ പ്രധാനപ്പെട്ടത്. ആ പരിമിതിയെ മറികടന്നുകൊണ്ട് ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി പരിവർത്തിപ്പിക്കാൻ യുവാക്കൾക്ക് പിന്തുണ നൽകുന്ന സ്റ്റാർട്ടപ്പ് നയമാണ് സംസ്ഥാന സർക്കാർ നടപ്പാക്കുന്നത്.

2016 ൽ സംസ്ഥാനത്ത് 300 സ്റ്റാർട്ടപ്പുകളാണ് പ്രവർത്തിച്ചിരുന്നതെങ്കിൽ ഇന്ന് അവയുടെ എണ്ണം 5,000 കടന്നിരിക്കുന്നു. വെഞ്ച്വർ ക്യാപിറ്റൽ ഫണ്ടിംഗിലൂടെ കേരളത്തിന്റെ സ്റ്റാർട്ടപ്പ് മേഖലയിൽ 5,500 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാനും 50,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ 778 സ്റ്റാർട്ടപ്പുകൾക്കായി 35 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. സർവ്വകലാശാല വിദ്യാർഥികളിൽ നിന്നും സംരംഭകരെ

പ്രോത്സാഹിപ്പിക്കുന്നതിനായി 466 ഇന്നവേഷൻ ആൻഡ് ഓൺട്രപ്രെണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകളാണ് സ്ഥാപിച്ചിട്ടുള്ളത്.

ദേശീയ സ്റ്റാർട്ടപ്പ് റാങ്കിംഗിൽ ബെസ്റ്റ് പെർഫോമർ പുരസ്കാരം കരസ്ഥമാക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സ്റ്റാർട്ടപ്പ് ജീനോമിന്റെ ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം അഫോർഡബിൾ ടാലന്റ് റേറ്റിംഗിൽ ഏഷ്യയിൽ ഒന്നാമതാണ് കേരളം. ലോകത്തെ ഏറ്റവും മികച്ച പബ്ലിക് ബിസിനസ് ഇൻക്യുബേറ്ററായി യു.ബി.ഐ. ഗ്ലോബൽ തെരഞ്ഞെടുത്തത് കേരള സ്റ്റാർട്ടപ്പ് മിഷനെയാണ്. ഈ സ്റ്റാർട്ടപ്പ് നയത്തിന്റെ ഗുണഫലങ്ങൾ യുവാക്കൾ കൃത്യമായി ഉപയോഗപ്പെടുത്തുന്നു എന്നുറപ്പുവരുത്താൻ സഹായിക്കുന്നവയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ.

സാങ്കേതിക വിദ്യാഭ്യാസത്തിന് ഏറെ പ്രസക്തിയുള്ള കാലമാണിത്. 2050 ഓടെ ലോകത്തെ തൊഴിലവസരങ്ങളിൽ 75 ശതമാനവും നൂതന സാങ്കേതിക രംഗത്തു നിന്നാകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതായത്, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് മുന്നേറ്റം കൈവരിക്കാതെ നൂതന ലോകത്ത് നമുക്ക് മുന്നേറാനാകില്ല എന്നർത്ഥം. ഈ പ്രാധാന്യം ഉൾക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ നവീകരിക്കുക എന്ന ലക്ഷ്യത്തോടെ വൈവിധ്യമാർന്ന പദ്ധതികളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ലബോറട്ടറികളും അക്കാദമിക് കെട്ടിടങ്ങളും ഹോസ്റ്റലുകളുമെല്ലാം നവീകരിക്കുകയാണ്.

നൂതന തൊഴിൽ മേഖലയിലേക്ക് ഇറങ്ങിച്ചെല്ലാൻ നമ്മുടെ വിദ്യാർഥികളെ പ്രാപ്തരാക്കുന്ന ഇൻക്യുബേഷൻ സെന്ററുകൾ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ആരംഭിച്ചിട്ടുണ്ട്. വിദ്യാർഥികളുടെ തൊഴിൽശേഷിയും നൈപുണ്യവും വർധിപ്പിച്ച് പുതിയ തൊഴിൽ മേഖലകളിലേക്ക് കടന്നുചെല്ലാൻ അവരെ പ്രാപ്തരാക്കുന്ന 'കണക്ട് കരിയർ ടു ക്യാമ്പസ്' പദ്ധതി ശ്രദ്ധേയമായ ഒരു ഇടപെടലാണ്. വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ നൂതനാശങ്ങളും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാർഥികളുടെ പ്രായോഗിക പരിജ്ഞാനം വർധിപ്പിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായ സംരംഭങ്ങളും തമ്മിലുള്ള സഹകരണവും ഉറപ്പാക്കിയിട്ടുണ്ട്.

ആധുനിക ഡിജിറ്റൽ ലോകത്ത് നാലാം വ്യാവസായിക വിപ്ലവത്തിന് അനുഗുണമായ വിധത്തിലുള്ള വിദ്യകളും ശേഷികളും ഉള്ളവരെയാണ് ആവശ്യമായിട്ടുള്ളത്. അതുകൊണ്ടുതന്നെ വിവിധ മേഖലകളിലെ അറിവുകളെ സമന്വയിപ്പിക്കാനും അവയെ ക്രിയാത്മകമായി പ്രയോഗിക്കാനും കഴിയുന്ന വിധത്തിലുള്ള മൾട്ടി ഡിസിപ്ലിനറി സമീപനമാണ് ഇന്ന് ലോകത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വീകരിക്കപ്പെടുന്നത്. അതിൽ തന്നെ ഡിജിറ്റൽ വിവരങ്ങളുടെ, അഥവാ ഡേറ്റയുടെ, വിശകലനത്തിനും വിജ്ഞാപനത്തിനും സവിശേഷമായ പ്രാധാന്യം ലഭിക്കുന്നുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ അധിഷ്ഠിതമായ ചാറ്റ് ജി.പി.റ്റി. പോലുള്ള സംവിധാനങ്ങളുടെ വിസ്മയകരമായ സംഭാവനകൾ നാം ഓരോ ദിവസവും കണ്ടുകൊണ്ടിരിക്കുകയാണ്. അവ വിദ്യാഭ്യാസ - തൊഴിൽ മേഖലകളിൽ മൗലികമായ മാറ്റങ്ങൾക്ക് വഴിവയ്ക്കും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ അതിനൂതനമായ മേഖലകളിൽ കൂടി കേരളത്തിലെ വിദ്യാർഥികൾക്ക് പ്രാവീണ്യം ലഭ്യമാക്കണം എന്നാണ് സംസ്ഥാന സർക്കാർ കരുതുന്നത്. അതുറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് തുടക്കം കുറിച്ചത്.

രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ച സംസ്ഥാനമാണ് നമ്മുടേത്. അതിലൂടെ ഉൽപാദിപ്പിക്കപ്പെടുന്ന അറിവുകൾക്ക് റിയൽ ടൈം ആപ്ലിക്കേഷൻ ഉണ്ടാകുന്നു എന്നുറപ്പുവരുത്താൻ കൂടിയാണ് ഡിജിറ്റൽ സയൻസ് പാർക്കിന് ആരംഭം കുറിച്ചത്. അതും അത്തരത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണ്. നിർമ്മിത ബുദ്ധി, മെഷീൻ ലേണിങ് തുടങ്ങിയ വിഷയങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി എഡിൻബറ യൂണിവേഴ്സിറ്റി, ക്യൂ.എൽ.എസ്. സ്പേസ് എന്നിവയുമായി ചേർന്ന് ഡിജിറ്റൽ യൂണിവേഴ്സിറ്റി പ്രത്യേക പദ്ധതികൾ നടപ്പാക്കിവരികയാണ്.

റിന്യൂവബിൾ എനർജി, നെറ്റ് സീറോ, നാനോ ടെക്നോളജി, ബയോ മെഡിക്കൽ എഞ്ചിനീയറിങ്, ജീനോമിക് സ്റ്റഡീസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിങ്, ബിഗ് ഡേറ്റാ സയൻസസ്, ന്യൂട്രാസ്യൂട്ടിക്കൽസ് തുടങ്ങിയ മേഖലകളെ പ്രോത്സാഹിപ്പിക്കാൻ പുതിയ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇവയെല്ലാം അതിനൂതനമായ മേഖലകളാണ്. വരാനിരിക്കുന്ന കാലത്തിനായി കേരളത്തെ സജ്ജമാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ മേഖലകളിലൊക്കെ സംസ്ഥാന സർക്കാർ സജീവമായി ഇടപെടുന്നത്.

ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി, റിന്യൂവബിൾ എനർജി തുടങ്ങിയ മേഖലകളിൽ കേരളം മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. ഇനി ആവശ്യമായിട്ടുള്ളത് മേൽ സൂചിപ്പിച്ച പുതുതലമുറ സാങ്കേതിക വിദ്യകളിൽ നിപുണത കൈവരിക്കുക എന്നതാണ്. ഈ കാഴ്ചപ്പാടോടെയാണ് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, കാർബൺ ന്യൂട്രാലിറ്റി, എഞ്ചിനീയറിംഗ് മെറ്റീരിയൽസ് എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

നാലാം വ്യാവസായിക വിപ്ലവത്തിന്റെ ഘട്ടം തുറന്നുതരുന്ന അവസരങ്ങൾ വളരെ വലുതാണ്. അവയെ കയ്യെത്തിപ്പിടിക്കാൻ കേരളത്തിനും കേരളത്തിന്റെ യുവതലമുറയ്ക്കും കഴിയും. അതിനായി സ്വയം നവീകരിക്കുവാനും കൂടുതൽ മികവുകൾ ആർജ്ജിച്ച് പരിമിതികളെ മറികടക്കാനും പുതിയ തലമുറയെ പ്രാപ്തമാക്കുകയാണ് സംസ്ഥാന സർക്കാർ. അതിനുള്ള ചുവടുവയ്പാകും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ.

●●●



# കേരള രാഷ്ട്രീയവും മാധ്യമങ്ങളും

**വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്**

രാഷ്ട്രീയം എന്നത് കക്ഷി രാഷ്ട്രീയം മാത്രമല്ല ആശയപരമായ നിലപാടുകളുടെയും സംഘടിത പ്രവർത്തനങ്ങളുടെയും വലിയൊരു ഇടം കൂടിയാണ്. ഒരു രാജ്യത്തിന്റെ രാഷ്ട്രീയ സംവിധാനം, ഭരണ നിർവ്വഹണം, രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനം, പൊളിറ്റിക്കലായ കൂട്ടായ്മകളുടെ (പരിസ്ഥിതി, സ്ത്രീ, ദളിത്) നിലപാടുകൾ എന്നിവയിലെ സജീവ പങ്കാളി അല്ലെങ്കിൽ സ്റ്റേക് ഹോൾഡറാണ് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ. ജനാധിപത്യ വ്യവസ്ഥിതിയിൽ മാധ്യമങ്ങളെ നിശബ്ദമാക്കുകയും അടിച്ചമർത്തുകയും ചെയ്താൽ സമൂഹജീവിതത്തിന്റെ കാതലും ചാലക ശക്തിയുമായ മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സുകൾ ഒന്നൊന്നായി തകരും. നിർഭാഗ്യവശാൽ ഇന്ത്യയിലെ ഭരണകർത്താക്കളും കേന്ദ്ര-സംസ്ഥാന ഭരണ നേതൃത്വവും ആഗ്രഹിക്കുന്നത് അതാണ്. ജനാധിപത്യവിരുദ്ധതയും മാധ്യമ വിരുദ്ധതയും ഒന്നിച്ചു ചേരുന്ന അവസ്ഥ പൗരന്റെ സ്വതന്ത്രജീവിതത്തിന്റെ അന്ത:സത്തയെ ഇല്ലാതാക്കും.

മാധ്യമങ്ങളെ നിശബ്ദമാക്കുന്നത് സർക്കാരിന്റെയും സർക്കാരിതര സംഘടനകളുടെയും പൊതു സമൂഹത്തിന്റെയും പ്രവർത്തനത്തെ തടസപ്പെടുത്തുകയും പിന്നോട്ടടിക്കുകയും ചെയ്യും. ഇവയെല്ലാം ജനങ്ങൾക്ക് വേണ്ടിയും സമൂഹത്തിന് വേണ്ടിയും നിലനിൽക്കുന്നതാണെന്ന് ഓർക്കേണ്ടതാണ്. ജനങ്ങളുമായുള്ള ജനാധിപത്യത്തിന്റെ സംവേദന മാർഗ്ഗങ്ങളായ വിവിധതരം മാധ്യമങ്ങളെ കയ്യാമം വച്ച് വാമൂടിക്കെട്ടുന്നതോടെ ആശയവിനിമയമോ തെറ്റു ചൂണ്ടിക്കാട്ടലുകളോ പുത്തൻ ആശയങ്ങളോ ഇല്ല. സംവാദവും വിലയിരുത്തലുകളും അഭിനന്ദനവുമില്ല. കടുത്ത നിശബ്ദതയുടെയും ഭയത്തിന്റെയും അകൽച്ചയുടെയും ഹിംസയുടെയും അന്തരീക്ഷം സൃഷ്ടിക്കപ്പെടും. ഇതാണ് ഏകാധിപത്യ വൈറസിന് തഴച്ചുവളരാനുള്ള ഇടം സൃഷ്ടിക്കൽ. ഇത് ഫാസിസത്തിലേക്കുള്ള ഗതിമാറ്റമാണ്. അവിടെ അധികാര കേന്ദ്രീകരണത്തിന്റെ ആസുരതയാണുണ്ടാകുന്നത്.

ഭരണകൂടത്തിന്റെ പ്രതിലോമ പ്രവൃത്തികളായ അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും കെടുകാര്യസ്ഥതയും റിപ്പോർട്ട് ചെയ്യുന്ന മാധ്യമങ്ങളെ ആക്ഷേപിക്കുന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും അതതിടത്തെ ഭരണപാർട്ടികളുടെയും മുഖമുദ്രയും അലങ്കാരവുമായിരിക്കുകയാണ്. എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി എഴുതാത്ത പരീക്ഷ വിജയിച്ചെന്ന വാർത്ത റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ഏഷ്യാനെറ്റ് ലേഖികയ്ക്കെതിരെ കേസെടുത്തു. ഏഷ്യാനെറ്റിലെ മറ്റ് മാധ്യമ പ്രവർത്തകർക്കെതിരെയും കേസുകളുണ്ടായി. ട്രെയിൻ തീയിട്ട കേസുമായി ബന്ധപ്പെട്ട വാർത്ത നൽകിയതിന് മാതൃഭൂമിയിലെ മാധ്യമ പ്രവർത്തകന്റെ ഫോൺ പിടിച്ചുവച്ചു. ഇത്തരം കാര്യങ്ങളൊക്കെ കടുത്ത പ്രതിഷേധമാണ് കേരള സമൂഹത്തിൽ സൃഷ്ടിച്ചത്.

ഒരു അനൗദ്യോഗിക കൂടിക്കാഴ്ചക്കിടെ ഹാളിലേക്ക് കയറിയ മാധ്യമ പ്രവർത്തകരോട് 'കടക്ക് പുറത്ത്' എന്ന് മുഖ്യമന്ത്രി പറഞ്ഞപ്പോൾ പത്രപ്രവർത്തകരുടെ ഔദ്യോഗിക സംഘടനക്ക് പോലും




മറുത്തൊരക്ഷരം മിണ്ടാനുള്ള ധൈര്യമുണ്ടായില്ല. പത്രപ്രവർത്തകർക്കിടയിൽ കടുത്ത പ്രതിഷേധം ഉയർന്നതിന് ശേഷമാണ് സംഘടന പ്രതികരിക്കാൻ പോലും തയ്യാറായത്. സെക്രട്ടേറിയേറ്റിലും നിയമസഭയിലും മാധ്യമങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയപ്പോഴും അവർ ഭയം മൂലം കടുത്ത നിശബ്ദതയിലായിരുന്നു. പത്രസമ്മേളനത്തിനായി മാധ്യമ പ്രവർത്തകർ ഒരു മണിക്കൂറും ഒന്നര മണിക്കൂറും മുൻപ് ഹാളിൽ പ്രവേശിക്കണമെന്ന് ഉത്തരവിട്ടു. പ്രതികരണം നിസ്സംഗതയിലൊതുങ്ങി. പ്രതിപക്ഷനേതാവെന്ന നിലയിൽ ഈ വിഷയത്തിൽ ഞാൻ മൂന്ന് തവണ പ്രതികരിച്ചപ്പോഴാണ് പത്രപ്രവർത്തക യൂണിയനുപോലും നാവനക്കാൻ സാധ്യമായത്.

മാധ്യമങ്ങളും മാധ്യമപ്രവർത്തകരും പൊതുസമൂഹത്തിൽ ഇത്രത്തോളം ഇടിച്ചുതാഴ്ത്തപ്പെട്ട മറ്റൊരു കാലഘട്ടവും കേരളത്തിലുണ്ടായിട്ടില്ല. ഭരണകക്ഷി നേതാക്കളും പൊതുസ്വീകാര്യതയുടെ മുഖംമൂടി അണിഞ്ഞ സാംസ്കാരിക പ്രവർത്തകരും പാർട്ടി ക്യാപ്സ്യൂളുകളിലൂടെ മാത്രം ലോകത്തെ കാണുന്ന സൈബർ വെട്ടുക്കിളിക്കൂട്ടങ്ങളുമാണ് ഇത്തരമൊരു അവസ്ഥ സൃഷ്ടിക്കാൻ കാരണഭൂതരായത്. തങ്ങൾക്കെതിരായ വാർത്തകളെ വ്യാജ വാർത്തയെന്ന ആരോപണം ഉന്നയിച്ച് കടന്നാക്രമിക്കുകയെന്നതാണ് ഇവരുടെ പൊതുരീതി. വ്യാജവാർത്തകൾ മാത്രം നൽകുകയും രാഷ്ട്രീയ എതിരാളികളെ വ്യക്തിഹത്യ നടത്തുകയും ചെയ്യുന്ന തരത്തിലേക്ക് ഭരണ-മാധ്യമാനുകൂലികൾ മാറ്റപ്പെട്ടു. ഇവർ നടത്തുന്ന ഇടപെടലുകൾ സാധാരണ മാധ്യമങ്ങളുടെയും പത്രപ്രവർത്തകരുടെയും സത്യസന്ധതയും ആർജ്ജവവും ചോദ്യം ചെയ്യുന്ന രീതിയിലാകുന്നതാണ് മാധ്യമരംഗം നേരിടുന്ന സമകാലിക ദുരന്തം.

മാധ്യമ സ്വാതന്ത്ര്യം പോലും നിഷേധിക്കുന്ന ഭരണകൂട നിലപാടിനെ എതിർത്തും ജനാധിപത്യത്തിലെ നാലാം തൂണെന്ന ചരിത്രപരമായ ഉത്തരവാദിത്വം നിറവേറ്റുകയും ചെയ്യുകയെന്ന കടമയ്ക്ക് പകരം സർക്കാരിന് അനുകൂലമായ എഡിറ്റോറിയൽ അജണ്ടയും വാർത്താ പ്രചരണവും ഏതാനും ചില മാധ്യമങ്ങളും മാധ്യമ പ്രവർത്തകരും നിഷ്പക്ഷമെന്ന് തോന്നിപ്പിക്കുന്ന രീതിയിൽ സെറ്റ് ചെയ്യുന്നുണ്ടെന്നുള്ളത് ഇന്ന് സജീവ ചർച്ചാവിഷയമാണ്. ഒരേ തൊഴിലിടത്തിലുള്ളവർ അപഹസിക്കപ്പെടുകയും കള്ളക്കേസുകളിൽ കുടുക്കപ്പെടുകയും ചെയ്താലും ഭരണപക്ഷത്തിനുവേണ്ടി ക്യാപ്സ്യൂൾ ജേർണലിസം നിർവ്വഹിക്കുന്ന ചിലർ സ്വന്തം തൊഴിൽ മേഖലയിലും സൈബറിടങ്ങളിലും ഇടപെട്ട് മഹനീയമായ ഈ തൊഴിൽ മേഖലയുടെ തിളക്കം കെടുത്തിയിട്ടുണ്ട്. സ്വതവെ നിഷ്പക്ഷരെന്ന് തോന്നിപ്പിക്കുന്നതും എന്നാൽ രഹസ്യമായി പാർട്ടി കേഡറുകളെ പോലെ പ്രവർത്തിക്കുകയും ചെയ്യുന്ന ചില പ്രമുഖർ പോലും ഇക്കൂട്ടത്തിലുണ്ട്. ഇവരാണ് ഒളിഞ്ഞും തെളിഞ്ഞും അജണ്ടകൾ സെറ്റ് ചെയ്യുന്നത്. മാധ്യമ പ്രവർത്തകരുടെയും ആ മേഖലയുടെയും വിശ്വാസ്യതയെയുമാണ് ഇവർ ഇല്ലാതാക്കുന്നത്. ഇന്ത്യയിലെ പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ അനാവരണം ചെയ്യപ്പെടുന്ന ദൃശ്യ-ശ്രവ്യ, നവ മാധ്യമ സൈബർ ഇടപെടലുകൾ ഇത്തരം പ്രവർത്തനങ്ങളുടെ ജീർണ്ണത വെളിവാക്കുന്നതാണ്.

സത്യസന്ധമായി മാധ്യമ പ്രവർത്തനം നടത്തിയ നിസ്വാർത്ഥരായ നിരവധി മഹാരഥന്മാരുടെ ജീവിതം മാർഗ്ഗദർശകമായി നമുക്ക് മുന്നിലുണ്ട്. ജനാധിപത്യത്തെ ശക്തിപ്പെടുത്താനുള്ള ഉൽപ്രേരകമായും ഭരണകൂടങ്ങളെയും ഭരണാധികാരികളെയും തെറ്റിൽ നിന്നും ശരിയിലേക്ക് നയിച്ച് സത്യസന്ധ മാധ്യമ പ്രവർത്തനം നടത്തുന്നവരെ ഈ നാടിന് എക്കാലവും ആവശ്യമുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളും അതിന് നേതൃത്വം നൽകുന്നവരുമൊന്നും വിചാരിച്ചാൽ നിർഭയവും സ്വതന്ത്രവുമായ മാധ്യമ പ്രവർത്തനത്തെയും മാധ്യമ പ്രവർത്തകരെയും ഇരുട്ടിൽ തള്ളാനാവില്ലായെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ അത്തരം കുത്സിതപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നവർ മനസ്സിലാക്കണം. സ്വദേശാഭിമാനിയുടെ നാട്ടിൽ സത്യസന്ധതയും നീതിബോധവും ധാർമ്മികതയുമുള്ള പത്രപ്രവർത്തനത്തിന് മാത്രമേ നിലനിൽപ്പുണ്ടാവുകയുള്ളു എന്നത് അടിസ്ഥാന തത്വവും അതിലൂന്നിയുള്ള മാധ്യമധർമ്മം ദിശാസൂചികയുമാകണം.



# കാലാവസ്ഥാ വ്യതിയാനവും പ്രത്യാഘാതങ്ങളും

**ചിറ്റയം ഗോപകുമാർ**
**ഡെപ്യൂട്ടി സ്പീക്കർ**

*''ജൂണിലെ നിലാമഴയിൽ*
*നാണമായ് നനഞ്ഞവളേ*
*ഒരു ലോലമാം*
*നറുതുള്ളിയായ്''*

ഗിരീഷ് പുത്തഞ്ചേരിയുടെ പ്രണയാർദ്രമായ ഈ പാട്ടു മൂളാത്ത മലയാളികളുണ്ടാകില്ല. അറിവോരത്തിന്റെ ജൂൺ ലക്കമാണല്ലോ ഇത് എന്നോർത്തപ്പോഴാണ് ഈ വരികൾ മനസ്സിലേക്ക് വന്നത്. മലയാളിയുടെ ജീവിതത്തിലെ സവിശേഷമായ മാസമാണ് ജൂൺ. ഒരു വേനലവധിക്കാലം കഴിഞ്ഞ് വിദ്യാലയങ്ങൾ തുറക്കുന്നു. പുതിയ പാദങ്ങളെ വിദ്യാലയ മുറ്റങ്ങൾ വരവേൽക്കുന്നു. വരണ്ടുണങ്ങിയ മണ്ണും പ്രകൃതിയും ജീവന്റെ തുടിപ്പിലേക്ക് മടങ്ങിവരുന്നു. പൊടിമണ്ണിൽ പൂക്കൾ വിതറി പുതുമഴ എത്തുന്നു. ഞാനീ എഴുതുന്നത് പ്രകൃതിയും കാലാവസ്ഥയും സ്വസ്ഥമായിരുന്ന ഒരു കാലത്തെ കുറിച്ചാണ്. ഇന്ന് അത് അങ്ങനെയല്ലെന്ന് നമുക്ക് നന്നായറിയാം. മറ്റൊരു പരിസ്ഥിതി ദിനം കൂടി ഈ ജൂണിൽ ആഘോഷിക്കപ്പെടുമ്പോൾ ചില ചിന്തകൾ അനിവാര്യമായി മാറുന്നു.

ഇത്തവണ നമ്മൾ പിന്നിട്ടു പോന്നത് വല്ലാത്ത ഒരു വേനലിനെയാണ്. അക്ഷരാർഥത്തിൽ കത്തിയെരിയുന്ന പകലുകളും അത്യുഷ്ണത്തിന്റെ രാവുകളുമാണ് കടന്നുപോയത്. സൂര്യാഘാതം കാരണമുള്ള മരണങ്ങൾ കേരളത്തിൽ യാഥാർഥ്യമായി എന്ന അമ്പരപ്പിൽ നിന്നും ഞെട്ടലിൽനിന്നും നമ്മൾ മുക്തരായിട്ടില്ല. മൂന്നാഴ്ചയ്ക്കിടെ പാലക്കാട്ടും മാഹിയിലും ഇടുക്കിയിലുമായി മൂന്നുപേരുടെ ജീവനാണ് സൂര്യനെടുത്തത്. ''മറ്റുള്ളവർക്കായി സ്വയം കത്തിയെരിയുന്ന സുസ്നേഹ മൂർത്തിയായ സൂര്യന്റെ'' കാൽപ്പനിക ഭാവമല്ല നമ്മൾ കണ്ടത്. മേയ് 26 വെള്ളിയാഴ്ച സംസ്ഥാനത്തെ വോട്ടെടുപ്പ് ദിനത്തിൽ പത്തുപേർ വിവിധ ജില്ലകളിലായി കുഴഞ്ഞുവീണ് മരിക്കാനിടയായി. അത്യുഷ്ണവും അതേല്പിക്കുന്ന ശാരീരിക അവശതകളും കൂടി കാരണമായിരുന്നു ഈ മരണങ്ങൾ എന്നത് നമ്മളെ ഭയപ്പെടുത്തുന്നു. മനുഷ്യർ മാത്രമല്ല, മൃഗങ്ങൾ കൂടിയും കൊടുംതാപത്തിന്റെയും അതിന്റെ ശാരീരിക പ്രത്യാഘാതത്തിന്റെയും ഇരകളായി മാറുന്നു. പത്തനാപുരം പുന്നല കടശ്ശേരി വനത്തിൽ ചരിഞ്ഞ കാട്ടാനയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പത്തു ദിവസമായി ആന വെള്ളം കുടിച്ചിട്ടില്ലെന്നാണ് വെളിപ്പെട്ടത്.

നമ്മൾ നേരിടുന്ന കാലാവസ്ഥാ വ്യതിയാനം സാമൂഹിക സാമ്പത്തിക മേഖലകളിലുണ്ടാക്കിയ പ്രതിസന്ധി ബഹുമുഖമാണ്. വികസനം, പരിസ്ഥിതി എന്നിവ സംബന്ധിച്ച് പുതിയ ബോധ്യങ്ങളും ഉൾക്കാഴ്ചകളും ആവശ്യപ്പെടുന്നതാണ് കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ വേനലും വർഷവും. കനത്ത ചൂടിൽ സംസ്ഥാനത്ത് പാലുൽപാദനം കാര്യമായി കുറഞ്ഞു. ദിവസേനയുള്ള ഉൽപാദനം ശരാശരി 2.15 ലക്ഷം ലിറ്റർ കുറഞ്ഞു. കഴിഞ്ഞ വർഷം മാർച്ചിനെ അപേക്ഷിച്ചാണ് ഈ ഇടിവ്. 2023 മാർച്ചിൽ 19.21 ലക്ഷം ലിറ്ററായിരുന്നു ശരാശരി പ്രതിദിന ഉൽപാദനം. കഴിഞ്ഞ മാർച്ചിൽ അത് 17.06 ലക്ഷം ലിറ്ററായി കുറഞ്ഞെന്ന് ക്ഷീരവികസന വകുപ്പിന്റെ കണക്ക് വ്യക്തമാക്കുന്നു. 2023 മാർച്ചിനെ അപേക്ഷിച്ച് ഇക്കുറി 19 ശതമാനം കുറവ് പാലാണ് അളന്നതെന്നാണ് മിൽമ പാൽ സംഭരണ വിഭാഗത്തിൽ നിന്നുള്ള കണക്ക് വ്യക്തമാക്കുന്നത്. കഴിഞ്ഞ 15 വർഷത്തെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ സംഭരണമാണ് സംഘങ്ങളിൽ നടക്കുന്നത്. പാൽ ലഭ്യതയിലെ കുറവ് കാരണം പല സംഘങ്ങളും പ്രതിസന്ധിയിലായി.



പരിധിയില്ലാത്തവിധം ചൂട് കൂടിയതോടെ തേയില ഉൽപാദനം അഞ്ചിലൊന്നായി കുറഞ്ഞു. സമീപകാലത്തായി വയനാട്ടിലെ താപനില 10 ഡിഗ്രിയാണ് വർധിച്ചത്. 26 ൽ നിന്ന് 36 ഡിഗ്രിയിലെത്തുന്ന സ്ഥിതിയുണ്ടായി. ഇതോടെ തേയിലച്ചെടികൾ വാടിക്കരിയുന്ന സ്ഥിതിയായി. വയനാട്ടിലെ തണുപ്പുള്ള കാലാവസ്ഥയായിരുന്നു തേയിലയ്ക്ക് നല്ല വിളവ് നൽകുന്നതിന്റെ പ്രധാന ഘടകം. ഒരേക്കറിൽ ശരാശരി 4000 തേയിലച്ചെടികളാണുണ്ടാവുക. മൂപ്പെത്തിയ തോട്ടങ്ങളിൽ നിന്ന് മാസം 800 കിലോഗ്രാം വരെ ഇല നുള്ളിയിരുന്നു. എന്നാൽ ഇത്തവണ 150 കിലോഗ്രാം പച്ചത്തേയിലയാണ് ലഭിച്ചത്.

ചൂടിന്റെ ആധിക്യത്തിൽ തീരക്കടലിൽനിന്ന് രക്ഷതേടി മീനുകൾ ഉൾക്കടലിലേക്ക് നീങ്ങിയതോടെ ബോട്ടുകൾക്കും വള്ളങ്ങൾക്കും ഇന്ധന ച്ചെലവിനുള്ള മീൻപോലും കിട്ടാതായി. തൊഴിലാളികൾക്ക് കൂലി കൊടുക്കാൻപോലും മീൻ ലഭിച്ചില്ല. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അയലയും മത്തിയുമാണ് സാധാരണ വഞ്ചിക്കാർക്ക് ലഭിച്ചിരുന്നത്. എന്നാൽ ഏപ്രിൽ അവസാനമായിട്ടും ഇവയുടെ ലഭ്യത ഏറെ കുറഞ്ഞു. ഇതോടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിലായി.

ഉഷ്ണതരംഗങ്ങൾ സമുദ്ര ജൈവവൈവിധ്യത്തിനും ആവാസ വ്യവസ്ഥയുടെ സ്ഥിരതയ്ക്കും ഗുരുതര ഭീഷണിയാണ് ഉയർത്തുന്നത്. ലക്ഷദ്വീപ് മേഖലയിലെ പവിഴപ്പുറ്റ് ആവാസവ്യവസ്ഥയുടെ ഏറിയപങ്കും ബ്ലീച്ചിങ്ങിന് വിധേയമായതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം നടത്തിയ പഠനത്തിൽ കണ്ടെത്തി. അമിതമായ താപസമ്മർദം കാരണം പവിഴപ്പുറ്റുകളിലെ സിംബയോട്ടിക് ആൽഗകൾ നശിക്കുന്നതാണ് ബ്ലീച്ചിങ്ങിന് കാരണം. കടലിലെ ഉഷ്ണതരംഗത്തെ തുടർന്ന് ലക്ഷദ്വീപിലെ പവിഴപ്പുറ്റുകൾ വൻതോതിൽ നശിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ഒരു പൊതുപ്രവർത്തകനായ ഞാൻ ഈ വിഷയത്തെക്കുറിച്ച് എഴുതുമ്പോൾ പരിസ്ഥിതിയും വികസനവും സംബന്ധിച്ച രാഷ്ട്രീയത്തിന്റെ തലത്തെക്കുറിച്ച് നിശബ്ദനായിരിക്കാനാവില്ല. പരിസ്ഥിതി നിയമങ്ങൾ ലംഘിച്ച ചരിത്രമുള്ള കോർപ്പറേറ്റ് ശക്തികൾ എത്ര ശക്തമായാണ് ഭരണവർഗ്ഗത്തെ സ്വാധീനിക്കുന്നത് എന്നത് തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. വ്യവസായത്തിലെ വൻകിടക്കാർ ദശലക്ഷക്കണക്കിന് രൂപ അജ്ഞാത സംഭാവനകളായി രാഷ്ട്രീയ പാർട്ടികൾക്ക് നൽകിയിട്ടുണ്ട്. തത്വദീക്ഷയില്ലാത്ത വ്യവസായ വികസനത്തിന്റെ മോഹവലയത്തിൽ ഭരണകൂടങ്ങൾ അനുവദിക്കുന്ന ഇളവുകളുടെ ഇര മിക്കപ്പോഴും പ്രകൃതിയും പരിസ്ഥിതിയും പ്രകൃതി വിഭവങ്ങളുമാണ് എന്നത് കാണാവുന്നതാണ്.

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ലോകം കാര്യമായി ശ്രദ്ധിച്ചുതുടങ്ങിയത് 1980 കൾ മുതലാണെന്ന് പറയാം. അന്നുമുതൽ അതിനെ നേരിടാൻ അന്താരാഷ്ട്ര സമൂഹം നടത്തുന്ന ശ്രമങ്ങളോട് വൻകിട സമ്പദ്ശക്തികൾ, പ്രത്യേകിച്ച് അമേരിക്ക മുഖംതിരിച്ചു നിൽക്കുകയാണ്. അന്തരീക്ഷത്തിലെ താപനില കൂടാൻ പ്രധാന കാരണമായത് ഹരിതഗൃഹ വാതകങ്ങളുടെ സാന്ദ്രത വർധിച്ചതാണ്. മനുഷ്യൻ വിചാരിച്ചാൽ ഹരിതഗൃഹ വാതകങ്ങളുടെ സാന്ദ്രത കുറയ്ക്കാൻ കഴിയുമെന്ന് വ്യക്തമായിട്ടും സാമ്പത്തിക താൽപ്പര്യം മാത്രം മുൻനിർത്തി കുത്തകലാഭം കുറയുമെന്ന ഭീതിയിൽ അതിനെ എല്ലാക്കാലത്തും എതിർക്കുകയാണ് അമേരിക്ക. കാലാവസ്ഥാ



വ്യതിയാനത്തെ ചെറുക്കാനുദ്ദേശിച്ചുള്ള ക്യോട്ടോ ഉടമ്പടിയിൽ നിന്ന് വിട്ടുനിന്ന് അമേരിക്ക അതിനെ പരാജയപ്പെടുത്തി. പാരീസ് ഉടമ്പടിയിൽ ഒപ്പുവച്ചെങ്കിലും അതിന്റെ അന്തഃസത്തയ്ക്കൊത്ത വിധമുള്ള നടപടികളിൽ നിന്ന് അമേരിക്ക വിട്ടുനിൽക്കുന്നു.

ലാഭക്കൊതിമാത്രം ലക്ഷ്യമിട്ടുള്ള അന്ധമായ വ്യവസായവൽക്കരണത്തിന്റെ ഫലമായി മനുഷ്യനാൽ സൃഷ്ടിക്കപ്പെട്ടതാണ് കാലാവസ്ഥാ വ്യതിയാനം. കാലാവസ്ഥാമാറ്റം രാജ്യാതിർത്തികൾക്ക് അപ്പുറത്തുള്ള ആഗോള അടിയന്തര പ്രശ്നമാണ്. അതു പരിഹരിക്കാൻ അന്താരാഷ്ട്ര സഹകരണം കൂടിയേ തീരൂ. അതിന് നേരെ മുഖംതിരിക്കുന്ന മുതലാളിത്ത രാഷ്ട്രങ്ങൾ ജനങ്ങളുടെ ജീവിതം ആഗോളതലത്തിൽ അനുദിനം ദുസ്സഹമാക്കുന്നു. ലാഭക്കൊതിയും അനിയന്ത്രിതമായ ചൂഷണവും മുഖമുദ്രയാക്കിയ പാശ്ചാത്യ മുതലാളിത്തക്രമവും തൊഴിലും സമൂഹവും സംബന്ധിച്ച സോഷ്യലിസ്റ്റ് കാഴ്ചപ്പാടും പ്രകൃതിയും പരിസ്ഥിതിയും സംബന്ധിച്ച ഗാന്ധിയൻ ദർശനങ്ങളും പ്രസക്തമാകുന്ന ഒരു വിഷയം കൂടിയാണിത്.

ശ്രദ്ധേയമായതും പ്രതീക്ഷാനിർഭരവുമായ ഒരു കാര്യം യുവതലമുറ ഇക്കാര്യത്തിൽ കരുതലോടെ കാര്യങ്ങളെ കാണുന്നു എന്നതാണ്. വോട്ടർമാരിൽ വലിയൊരു വിഭാഗം വരുന്ന യുവതലമുറയ്ക്ക് കാലാവസ്ഥാ പ്രശ്നം ഒരു പ്രധാന ആശങ്കയാണെന്ന് പാർട്ടികൾ മനസിലാക്കുന്നു. അതുകൊണ്ടുതന്നെയാണ് രാഷ്ട്രീയ കക്ഷികൾ അവരുടെ പ്രകടന പത്രികകളിൽ പരിസ്ഥിതി സംബന്ധിച്ച ചില ഉറപ്പുകൾക്ക് നിർബന്ധിതരായി തീർന്നത്. അധികാരത്തിലെത്തുമ്പോൾ ഇത് നടപ്പിലാക്കാൻ എത്രമാത്രം താൽപര്യം രാഷ്ട്രീയ പാർട്ടികൾ കാണിക്കും എന്നത് കാത്തിരുന്ന് കാണേണ്ടതുണ്ട്.

മറ്റ് ഏതൊരു ഇന്ത്യൻ സംസ്ഥാനത്തേക്കാളും പരിസ്ഥിതി സംരക്ഷണത്തിന് സഹായകമായ ഒരു തലത്തിലാണ് കേരളം ഉള്ളത് എന്നതും കാണേണ്ടതുണ്ട്. പ്രാദേശിക പൊതുവസ്തുക്കളുടെ നിർമ്മാണത്തിനും പരിപാലനത്തിനും പ്രാദേശിക

സർക്കാരുകൾ ഉത്തരവാദികളാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ സ്വാധീനം ചെലുത്തുന്ന തരത്തിൽ പ്രാദേശികതല ഭരണ വികേന്ദ്രീകരണം കേരളം നടപ്പാക്കിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിൽ പ്രധാനമായ ജലാശയങ്ങളുടെ പരിപാലനം, മലിനീകരണം ഒഴിവാക്കൽ, പ്രകൃതി വിഭവങ്ങളുടെ അമിതമായ പിൻവലിക്കൽ, ഖരമാലിന്യ നിർമ്മാർജ്ജനം എന്നിവയിൽ സജീവമായ ഇടപെടലുകൾ നടത്തുകയും തദ്ദേശ മലിനീകരണമുണ്ടാക്കുന്ന ഫാക്ടറികൾ സ്ഥാപിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന പഞ്ചായത്തുകളുണ്ട്; പ്രാദേശിക ജൈവവൈവിധ്യം സംരക്ഷിക്കാൻ ശ്രദ്ധേയമായ ശ്രമങ്ങൾ നടത്തിയ പഞ്ചായത്തുകളുണ്ട്; ചില പ്രദേശങ്ങളിലെങ്കിലും മലിനീകരണം കുറയ്ക്കുന്നതിന് പ്രാദേശിക സർക്കാരുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ എന്നിവയുടെ താരതമ്യേന വിജയകരമായ കൂട്ടായ പ്രവർത്തനങ്ങളും കാണാൻ കഴിയും. നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായി മാറ്റുന്നത് നിരോധിക്കുന്ന നിയമനിർമ്മാണം സംസ്ഥാനം നടപ്പാക്കിയിട്ടുണ്ട്. ജല മലിനീകരണം പ്രതിരോധിക്കുന്നതിലും നമുക്ക് അനുകൂലമായ ഘടകങ്ങളുണ്ട്. ദേശീയ തലത്തിൽ വ്യാവസായിക മലിനീകരണത്തിന്റെ തോതിലുണ്ടായ വളർച്ച കേരളത്തെ ബാധിച്ചിട്ടില്ല. കടകൾ, ഹോട്ടലുകൾ തുടങ്ങിയവയും വീടുകളും മറ്റ് സ്ഥാപനങ്ങളും ആണ് ജലം മലിനമാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത്.

രാജ്യത്തെ പല സംസ്ഥാനങ്ങളിലും കൃഷിയിൽ രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം ഒരു പ്രധാന പരിസ്ഥിതി പ്രശ്നമാണെങ്കിലും കേരളത്തിൽ അത് പല കാരണങ്ങളാൽ ഉയർന്നതല്ല. രാസവളങ്ങളുടെയും കീടനാശിനികളുടെയും ദൂഷ്യഫലങ്ങളെ കുറിച്ച് താരതമ്യേന മെച്ചപ്പെട്ട ഒരു അവബോധം നമുക്കുണ്ട് .

ഇന്ന് കേരളം നേരിടുന്ന മനുഷ്യ വന്യജീവി സംഘർഷത്തെയും പരിസ്ഥിതിയുമായി ബന്ധപ്പെടുത്തി പരിശോധിക്കേണ്ടതുണ്ട്. വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950 മുതൽ 1980 കളുടെ തുടക്കം വരെ ജൈവസമ്പന്നമായിരുന്ന സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിദേശ ഏകവിളത്തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിരുന്നു. അതിന്റെ ഫലമായി ഏതാണ്ട് 27,000 ത്തോളം ഹെക്ടർ വിദേശ ഏകവിളത്തോട്ടങ്ങളും 90,000 ത്തോളം ഹെക്ടർ തേക്കിൻ തോട്ടങ്ങളുമാണ് കേരളത്തിന്റെ വനഭൂമിയിൽ ഇപ്പോൾ നിലവിലുള്ളത്. കേരളത്തിന്റെ മണ്ണിന് അനുയോജ്യമല്ലാത്ത സസ്യങ്ങളുടെ കടന്നുകയറ്റം സ്വാഭാവിക വനങ്ങളുടെ ശോഷണത്തിന് കാരണമായിട്ടുണ്ട്. ഇതുമൂലം വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ശോഷണം സംഭവിക്കുകയും ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും ഭക്ഷണാവശ്യങ്ങൾക്കായി ആശ്രയിക്കാൻ വന്യമൃഗങ്ങൾ പ്രേരിതരാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്തു. ഇത് വന്യജീവി ശല്യത്തിന് ആക്കം കൂട്ടുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അധിനിവേശ സസ്യജാലങ്ങൾ കേരളത്തിന്റെ ആവാസവ്യവസ്ഥയ്ക്ക് ഗുരുതര കോട്ടം വരുത്തിയിട്ടുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇത്തരം അധിനിവേശ സസ്യജാലങ്ങളെ നിർമ്മാർജ്ജനം ചെയ്യേണ്ടത് അനിവാര്യമാണ്. പാരിസ്ഥിതിക, ജലസുരക്ഷ മുൻനിർത്തി പരിസ്ഥിതി പുനഃസ്ഥാപന പ്രക്രിയകൾ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

കാലാവസ്ഥാ വ്യതിയാനം മനുഷ്യസംസ്കാരത്തിന്റെയും വികസനത്തിന്റെയും ഒരു ഉപോൽപന്നമാണ്. നാം അഭിമാനപൂർവ്വം ഉദ്ഘോഷിക്കുന്ന മനുഷ്യപുരോഗതിയുടെ ഭാഗമായ ഒന്ന്. കാലാവസ്ഥാ വ്യതിയാനം എന്ന ദുരന്തത്തെ നേരിടാൻ എന്തൊക്കെ ചെയ്യാനാവുമെന്ന് ചിന്തിക്കാനും വ്യക്തമായ കാഴ്ചപ്പാടോടെ ഒരു പ്രവർത്തനപരിപാടിക്ക് രൂപം നൽകാനുമുള്ള ഉത്തരവാദിത്വം ഓരോ വ്യക്തിയും സമൂഹം ഒന്നാകെയും ഏറ്റെടുക്കേണ്ടതുണ്ട്. അത് അന്താരാഷ്ട്ര സമ്മേളനവേദികളിൽ രൂപപ്പെടുന്ന കടലാസുകളിലോ പ്രഖ്യാപനങ്ങളിലോ ഒതുങ്ങിപ്പോകരുത്. ഇച്ഛാശക്തിയോടെ അത്തരം ഇടപെടലുകൾ നടത്തുന്നവരെയും സംസാരിക്കുന്നവരെയും വികസന വിരോധികളായി മുദ്രകുത്തുന്നത് ഭരണകൂടഭീകരതയാണ്.

പ്രകൃതിയെയും ഭൂമിയെയും സംരക്ഷിക്കാനുള്ള പോരാട്ടങ്ങൾ ഇതിനായി നിയോഗിക്കപ്പെട്ട 'ഒരു കൂട്ടരുടെ' ചുമതലയായി വേർതിരിക്കേണ്ടതല്ല. രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയനുകളും ബഹുജന പ്രസ്ഥാനങ്ങളും മത സാമുദായിക സംഘടനകളും ഒരു ദൗത്യമായി അത് ഏറ്റെടുക്കണം.

ഉയർന്നുവരുന്ന ഒരു തിരമാലക്ക് മുന്നിൽ, അല്പസമയത്തെ ഒരു മഴപ്പെയ്ത്തിൽ, ഒരു ഉഷ്ണതരംഗത്തിൽ, ഒരു വൈറസ് ബാധയിൽ നമ്മൾ അവസാനിച്ചുപോകും. നമ്മൾ ഇന്നോളം കെട്ടിപ്പൊക്കിയ വികസനത്തിന്റെ എല്ലാ നേട്ടങ്ങളും ധാർഷ്ട്യവും ഒരു ചെറു കുമിള പോലെ ഉടഞ്ഞുപോകും.

എയർകണ്ടീഷണറുകൾ ദേഹത്ത് ഘടിപ്പിച്ച് ബഹിരാകാശ സഞ്ചാരത്തിന്റെ ഉടയാടകളുമായി ജീവിക്കുന്ന ഒരു ഭാവിയാണോ വരും തലമുറയ്ക്കുവേണ്ടി ഒരുക്കിവയ്ക്കേണ്ടത്?



# ഗ്രന്ഥശാലയ്ക്ക് പുതിയ കെട്ടിടം

**വി. കെ. പ്രശാന്ത്, വട്ടിയൂർക്കാവ്**



എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 23.26 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കുടപ്പനക്കുന്ന് ക്യാപ്റ്റൻ വി. പി. തമ്പി സ്മാരക ഗ്രന്ഥശാല കെട്ടിടത്തിന്റെ ഒന്നാം നില വട്ടിയൂർക്കാവ് എം.എൽ.എ. വി.കെ. പ്രശാന്ത് ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ എം.എസ്. കസ്തൂരി അധ്യക്ഷത വഹിച്ചു.

കൗൺസിലർ എസ്. ജയചന്ദ്രൻ നായർ, സംഘാടക സമിതി അംഗങ്ങൾ, ലൈബ്രറി പ്രസിഡന്റ്, സെക്രട്ടറി, റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ സ്ഥലത്തെ പ്രമുഖ വ്യക്തികൾ തുടങ്ങിയവർ പങ്കെടുത്തു.

# വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ വാർഡും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും

**ഡി. കെ. മുരളി, വാമനപുരം**



വാമനപുരം മണ്ഡലത്തിലെ വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് ആറു കോടി ഇരുപത് ലക്ഷം രൂപ ചെലവഴിച്ച് ആധുനിക രീതിയിൽ നിർമ്മിച്ച പുതിയ വാർഡും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നാടിന് സമർപ്പിച്ചു. ചടങ്ങിൽ വാമനപുരം എം.എൽ.എ ഡി. കെ. മുരളി അധ്യക്ഷത വഹിച്ചു. കെട്ടിടത്തിൽ ഫർണിച്ചറിനും മറ്റ് ഉപകരണങ്ങൾക്കുമായി 70 ലക്ഷം രൂപയാണ് വാമനപുരം ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ചത്. മൂന്ന് നിലകളിലായി 19,960 ചതുരശ്ര അടി വിസ്തീർണത്തിലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ആശുപത്രി അങ്കണത്തിൽ നടന്ന ചടങ്ങിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ, ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യ പ്രവർത്തകർ, പൊതുപ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ ഐസൊലേഷൻ വാർഡ്

**സെബാസ്റ്റ്യൻ കുളത്തുങ്കൽ, പൂഞ്ഞാർ**




സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. യുടെ ആസ്തി വികസനഫണ്ടിൽ നിന്ന് 1 കോടി 30 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിച്ച ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് ഓൺലൈനായി നടന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഇതോടനുബന്ധിച്ചു നടന്ന സമ്മേളനം സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. ഉദ്ഘാടനം ചെയ്യുകയും ശിലാഫലകത്തിന്റെ അനാച്ഛാദന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. മുനിസിപ്പൽ ചെയർപേഴ്സൺ അധ്യക്ഷത വഹിച്ച യോഗത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർ, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

പത്ത് ഐ.സി.യു കിടക്കകൾ, രോഗിക്ക് ഓക്സിജൻ ലഭ്യമാക്കാനുള്ള ഉപകരണങ്ങൾ, രോഗിയുടെ ആരോഗ്യ നിലവാരം നിരന്തരം നിരീക്ഷിക്കാനുള്ള മോണിറ്ററുകൾ എന്നിവ ഐസൊലേഷൻ വാർഡിൽ സജ്ജീകരിച്ചിട്ടുണ്ട്.

# പുനർനിർമ്മിച്ച മ്ലാക്കര പാലം ഉദ്ഘാടനം ചെയ്തു



കൂട്ടിക്കലിൽ 2021 ൽ ഉണ്ടായ പ്രളയത്തിൽ തകർന്ന മ്ലാക്കര പാലം സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 60 ലക്ഷം രൂപ ചെലവഴിച്ച് പുനർനിർമ്മിച്ചു. മ്ലാക്കര പാലം തകർന്നതോടുകൂടി മ്ലാക്കര, മൂപ്പൻമല, ഇളംകാട് ടോപ്പ് എന്നീ പ്രദേശങ്ങളിലെ ഇരുന്നൂറ്റിയമ്പതിലധികം കുടുംബങ്ങൾ ഒറ്റപ്പെട്ടുപോയിരുന്നു. പ്രദേശത്തേക്ക് ഉണ്ടായിരുന്ന മുപ്പതോളം ബസ് സർവീസുകൾ നിലച്ചത് മൂലം ജനങ്ങൾ വലിയ ദുരിതത്തിലായിരുന്നു. പാലം യാഥാർത്ഥ്യമായതോടുകൂടി രണ്ടു വർഷത്തിലധികമായി ജനങ്ങൾ അനുഭവിച്ചു വന്നിരുന്ന ദുരിതങ്ങൾക്ക് അറുതിയായി. പാലത്തിന്റെ ഉദ്ഘാടനം കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. നിർവഹിച്ചു. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് അംഗം എന്നിവർ ചേർന്ന് പാലം പണി ഏറ്റെടുത്ത് പൂർത്തിയാക്കിയ കരാറുകാരനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ആദരിച്ചു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ജ്യോതിഷ് റിപ്പോർട്ട് അവതരിപ്പിച്ചു. കൂടാതെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

സ്പീക്കറുടെ പൊതു പരിപാടികൾ

# പ്രവാസികൾക്കൊപ്പം മേയ് ദിനം ആഘോഷിച്ച് സ്പീക്കർ




പ്രവാസികൾക്ക് സ്വന്തം നാട് പെറ്റമ്മയും ഗൾഫ് രാജ്യങ്ങൾ പോറ്റമ്മയുമാണെന്ന് സ്പീക്കർ എ. എൻ. ഷംസീർ. ബഹ്റിൻ അസ്കർ ലേബർ ക്യാമ്പിൽ സംഘടിപ്പിച്ച മേയ് ദിനാഘോഷങ്ങളിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലങ്ങോളമിങ്ങോളമുള്ള നിരവധി സഹോദരങ്ങളെ കാണാനും അവരോടൊപ്പം സമയം ചെലവഴിക്കാനും കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ടെന്നും സ്പീക്കർ പറഞ്ഞു. വിവിധ വിനോദ പരിപാടികളും മേയ് ദിനത്തോടനുബന്ധിച്ച് ഒരുക്കിയിരുന്നു. പ്രമോദ് നാരായൺ എം.എൽ.എ. യും പരിപാടിയിൽ പങ്കെടുത്തു.

ഇതരസഭാ വാർത്തകൾ

# നിയമവിരുദ്ധ ചികിത്സാ രീതികൾക്കെതിരെ ബിൽ അവതരിപ്പിച്ച് അസം നിയമസഭ

സംസ്ഥാനത്ത് നിയമവിരുദ്ധ ചികിത്സാ രീതികൾ തടയുന്നതിനായുള്ള ബിൽ നിയമസഭയിൽ അവതരിപ്പിച്ച് അസം സർക്കാർ. അസം ഹീലിംഗ് (പ്രിവൻഷൻ ഓഫ് ഈവിൾ) പ്രാക്ടീസ് ബിൽ 2024 അസം നിയമസഭയിൽ മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മയ്ക്ക് വേണ്ടി പാർലമെന്ററികാര്യ വകുപ്പ് മന്ത്രി പിജൂഷ് ഹസാരികയാണ് അവതരിപ്പിച്ചത്.

അശാസ്ത്രീയ ചികിത്സാ രീതികൾ ഒഴിവാക്കുക, അജ്ഞതയുടെയും അനാരോഗ്യത്തിന്റെയും അടിസ്ഥാനത്തിലുള്ള ഹാനികരങ്ങളായ സമ്പ്രദായങ്ങളിൽ നിന്ന് പൊതുജനാരോഗ്യം സംരക്ഷിക്കുക, സാമൂഹിക ഉണർവ് പ്രോത്സാഹിപ്പിക്കുക, സുരക്ഷിതവും ശാസ്ത്രാധിഷ്ഠിതവുമായ അന്തരീക്ഷം പരിപോഷിപ്പിക്കുക എന്നിവയൊക്കെയാണ് നിർദ്ദിഷ്ട നിയമനിർമ്മാണം കൊണ്ട് ഉദ്ദേശിക്കുന്നത്. മനുഷ്യത്വരഹിതമോ തിന്മയോ മാന്ത്രികമോ ആയ ചികിത്സാ രീതികൾ തടയുന്നതിനുള്ള വിവിധ വകുപ്പുകളും തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ തടയുന്നതിനുള്ള വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുന്നു. കൂടാതെ ഇത്തരം കേസുകൾ കൈകാര്യം ചെയ്യാൻ വിജിലൻസ് ഓഫീസർമാരായി പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുവാനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

# പൗരത്വ നിയമം നടപ്പാക്കി കേന്ദ്ര സർക്കാർ

ഇന്ത്യയിൽ പൗരത്വ ഭേദഗതി നിയമം നടപ്പാക്കി കേന്ദ്ര സർക്കാർ. മതാടിസ്ഥാനത്തിൽ പൗരത്വം അനുവദിക്കുന്നതിനുള്ള നിയമ ഭേദഗതി 2019 ൽ പാർലമെന്റ് പാസാക്കിയെങ്കിലും 2024 മാർച്ച് 11 നാണ് വിജ്ഞാപനം ചെയ്തത്. പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽ നിന്നുള്ള ഇസ്ലാം ഒഴികെ ആറു മതങ്ങളിൽപ്പെട്ടവർക്കാണ് സി.എ.എ. പ്രകാരം ഇന്ത്യൻ പൗരത്വം നൽകുന്നത്. ഇന്ത്യൻ പൗരത്വത്തിന് അർഹരായവരുടെ അപേക്ഷ സ്വീകരിക്കാൻ ജില്ലാ പോസ്റ്റൽ സൂപ്രണ്ട് ചെയർമാനായി ജില്ലാതല കമ്മിറ്റിയേയും പൗരത്വം നൽകുന്നതിന് മുന്നോടിയായി അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കാൻ സംസ്ഥാനതലത്തിൽ സെൻസസ് ഡയറക്ടർ അധ്യക്ഷനായ സമിതിയേയും നിയോഗിച്ചു. ഇവരുടെ ശിപാർശ പ്രകാരം കേന്ദ്ര സെൻസസ് (ഓപ്പറേഷൻസ്) ഡയറക്ടറുടെ നേതൃത്വത്തിലുള്ള എംപവേർഡ് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷമാണ് പൗരത്വം അനുവദിക്കുന്നത്. 2024 മെയ് 15 ന് ആദ്യഘട്ടമായി മുന്നൂറിലധികം പേർക്ക് പൗരത്വം നൽകി. അതിൽ പതിനാല് പേർക്ക് രാജ്യ തലസ്ഥാനത്ത് നടന്ന ചടങ്ങിൽ ആഭ്യന്തര മന്ത്രാലയം നേരിട്ട് പൗരത്വ സർട്ടിഫിക്കറ്റുകൾ കൈമാറി.

## കേരള ഫിഷറീസ് - സമുദ്രപഠന സർവ്വകലാശാല സെനറ്റിലേക്ക് സാമാജികർ



*ഇ. ടി. ടൈസൺ മാസ്റ്റർ*



*കെ. എൻ. ഉണ്ണിക്കൃഷ്ണൻ*



*ശാന്തകുമാരി കെ.*

കേരള ഫിഷറീസ് – സമുദ്രപഠന സർവ്വകലാശാല സെനറ്റിലേക്ക് നിയമസഭാംഗങ്ങളിൽ നിന്ന് മൂന്ന് പേരെ തെരഞ്ഞെടുത്തു. പൊതു വിഭാഗത്തിൽ സാമാജികരായ ഇ. ടി. ടൈസൺ മാസ്റ്റർ, കെ. എൻ. ഉണ്ണിക്കൃഷ്ണൻ എന്നിവരെയും ശാന്തകുമാരി കെ. യെ സംവരണ വിഭാഗത്തിലേക്കുമാണ് തെരഞ്ഞെടുത്തത്.

## കെ. ബാബുവിന് എം.എൽ.എ. സ്ഥാനത്ത് തുടരാം

തൃപ്പൂണിത്തുറ എം.എൽ.എ. കെ. ബാബുവിന്റെ തിരഞ്ഞെടുപ്പ് വിജയം ചോദ്യം ചെയ്ത് എതിർ സ്ഥാനാർത്ഥി എം. സ്വരാജ് സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. വോട്ട് തേടുന്നതിനായി ശബരിമല അയ്യപ്പന്റെ ചിത്രം പതിച്ച സ്ലിപ്പുകൾ വിതരണം ചെയ്തുവെന്നും ഇത് ജനപ്രാതിനിധ്യ നിയമത്തിന്റെ ലംഘനമാണെന്നും ചൂണ്ടിക്കാട്ടിയാണ് ഹർജി സമർപ്പിച്ചത്. തിരഞ്ഞെടുപ്പ് പ്രചാരണത്തിന് മതചിഹ്നം ഉപയോഗിച്ചത് പരിശോധിക്കേണ്ട വിഷയമാണെന്നും ഇത് ജനപ്രാതിനിധ്യ നിയമത്തിലെ വകുപ്പ് 123(3) പ്രകാരം തെറ്റാണെന്നും കോടതി നേരത്തെ കണ്ടെത്തിയിരുന്നു. എന്നാൽ അയ്യപ്പന്റെ ചിത്രം പതിച്ച സ്ലിപ്പിൽ പ്രിന്ററുടെയോ, പബ്ലിഷറുടെയോ പേര് ഉണ്ടായിരുന്നില്ല എന്നും സ്ലിപ്പ് വിതരണം ചെയ്തത് ബാബുവോ ബാബുവിന് വേണ്ടിയോ ആണെന്ന് തെളിയിക്കാൻ കഴിഞ്ഞില്ലെന്നും വിലയിരുത്തിയാണ് ഹൈക്കോടതി ഹർജി തള്ളിയത്.



*കെ. ബാബു*

## കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 2024 ജൂൺ 10 ന് ആരംഭിക്കും. 2024 ജൂലൈ 25 വരെ നീണ്ടുനിൽക്കുന്ന പതിനൊന്നാം സമ്മേളനത്തിൽ ആകെ 28 സിറ്റിംഗുകളാണ് നിശ്ചയിച്ചിട്ടുള്ളത്. 2024–2025 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളുടെ ചർച്ചകൾക്കും വോട്ടെടുപ്പിനുമായി 13 ദിവസങ്ങൾ മാറ്റിവച്ചിട്ടുണ്ട്. 2024–2025 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ആദ്യബാച്ച് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ജൂലൈ 9 ന് മേശപ്പുറത്ത് വയ്ക്കുന്നതിനും അവയുടെ ചർച്ചയും വോട്ടെടുപ്പും ജൂലൈ 17 ന് നടത്തുന്നതിനുമാണ് നിശ്ചയിച്ചിട്ടുള്ളത്. ബജറ്റ്, ഉപധനാഭ്യർത്ഥനകൾ എന്നിവ സംബന്ധിച്ച ധനവിനിയോഗ ബില്ലുകൾ യഥാക്രമം ജൂലൈ 10, 18 തീയതികളിൽ സഭയിൽ അവതരിപ്പിച്ച് പാസാക്കുന്നതാണ്. സമ്മേളന കലണ്ടറിൽ പന്ത്രണ്ട് ദിവസം ഗവൺമെന്റ് കാര്യങ്ങൾക്കായും അഞ്ചു ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായും നീക്കിവച്ചിട്ടുണ്ട്.

## മെഡൽ തിളക്കത്തിൽ എം. ജെ. ജേക്കബ്ബ്



ഫിലിപ്പൈൻസിലെ ന്യൂക്ലാർക്ക് സിറ്റി സ്റ്റേഡിയത്തിൽ നടന്ന 22 ാമത് ഏഷ്യൻ മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മത്സരിച്ച നാല് ഇനങ്ങളിലും മെഡൽ കരസ്ഥമാക്കി മുൻ നിയമസഭാംഗം എം.ജെ.ജേക്കബ്ബ്. എൺപത് വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ വിഭാഗത്തിൽ 2000 മീറ്റർ സ്റ്റീപ്പിൾ ചേസ്, 80 മീറ്റർ ഹർഡിൽസ് ഇനങ്ങളിൽ സ്വർണ്ണവും, ലോങ് ജമ്പ്, ട്രിപ്പിൾ ജമ്പ് എന്നിവയിൽ വെള്ളിയുമാണ് നേടിയത്. ഇതോടെ 2024 ൽ സ്വീഡനിൽ നടക്കുന്ന ലോക മാസ്റ്റേഴ്സ് മീറ്റിൽ പങ്കെടുക്കുവാൻ അർഹത നേടുകയും ചെയ്തു. വിവിധ രാജ്യങ്ങളിൽ നടന്ന ലോക മാസ്റ്റേഴ്സ് മീറ്റുകളിലും ഏഷ്യൻ മാസ്റ്റേഴ്സ് ചാമ്പ്യൻഷിപ്പുകളിലും ഇന്ത്യയെ പ്രതിനിധാനം ചെയ്ത് മെഡലുകൾ നേടിയിട്ടുണ്ട്. പന്ത്രണ്ടാം കേരള നിയമസഭയിൽ പിറവം മണ്ഡലത്തിൽ നിന്നും സാമാജികനായ അദ്ദേഹം മൂന്ന് തവണ തിരുമാറാടി പഞ്ചായത്ത് പ്രസിഡന്റായും, കാക്കൂർ സഹകരണ ബാങ്ക് പ്രസിഡന്റ്, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് ഉപാധ്യക്ഷൻ, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

# അരവിന്ദ് കെജ്‌രിവാളിന് ഇടക്കാല ജാമ്യം



*അരവിന്ദ് കെജ്‌രിവാൾ*

ഡൽഹി മദ്യനയവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ അറസ്റ്റിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് 2024 ജൂൺ ഒന്ന് വരെ സുപ്രീം കോടതി ഇടക്കാലജാമ്യം അനുവദിച്ചു. ലോക്‌സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി 2024 ജൂൺ ഒന്ന് വരെയാണ് സുപ്രീം കോടതി ജാമ്യം അനുവദിച്ചത്. ലോക്‌സഭാ തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം വരെ ജാമ്യം നീട്ടണമെന്ന കെജ്‌രിവാളിന്റെ ആവശ്യം കോടതി തള്ളി.

ഇന്ത്യൻ റവന്യൂ സർവ്വീസിലെ മുൻ ഉദ്യോഗസ്ഥനും ആം ആദ്മി പാർട്ടി സ്ഥാപക നേതാവും ഡൽഹി മുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്‌രിവാളിനെ 2024 മാർച്ച് 21 നാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തത്. മദ്യ വിൽപന പൂർണ്ണമായി സ്വകാര്യ മേഖലയ്ക്ക് വിട്ടു കൊടുത്തു, മദ്യ വിൽപനയ്ക്ക് ലൈസൻസ് നൽകിയതിൽ കോടികളുടെ അഴിമതി നടത്തി തുടങ്ങിയ ആരോപണങ്ങളാണ് അരവിന്ദ് കെജ്‌രിവാളിനെതിരെ ഉയർന്നത്.

2021 നവംബർ 17 ന് പ്രാബല്യത്തിൽ വന്ന ഡൽഹി സർക്കാരിന്റെ മദ്യനയത്തിൽ കോടികളുടെ അഴിമതിയാണ് നടന്നതെന്ന് കാണിച്ച് 2022 ജൂലൈ എട്ടിന് ചീഫ് സെക്രട്ടറി നരേഷ് കുമാർ ഡൽഹി ലഫ്. ഗവർണ്ണർ വി. കെ. സക്സേനക്ക് റിപ്പോർട്ട് നൽകി. ലഫ്.ഗവർണ്ണർ സി.ബി.ഐ. അന്വേഷണം പ്രഖ്യാപിച്ചതോടെ വിവാദ മദ്യനയം പിൻവലിച്ചു. 2022 ആഗസ്റ്റ് 17 ന് ഡൽഹി മുൻ മുഖ്യമന്ത്രി മനീഷ് സിസോദിയ അടക്കം പതിനഞ്ച് പേർക്കെതിരെ സി.ബി.ഐ.യും ഇ.ഡി.യും കേസെടുക്കുകയും 2023 മാർച്ച് ഒൻപതിന് ഇ.ഡി അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. 2023 ഏപ്രിൽ 16 ന് അരവിന്ദ് കെജ്‌രിവാളിനെ ഇ.ഡി. ചോദ്യം ചെയ്തു. 2023 ഒക്ടോബർ മുതൽ കെജ്‌രിവാളിന് ഇ.ഡി ഒൻപത് സമൻസുകൾ അയച്ചിരുന്നെങ്കിലും അദ്ദേഹം സമൻസ് കൈപ്പറ്റാത്തതിനെ തുടർന്ന് 2024 മാർച്ച് 21 ന് അറസ്റ്റ് ചെയ്യുകയായിരുന്നു. അറസ്റ്റിനെ ചോദ്യം ചെയ്തും ലോക്‌സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കാളിയാകാനും ഇടക്കാല ജാമ്യം അനുവദിക്കണമെന്നാവശ്യപ്പെട്ട് കെജ്‌രിവാൾ സുപ്രീം കോടതിയെ സമീപിച്ചിരുന്നു. തുടർന്ന് 2024 മേയ് 10 ന് വിവിധ ഉപാധികളോടെയാണ് ഇരുപത്തിയൊന്ന് ദിവസത്തെ ഇടക്കാല ജാമ്യം സുപ്രീം കോടതി അനുവദിച്ചത്.

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ വിരമിച്ചു

അറിവോരം എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായിരുന്ന എസ്. അനിൽ, ഡി. ഡി. ഗോഡ്ഫ്രീ എന്നിവർ സർവ്വീസിൽ നിന്ന് വിരമിച്ചു. നിയമസഭാ സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറിയായിരുന്ന എസ്. അനിൽ 1996 ജൂലൈയിലാണ് നിയമസഭാ സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിച്ചത്. മെഡിക്കൽ വിദ്യാഭാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കായാണ് സർക്കാർ സേവനമാരംഭിച്ചത്. നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ സമിതി വിഭാഗങ്ങൾ, ചോദ്യവിഭാഗം, ടേബിൾ വിഭാഗം തുടങ്ങിയവയുടെ ചുമതല വഹിച്ചിട്ടുണ്ട്. അറിവോരത്തിന്റെ പ്രസിദ്ധീകരണ ചുമതലയുള്ള വിവര വിഭവ വികസന വിഭാഗത്തിന്റെ ജോയിന്റ് സെക്രട്ടറിയായും കെ-ലാംപ്സ് പാർലമെന്ററി സ്റ്റഡീസ് വിഭാഗം ഫാക്കൽറ്റിയായും പ്രവർത്തിച്ചു. ദീർഘകാലം മന്ത്രിമാരുടെയും സാമാജികരുടെയും പേഴ്സണൽ സ്റ്റാഫ് അംഗമായിരുന്ന അദ്ദേഹം 2024 ഫെബ്രുവരിയിലാണ് സർവ്വീസിൽ നിന്ന് വിരമിച്ചത്. ഭാര്യയും മകളും മകനുമടങ്ങുന്നതാണ് കുടുംബം.

നിയമസഭാ സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറിയായിരുന്ന ഡി. ഡി. ഗോഡ്ഫ്രീ 2024 മേയ് മാസം വിരമിച്ചു. 1996 ലാണ് നിയമസഭാ സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിച്ചത്. പഞ്ചായത്ത് സർവ്വീസിൽ എൽ.ഡി.ക്ലാർക്കായാണ് സർക്കാർ സേവനമാരംഭിച്ചത്. നിയമസഭയിലെ വിവിധ സമിതി വിഭാഗങ്ങൾ, അക്കൗണ്ട്സ്, സർവ്വീസസ്, ടേബിൾ, കെ-ലാംപ്സ് (മീഡിയ),



*എസ്. അനിൽ*



*ഡി. ഡി. ഗോഡ്ഫ്രീ*

നിയമസഭാ പ്രിന്റിംഗ് പ്രസ് തുടങ്ങിയ വിഭാഗങ്ങളുടെ ചുമതല വഹിച്ചിട്ടുള്ള അദ്ദേഹം കെ-ലാംപ്സ് പാർലമെന്ററി സ്റ്റഡീസിന്റെ ഗവേർണിംഗ് ബോഡി അംഗമായും ഫാക്കൽറ്റിയായും സേവനമനുഷ്ഠിച്ചു. അധ്യാപികയായ ഭാര്യയും മകനും അടങ്ങുന്നതാണ് കുടുംബം.

# നിയമസഭാ ജീവനക്കാർക്ക് മാനസികാരോഗ്യ സംരക്ഷണ ബോധവൽക്കരണ ക്ലാസ്സ്



കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പി. എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ, നിയമസഭാ ജീവനക്കാർക്കായി 'Mental Health Literacy & Mental Health Care' എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സ് 2024 മാർച്ച് 27 ന് നിയമസഭാ സമുച്ചയത്തിലെ 5 E കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. മാനസികമായ ആരോഗ്യം പരിപാലിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ആമുഖമായി സംസാരിച്ച നിയമസഭാ സെക്രട്ടറി-ഇൻ -ചാർജ്ജ് ഷാജി സി. ബേബി ജീവനക്കാരെ പരിപാടിയിലേക്ക് സ്വാഗതം ചെയ്തു. മാനസികാരോഗ്യം, വിവിധ ആരോഗ്യ പ്രശ്നങ്ങൾ, രോഗനിർണ്ണയം, ഫലപ്രദമായ പ്രതിവിധികൾ എന്നിവ സംബന്ധിച്ച് നിയമസഭാ സെക്രട്ടേറിയറ്റിലെ മാനസികാരോഗ്യ ക്ലിനിക്കിലെ ക്ലിനിക്കൽ സൈക്കോജിസ്റ്റ് മേഴ്സി ജോയി സെബാസ്റ്റ്യൻ ക്ലാസ്സ് നയിച്ചു. മാനസിക രോഗങ്ങൾ ഇല്ലാത്ത അവസ്ഥയല്ല, ഓരോ വ്യക്തിക്കും അവനവന്റെ കഴിവുകളും പരിമിതികളും കണ്ടെത്തി കഴിവുകൾ സമൂഹത്തിന്റെ ഉന്നമനത്തിനായി ഉപയോഗിക്കുവാൻ കഴിയുന്ന അവസ്ഥയാണ് മാനസികാരോഗ്യമെന്നും കൃത്യമായ രോഗനിർണ്ണയത്തിലും ചികിത്സയിലും ശ്രദ്ധ പുലർത്തേണ്ടതിന്റെയും മാനസികാരോഗ്യ സാക്ഷരതയുടെ അനിവാര്യതയെയും സംബന്ധിച്ചും അവർ വിശദീകരിച്ചു. പരിപാടിയിൽ കെ-ലാംപ്സ് (പി.എസ്.) വിഭാഗം ഡെപ്യൂട്ടി സെക്രട്ടറി ബിന്ദു എസ്. എൽ. കൃതജ്ഞത രേഖപ്പെടുത്തി.

# 'How to Love Your Job'



കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ (പി. എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി തലം മുതൽ അഡീഷണൽ സെക്രട്ടറി തലം വരെയുള്ള ജീവനക്കാർക്കായി 'How to Love Your Job: Motivation & Experience Sharing' എന്ന വിഷയത്തിൽ പരിശീലന പരിപാടി 2024 ഏപ്രിൽ 16 ന് നിയമസഭാ സമുച്ചയത്തിലെ 5 E കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. സഭാസമ്മേളനവുമായി ബന്ധപ്പെട്ട അധിക ജോലി ചെയ്യേണ്ടിവരുന്ന നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് ഇത്തരം പരിശീലന പരിപാടികൾ ഗുണകരമായിരിക്കുമെന്ന് ചടങ്ങിൽ സ്വാഗതം ആശംസിച്ച് സംസാരിച്ച നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ് ഷാജി സി. ബേബി അഭിപ്രായപ്പെട്ടു.

സർക്കാർ ഉദ്യോഗസ്ഥർ സമൂഹത്തിലെ മറ്റു വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി ഉത്തരവാദിത്തപ്പെട്ട ജോലികൾ ചെയ്യുന്നതിന് കടപ്പെട്ടവരായതിനാൽ അവർക്ക് ജോലിയോട് ആത്മാർത്ഥതയും അർപ്പണബോധവും അത്യാവശ്യമാണെന്ന് റിട്ട. ഡി.ജി.പി. ഋഷിരാജ് സിംഗ് ഐ.പി.എസ് വിഷയാവതരണം നടത്തി സംസാരിച്ചു. ജീവനക്കാർക്ക് തൊഴിലിടങ്ങളിൽ നേരിടേണ്ടിവരുന്ന സമ്മർദ്ദങ്ങളെ അതിജീവിക്കുന്നതിന് പ്രാപ്തി നേടേണ്ടതുണ്ടെന്നും ഉദ്യോഗസ്ഥർ ചെയ്തു തീർക്കേണ്ടതായ ജോലി കൃത്യമായി നിർവ്വഹിച്ചാൽ മാത്രമേ കാര്യക്ഷമമായ സിവിൽ സർവ്വീസ് നിലനിൽക്കുകയുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മുപ്പത്തിയാറ് വർഷത്തെ ഔദ്യോഗിക ജീവിതത്തിൽ ഉണ്ടായ അനുഭവങ്ങളും സ്വായത്തമാക്കിയ അറിവുകളും ജീവനക്കാരുമായി അദ്ദേഹം പങ്കുവച്ചു.

അൻപത്തിമൂന്ന് ഉദ്യോഗസ്ഥർ പങ്കെടുത്ത പരിശീലന പരിപാടിയിൽ കെ-ലാംപ്സ് ഡയറക്ടർ ജി.പി. ഉണ്ണിക്കൃഷ്ണൻ കൃതജ്ഞത രേഖപ്പെടുത്തി.

# സൗമ്യനായ സഭാധ്യക്ഷൻ

കേരള കോൺഗ്രസ് നേതാവ്, പാർട്ടിക്കുള്ളിലെ വ്യക്തി അധിഷ്ഠിത നിലപാടുകൾക്കെതിരെ ശബ്ദമുയർത്തിയ മുന്നണി പോരാളി, മികച്ച സ്പീക്കർ, ഭരണാധികാരി, അഭിഭാഷകൻ തുടങ്ങി നിരവധി വിശേഷണങ്ങൾക്കുടമയാണ് നാലാം കേരള നിയമസഭയിലെ സഭാധ്യക്ഷൻ റ്റി. എസ്. ജോൺ. മധ്യതിരുവിതാംകൂറിലെ രാഷ്ട്രീയ മണ്ഡലത്തിൽ എഴുപതുകളിലും എൺപതുകളിലും നിറഞ്ഞുനിന്ന നേതാവായിരുന്നു അദ്ദേഹം. ഏറ്റവും പ്രായം കുറഞ്ഞ രണ്ടാമത്തെ സ്പീക്കറായും ചരിത്രം അദ്ദേഹത്തെ അടയാളപ്പെടുത്തി.

പത്തനംതിട്ട ജില്ലയിലെ കല്ലൂപ്പാറ തെക്കേമുറിയിൽ മത്തായിയുടെ മകനായി 1939 ഒക്ടോബർ 21 ന് കവിയൂരിലാണ് റ്റി. എസ്. ജോൺ ജനിച്ചത്. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് ബിരുദവും എറണാകുളം ലോ കോളേജിൽ നിന്ന് നിയമ ബിരുദവും നേടിയ അദ്ദേഹം കേരള ഹൈക്കോടതിയിൽ അഭിഭാഷകനായും പ്രവർത്തിച്ചിട്ടുണ്ട്. വിദ്യാഭ്യാസ പ്രവർത്തകനായും അദ്ദേഹം അറിയപ്പെട്ടു. വിദ്യാർഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തെത്തിയ റ്റി. എസ്. ജോൺ ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ കോളേജ് യൂണിയൻ പ്രവർത്തനങ്ങളിലും സജീവമായിരുന്നു. ജന്മദേശമായ കവിയൂരിൽ പഞ്ചായത്തംഗമായാണ് അദ്ദേഹം രാഷ്ട്രീയ ജീവിതം ആരംഭിക്കുന്നത്.



കല്ലൂപ്പാറ നിയോജകമണ്ഡലത്തിൽ നിന്ന് നാല്, അഞ്ച്, ഏഴ്, പത്ത് നിയമസഭകളിൽ കേരള കോൺഗ്രസിന്റെ പ്രതിനിധിയായി നാലുതവണ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ തിരുവല്ല മണ്ഡലത്തിന്റെ ഭാഗമാണ് കല്ലൂപ്പാറ. 1976 ഫെബ്രുവരി 17 മുതൽ 1977 മാർച്ച് 25 വരെ നാലാം കേരള നിയമസഭയുടെ കാലത്ത് മുപ്പത്തിയാറാം വയസ്സിൽ സ്പീക്കർ പദവിയിലെത്തിയ റ്റി. എസ്. ജോൺ. അഞ്ചാം കേരള നിയമസഭയുടെ കാലത്ത് എ. കെ. ആന്റണി മന്ത്രിസഭയിൽ 1978 ഒക്ടോബർ 19 മുതൽ 1978 ഒക്ടോബർ 27 വരെയും തുടർന്ന് വന്ന പി. കെ. വാസുദേവൻ നായർ മന്ത്രിസഭയിൽ 1978 ഒക്ടോബർ 29 മുതൽ 1979 ഒക്ടോബർ 7 വരെയും ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുമായിരുന്നു. ഇ. ജോൺ ജേക്കബിന്റെ അനുയായിയായി കേരള കോൺഗ്രസിൽ എത്തിയ റ്റി. എസ്. ജോൺ അദ്ദേഹത്തിന്റെ മരണത്തെത്തുടർന്നാണ് 1978 ൽ ഭക്ഷ്യ പൊതു വിതരണ വകുപ്പുമന്ത്രിയായത്. കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (1977-78) ചെയർമാൻ, കേരള കോൺഗ്രസ് (ജെ) വൈസ് ചെയർമാൻ, കേരള കോൺഗ്രസ് (എം) വൈസ് ചെയർമാൻ, ഉന്നതാധികാര സമിതി അംഗം, കേരള കോൺഗ്രസ് (സെക്കുലർ) ചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. 1980 ൽ ഇടുക്കി മണ്ഡലത്തിൽ നിന്ന് ലോക്സഭയിലേക്കും മത്സരിച്ചിട്ടുണ്ട്.

1976 ൽ മൊയ്തീൻകുട്ടി ഹാജിയുടെ രാജിയെത്തുടർന്നാണ് കേരള നിയമസഭയുടെ അധ്യക്ഷനായി റ്റി. എസ്. ജോൺ ചുമതലയേൽക്കുന്നത്. സി. അച്യുത മേനോൻ മുഖ്യമന്ത്രിയും ഇ.എം.എസ്. നമ്പൂതിരിപ്പാട് പ്രതിപക്ഷ നേതാവുമായിരുന്ന കാലത്താണ് റ്റി. എസ്. ജോൺ സഭാധ്യക്ഷ പദവി അലങ്കരിച്ചത്. പ്രായം കുറഞ്ഞ സ്പീക്കറായിരുന്നെങ്കിലും സഭയെ കാര്യക്ഷമമായി

നിയന്ത്രിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന നൈപുണ്യത്തെ മുതിർന്ന അംഗങ്ങൾ പോലും പ്രശംസിച്ചിട്ടുണ്ട്. സഭാനാഥനെന്ന നിലയിൽ നിയമസഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നതിലും സൗമ്യനായി സഭാ നടപടികൾ നടത്തിക്കൊണ്ട് പോകുന്നതിലും അദ്ദേഹത്തിനുണ്ടായിരുന്ന പാടവം മാതൃകാപരമായിരുന്നു.

ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയായിരിക്കെ മായം ചേർക്കലിനെതിരെ കൈക്കൊണ്ട കർശന നടപടികൾ ശ്രദ്ധേയമായിരുന്നു. ഭക്ഷ്യവസ്തുക്കളിലേത് പോലെതന്നെ ഇന്ധനങ്ങളിലെ മായം ചേർക്കലിനെതിരെയും ശക്തമായ നടപടി അദ്ദേഹം സ്വീകരിച്ചു. ഭക്ഷണശാലകളിൽ അമിത വില ഈടാക്കുന്നതിനെതിരെ നടപടിയെടുത്തു. ഭക്ഷ്യ പൊതുവിതരണ മേഖലയെ ശക്തിപ്പെടുത്തുവാനും വിലക്കയറ്റം തടയുവാനും കർമ്മ പരിപാടികൾക്ക് നേതൃത്വം നൽകി. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയായിരിക്കെ റ്റി. എസ്. ജോൺ ആരംഭിച്ച ന്യായവില സ്റ്റോറായ കേരള സ്റ്റോറിന്റെ മാതൃകയിലാണ് പിന്നീട് മാവേലി സ്റ്റോറുകൾ ആരംഭിച്ചത്.

കർഷകരുടെ, പ്രത്യേകിച്ച് മലയോര കർഷകരുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹാരം കാണുന്നതിൽ റ്റി.എസ്.ജോൺ വഹിച്ച പങ്ക് ശ്ലാഘനീയമാണ്. ഗൂഡല്ലൂരിലെ മലയാളികളായ കർഷകരെ കുടിയിറക്കുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമസഭയിൽ നടത്തിയ പോരാട്ടം ശ്രദ്ധേയമായിരുന്നു. 1999 ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി അംഗം എന്ന നിലയിലും അദ്ദേഹം പ്രാഗത്ഭ്യം തെളിയിച്ചു. 'മല്ലപ്പള്ളിയുടെ ശിൽപി' എന്നാണ് അദ്ദേഹം അറിയപ്പെട്ടത്. ആ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിലും ആ പ്രദേശത്തിന്റെ സമഗ്ര വികസനത്തിലും അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുലമാണ്.

നിയമസഭാ സ്പീക്കർ, മന്ത്രി, സാമാജികൻ എന്നീ നിലകളിൽ ജനങ്ങളോടൊപ്പം ജീവിക്കുകയും അവരുടെ ഹൃദയത്തിൽ ഇടം നേടുകയും ചെയ്ത ചുരുക്കം നേതാക്കളിൽ ഒരാളായിരുന്ന റ്റി. എസ്. ജോൺ 2016 ജൂൺ 9 ന് അന്തരിച്ചു. അദ്ദേഹത്തോടുള്ള ആദരസൂചകമായി 2016 ജൂൺ 27 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.

## വിജ്ഞാനപഥം

1. സാമ്പത്തികവും സാമൂഹികവുമായ പിന്നാക്കാവസ്ഥ അനുഭവിക്കുന്ന വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതി?

   **വിദ്യാകിരണം പദ്ധതി**

2. കേരളത്തിന്റെ ജലസമൃദ്ധിയും ശുചിത്വവും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം വർധിപ്പിക്കുക, കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള സർക്കാർ ആരംഭിച്ച ദൗത്യം?

   **ഹരിത കേരളം മിഷൻ**

3. കേരളത്തിലെ എല്ലാ ഭവനരഹിതർക്കും പാർപ്പിടം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി?

   **ലൈഫ് മിഷൻ**

4. സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് സമഗ്രമായ സേവനങ്ങൾ ലഭ്യമാക്കാൻ വിഭാവനം ചെയ്തുകൊണ്ടുള്ള പദ്ധതി?

   **ആർദ്രം മിഷൻ**

5. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കേരളം നടപ്പിലാക്കിയ പദ്ധതി?

   **അനുയാത്ര പദ്ധതി**

6. പഠനത്തോടൊപ്പം തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതി?

   **ഏൺ വൈൽ യൂ ലേൺ**

7. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ഭവന പദ്ധതി?

   **പുനർഗേഹം പദ്ധതി**

8. കേരളത്തിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച ദുരിതാശ്വാസ പദ്ധതി?

   **സ്നേഹ സാന്ത്വനം**

9. സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി-പട്ടിക വർഗ വിദ്യാർഥികളുടെ വീടിനോട് ചേർന്ന് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി?

   **പഠനമുറി പദ്ധതി**

10. കേരളത്തിന്റെ ഊർജ്ജമേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതി?

    **ഊർജ്ജ കേരള മിഷൻ**



*2024 ജനുവരി 26 ന് നിയമസഭാ സമുച്ചയത്തിലെ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത തിരുവനന്തപുരം കാർമൽ സ്കൂൾ ബാൻഡ് ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്ത ശേഷം സ്പീക്കർ എ. എൻ. ഷംസീർ സ്കൂൾ കുട്ടികൾക്കൊപ്പം*



*നിയമസഭാ ദിനാചരണത്തോടനുബന്ധിച്ച് 2024 ഏപ്രിൽ 27 ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിയമസഭാങ്കണത്തിൽ വാച്ച് ആൻഡ് വാർഡ് നൽകിയ ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുന്നു*

# കളി കണ്ടതും പിന്നെ കളത്തിലിറങ്ങി കളിച്ചതും

**സെബാസ്റ്റ്യൻ പോൾ, മുൻ എം.എൽ.എ**

തിരഞ്ഞെടുക്കപ്പെട്ട അംഗമാകുന്നതിനു മുമ്പ് നിയമസഭയിൽ 'അംഗ'മായിരിക്കാൻ അവസരം ലഭിച്ച ആളാണ് ഞാൻ. ഫോർത്ത് എസ്റ്റേറ്റ് എന്ന വിശേഷണത്തോടെ റിപ്പോർട്ടർമാർ എവ്വിധമാണോ ബ്രിട്ടീഷ് പാർലമെന്റിന്റെ ഭാഗമായിരിക്കുന്നത് അവ്വിധം നമ്മുടെ നിയമസഭയുടെ ഭാഗമാണ് റിപ്പോർട്ടർമാർ. സി. അച്യുതമേനോൻ മുഖ്യമന്ത്രിയും ഇ.എം.എസ്. നമ്പൂതിരിപ്പാട് പ്രതിപക്ഷ നേതാവും കെ. മൊയ്തീൻ കുട്ടി ഹാജി സ്പീക്കറും ആയിരുന്ന സഭയിലാണ് ഞാൻ റിപ്പോർട്ടറായെത്തിയത്. ഡോ. ആർ. പ്രസന്നൻ ആയിരുന്നു സെക്രട്ടറി എന്നുകൂടി പറയുമ്പോഴാണ് സഭയുടെ ചിത്രം പൂർണ്ണമാകുന്നത്. 1970 ൽ തുടങ്ങി അടിയന്തരാവസ്ഥയുടെ അന്ത്യം വരെ അസാധാരണമായി നീണ്ട ആ സഭയിൽ ഇന്ത്യൻ എക്സ്പ്രസിന്റെ റിപ്പോർട്ടറായി പ്രവർത്തിക്കാനാണ് എനിക്ക് അവസരം ലഭിച്ചത്.

സെക്രട്ടേറിയറ്റ് സമുച്ചയത്തിലാണ് അന്ന് നിയമസഭ പ്രവർത്തിച്ചിരുന്നത്. റിപ്പോർട്ടർമാരും അംഗങ്ങളും തമ്മിലുള്ള അകൽച്ച നന്നേ കുറവ്. റിപ്പോർട്ടർമാരുടെ ഇടത്തിൽ നിന്ന് പിൻനിരയിലുള്ള അംഗത്തെ തൊട്ടുവിളിക്കാവുന്ന അകലം മാത്രം. പതിവനുസരിച്ച് ഗാലറി എന്ന വാക്ക് ഉപയോഗിക്കാമെങ്കിൽ സഭാതലം പോലെ തന്നെ പ്രൗഢമായിരുന്നു റിപ്പോർട്ടർമാരുടെ ഗാലറി. കെ. ആർ. ചുമ്മാർ, കെ. വിജയരാഘവൻ, പി. സി. സുകുമാരൻ നായർ, കെ. സി. സെബാസ്റ്റ്യൻ, കെ. ജി. പരമേശ്വരൻ നായർ എന്നിങ്ങനെ പ്രഗത്ഭമതികളുടെ ഒരു നിരയാണ് റിപ്പോർട്ടേഴ്സ് ഗാലറിയിലുണ്ടായിരുന്നത്. കേരള കൗമുദിക്കുവേണ്ടി വിജയരാഘവൻ വിശദമായും മലയാള മനോരമയ്ക്കുവേണ്ടി ചുമ്മാർ ആറ്റിക്കുറുക്കിയും റിപ്പോർട്ട് ചെയ്തു. സവിശേഷമായ റിപ്പോർട്ടിങ് ശൈലിയായിരുന്നു ഇന്ത്യൻ എക്സ്പ്രസിന്റെ സ്പെഷ്യൽ കറസ്പോണ്ടന്റ് ആയിരുന്ന എസ്. കെ. അനന്തരാമൻേറത്. അദ്ദേഹത്തിൻെറ ശിക്ഷണം എനിക്ക് ഏറെ പ്രയോജനകരമായി. സ്മരണീയരായ സാമാജികരും ഉണ്ടായിരുന്നു. കൈനിറയെ പുസ്തകവുമായി ലൈബ്രറി പരിസരത്ത് കാണുമായിരുന്ന സി. ബി. സി. വാരിയരെ പ്രത്യേകം ഓർക്കുന്നു. വായിക്കുന്നയാൾ സഭയിൽ സംസാരിക്കുമ്പോൾ വായനയുടെ ഗുണം എല്ലാവർക്കും അനുഭവപ്പെട്ടിരുന്നു.

പ്രക്ഷുബ്ധമായ സഭയായിരുന്നു അന്നത്തേത് എന്ന് പ്രത്യേകം പറയേണ്ടതില്ല. അൺപാർലമെന്ററിയായ കലാപരിപാടികളും ധാരാളമായി നടന്നിരുന്നു. അച്യുതമേനോൻ മുഖ്യമന്ത്രിയും ഇ.എം.എസ്. പ്രതിപക്ഷനേതാവും ആയിരുന്നാൽ ഉണ്ടാകാവുന്ന അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. 1975 ഫെബ്രുവരി 25 അവിസ്മരണീയമായ ദിവസമായിരുന്നു. സഭ സമ്മേളിച്ചപ്പോൾ എന്തോ സംഭവിക്കാൻ പോകുന്നുവെന്ന പ്രതീതി ഞങ്ങൾ റിപ്പോർട്ടർമാർക്കുണ്ടായി. എവിടെയോ എന്തോ വലിഞ്ഞു മുറുകുന്നു.

കെ. കരുണാകരൻ ഉൾപ്പെടെ അഞ്ചു മന്ത്രിമാർക്കെതിരെ പ്രതിപക്ഷം അഴിമതി ആരോപണം ഉന്നയിച്ചു. മന്ത്രിമാർ രാജിവച്ച് അന്വേഷണം നേരിടണമെന്നായിരുന്നു ആവശ്യം. സർക്കാർ അതിനു വഴങ്ങാതായപ്പോൾ ഇ.എം.എസിൻെറ നേതൃത്വത്തിൽ പ്രതിപക്ഷ എം.എൽ.എ.മാർ സഭയ്ക്കകത്ത് സത്യാഗ്രഹം ആരംഭിച്ചു. പകലും രാത്രിയും കഴിഞ്ഞ് അടുത്ത ദിവസം സഭ സമ്മേളിച്ചപ്പോഴും സത്യാഗ്രഹം

## സെബാസ്റ്റ്യൻ പോൾ



എറണാകുളം മണ്ഡലത്തിൽ 1998 ജൂൺ 5 ന് നടന്ന ഉപതിരഞ്ഞെടുപ്പിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി വിജയിച്ച് പത്താം കേരള നിയമസഭയിൽ അംഗമായി. മൂന്നു തവണ ലോക്സഭാംഗമായിട്ടുണ്ട്. 1973 മുതൽ 1980 വരെ ഇന്ത്യൻ എക്സ്പ്രസ് ലേഖകനായിരുന്നു. പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയിൽ അംഗമായും വിവിധ ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഫാക്കൽറ്റി ആയും പ്രവർത്തിച്ചിട്ടുണ്ട്. 'ഫോർബിഡൻ സോൺസ്', 'ലോ', 'എഥിക്സ് ആന്റ് ദി മീഡിയ', 'നിയമം നിയമത്തിന്റെ വഴികൾ' എന്നിവ സെബാസ്റ്റ്യൻ പോളിന്റെ ഗ്രന്ഥങ്ങളാണ്. കോൺസ്റ്റിറ്റ്യൂഷണൽ ലോ യിൽ പി.എച്ച്.ഡി. യും നേടിയിട്ടുണ്ട്.

*എം.എൽ.എ. എന്ന നിലയിൽ എന്റെ ആദ്യദിനം പഴയ സഭാമന്ദിരത്തിലായിരുന്നു. അതൊരു വിടവാങ്ങൽ ചടങ്ങായിരുന്നു. മുതിർന്ന നേതാക്കൾ വൈകാരികതയോടെ സംസാരിച്ചു. അതിനുശേഷം അംഗങ്ങൾ സ്പീക്കറുടെ നേതൃത്വത്തിൽ ഘോഷയാത്രയായി പുതിയ മന്ദിരത്തിലേക്ക് യാത്രയായി. എം. വിജയകുമാർ ആയിരുന്നു സ്പീക്കർ. എൻെറ ആദ്യദിനം അങ്ങനെ രണ്ടിടത്തുമായി ചെലവഴിക്കേണ്ടിവന്നു.*




തുടർന്നു. മുപ്പതു മണിക്കൂർ പൂർത്തിയാക്കിയതിനു ശേഷമാണ് സത്യാഗ്രഹം അവസാനിച്ചത്. സ്പീക്കർ രാത്രി സഭയിലെത്തി സത്യാഗ്രഹികൾക്ക് ഉറങ്ങുന്നതിനും മറ്റും സൗകര്യം ചെയ്തുകൊടുത്തത് ഞാൻ ഓർക്കുന്നു. ഇ.എം.എസാകട്ടെ സ്വതസിദ്ധമായ രീതിയിൽ അത്താഴം കരുതേണ്ടതില്ല എന്ന് പരിചാരകന് നിർദ്ദേശം നൽകിയതിനുശേഷമാണ് സഭയിലെത്തിയത്.

കാലാവധി പൂർത്തിയാക്കാത്ത മന്ത്രിസഭകളുടെ ചരിത്രം മാത്രം പറയാനുണ്ടായിരുന്ന കേരളത്തിൽ നാലാം നിയമസഭ ചരിത്രം തിരുത്തി. 1975 ഒക്ടോബറിൽ അഞ്ചു വർഷം പൂർത്തിയാക്കിയ സഭ അടിയന്തരാവസ്ഥയെന്ന പ്രത്യേക സാഹചര്യത്തിൽ ഒന്നര വർഷം കൂടി തുടർന്നു. തിരുവനന്തപുരത്ത് നിന്ന് കൊച്ചിയിലേക്ക് സ്ഥലംമാറ്റപ്പെട്ടതിനെ തുടർന്ന് നിയമസഭയുമായുള്ള എൻെറ ബന്ധം അവസാനിച്ചു. മറ്റൊരു റോളിൽ തിരികെ എത്തുന്നതിനുവേണ്ടിയുള്ള വിച്ഛേദമായിരുന്നു അത്. ഇരുപത്തിമൂന്ന് വർഷങ്ങൾക്കു ശേഷം സാമാജികൻ എന്ന റോളിലാണ് ഞാൻ സഭയിൽ തിരിച്ചെത്തിയത്. എം.എൽ.എ. ആയിരുന്ന ജോർജ് ഈഡൻ ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നുണ്ടായ ഒഴിവ് നികത്തുന്നതിനുവേണ്ടിയാണ് 1998 ൽ എറണാകുളത്ത് ഉപതിരഞ്ഞെടുപ്പ് നടന്നത്. ലോക്സഭാ തിരഞ്ഞെടുപ്പിൽ ഈഡനോട് മുക്കാൽ ലക്ഷം വോട്ടിന് പരാജയപ്പെട്ട എന്നെത്തന്നെ നിയമസഭയിലേക്ക് സി.പി.എം. സ്വതന്ത്രസ്ഥാനാർത്ഥിയായി ഇറക്കി. എറണാകുളത്തിന് പ്രിയംകരനായിരുന്ന മുൻ മന്ത്രി എ. എൽ. ജേക്കബ്ബിന്റെ മകൻ ലിനോ ജേക്കബ്ബായിരുന്നു കോൺഗ്രസ് സ്ഥാനാർത്ഥി. ഇ. കെ. നായനാർ അധികാരത്തിൽ എത്തിയതിനുശേഷം നടക്കുന്ന ആറാമത്തെ ഉപതിരഞ്ഞെടുപ്പായിരുന്നു അത്. അഞ്ചിലും തോറ്റ യു.ഡി.എഫിന് സിറ്റിങ് സീറ്റ് നിലനിർത്തുകയെന്നത് അഭിമാനത്തിൻെറ പ്രശ്നമായിരുന്നു. പക്ഷേ ലിനോ പരാജയപ്പെട്ടു. 3,940 വോട്ടിന് ഞാൻ ജയിച്ചു. എറണാകുളം നിയമസഭാ മണ്ഡലത്തിൽ സാനു മാസ്റ്ററുടെ വിജയത്തിനുശേഷം എൽ.ഡി.എഫ്. കരസ്ഥമാക്കുന്ന വിജയമായിരുന്നു അത്.

എം.എൽ.എ. എന്ന നിലയിൽ എന്റെ ആദ്യദിനം പഴയ സഭാമന്ദിരത്തിലായിരുന്നു. അതൊരു വിടവാങ്ങൽ ചടങ്ങായിരുന്നു. മുതിർന്ന നേതാക്കൾ വൈകാരികതയോടെ സംസാരിച്ചു. അതിനുശേഷം അംഗങ്ങൾ സ്പീക്കറുടെ നേതൃത്വത്തിൽ ഘോഷയാത്രയായി പുതിയ മന്ദിരത്തിലേക്ക് യാത്രയായി. എം. വിജയകുമാർ ആയിരുന്നു സ്പീക്കർ. എൻെറ ആദ്യദിനം അങ്ങനെ രണ്ടിടത്തുമായി ചെലവഴിക്കേണ്ടിവന്നു.

ഇടതുപക്ഷത്തിന് അഞ്ച് സ്വതന്ത്ര അംഗങ്ങളാണുണ്ടായിരുന്നത്. എന്നെക്കൂടാതെ ലോനപ്പൻ നമ്പാടൻ, കടമ്മനിട്ട രാമകൃഷ്ണൻ, പി. ടി. കുഞ്ഞുമുഹമ്മദ്, എം.എ. തോമസ് എന്നിവരായിരുന്നു അവർ. പിൻനിരയിലായിരുന്നു ഞങ്ങളുടെ ഇരിപ്പിടം. അതൊരു ചിരി കോർണറായി മാറി. പഴയതിൽനിന്ന് വ്യത്യസ്തമായി പുതിയ മന്ദിരത്തിൽ സ്പീക്കറും പിൻബെഞ്ചും തമ്മിലുള്ള അകലം കൂടുതലാണ്. നമ്പാടൻ മാഷിൻെറ കഥ കേൾക്കാൻ പല അംഗങ്ങളും ഞങ്ങളുടെ അടുത്ത് വന്നിരിക്കുമായിരുന്നു. സഭയിൽ ഗൗരവമുള്ള കാര്യങ്ങൾ നടക്കുമ്പോൾ നിങ്ങൾക്കെങ്ങനെ തമാശ പറഞ്ഞ് ചിരിക്കാൻ കഴിയുന്നുവെന്ന് ഒരു ഹെഡ്മാസ്റ്ററുടെ ഗൗരവത്തോടെ ജി. സുധാകരൻ ഒരിക്കൽ ചോദിച്ചു.

സി.പി.എമ്മിൻെറ ഭാഗമാണെങ്കിലും സി.പി.എമ്മിൻെറ വിപ്പ് ഞങ്ങൾക്ക് ബാധകമായിരുന്നില്ല. പ്രസംഗിക്കുന്നതിന് ഞങ്ങൾക്ക് ഒരു മിനിറ്റ് വീതമാണ് ലഭിച്ചിരുന്നത്. സ്പീക്കറുടെ അനുവാദത്തോടെ



ഞങ്ങൾ അത് സമാഹരിച്ച് ഓരോരു ത്തരും അഞ്ചു മിനിറ്റു വീതം ഓരോ ദിവസവും മാറി മാറി സംസാരിക്കും. സ്പീക്കറുടെ ഇടപെടലും രേഖ യിൽ നിന്ന് നീക്കം ചെയ്യലും ഒക്കെ യായി നമ്പാടൻ മാഷ് സ്വന്തമായി സമയം കണ്ടെത്തുമായിരുന്നു. സഭാ നടപടികളിൽ സജീവമായി ഭാഗഭാക്കാകുന്നതിനും പ്രസംഗി ക്കുന്നതിനും താൽപര്യമുള്ളവർ സ്വതന്ത്രരായി സഭയിലേക്ക് വരരുത്. സമയവും ഇടപെടുന്നതിനുള്ള അവ സരവും വീതം വയ്ക്കുന്നത് പാർട്ടി അടിസ്ഥാനത്തിലാണ്.
എ.കെ. ആൻറണി പ്രതിപക്ഷ നേതാ വായിരുന്ന പത്താം നിയമസഭ പ്രശാ ന്തവും അതേസമയം പ്രക്ഷുബ്ധവു മായിരുന്നു. അമ്പും ഒളിയമ്പുമായി മുന്നേറുന്ന നായനാർക്ക് പ്രതിപക്ഷ ത്തെ നേരിടുന്നതിൽ പ്രത്യേക വൈ ഭവം ഉണ്ടായിരുന്നു. തൻെറ ജനപിന്തു ണയ്ക്ക് തെളിവായി പല സന്ദർഭങ്ങ ളിലും അദ്ദേഹം എന്നെ പേരെടുത്തു പറഞ്ഞ് പരാമർശിക്കുമായിരുന്നു.

സബോർഡിനേറ്റ് ലെജിസ്ലേ ഷൻ സംബന്ധിച്ച സമിതിയിലാണ് സ്പീക്കർ എന്നെ ഉൾപ്പെടുത്തിയത്. കെ. പ്രകാശ് ബാബുവായിരുന്നു ചെയർമാൻ. കേരള വിദ്യാഭ്യാസ ചട്ട ങ്ങളുടെ സമഗ്രമായ പരിശോധന ഞങ്ങൾ നടത്തി. ഹൈക്കോടതിയിൽ കെ.ഇ.ആർ. സംബന്ധമായ കേസു കൾ നടത്തുന്നതിന് ആ പഠനം എനിക്ക് സഹായകമായി. സിക്കിം, അസം, മേഘാലയ തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഞങ്ങൾ ഉല്ലാസ പ്രദമായ പഠനപര്യടനം നടത്തി. കാഞ്ചൻജംഗയുടെ ദർശനവിശുദ്ധി യിലേക്ക് കണ്ണു തുറന്ന തണുത്തു റഞ്ഞ ഹിമാലയൻ പ്രഭാതത്തിൻെറ അനുഭൂതി ഇപ്പോഴും നിലനിൽ ക്കുന്നു. മധ്യപ്രദേശിലെ ജാബുവ യിൽ കന്യാസ്ത്രീകൾ ആക്രമിക്ക പ്പെട്ടപ്പോൾ എം. എ. ബേബിയുടെ നേതൃത്വത്തിൽ പാർട്ടി അയച്ച എം.പി. മാരുടെ സംഘത്തിൽ എം. എൽ.എ. ആയ ഞാനും ഉണ്ടായി രുന്നു.

എം.എൽ.എ. ആയിട്ടും എം. എൽ.എ. ഹോസ്റ്റലിൽ താമസി ക്കാൻ അവസരം കിട്ടിയില്ലെന്ന ഖേദം അവശേഷിക്കുന്നു. ഞങ്ങൾ കുറേ പേർക്ക് ഗസ്റ്റ് ഹൗസിലായി രുന്നു താമസം. രാവിലെ സഭാ മന്ദി രത്തിലേക്കുള്ള ബസ് യാത്രയിൽ കെ. നാരായണക്കുറുപ്പായിരുന്നു താരം.

ലോകായുക്ത നിയമമായിരുന്നു പത്താം നിയമസഭയുടെ ശ്രദ്ധേയ മായ സംഭാവനകളിലൊന്ന്. നിയമ മന്ത്രി ഇ. ചന്ദ്രശേഖരൻ നായർ അവതരിപ്പിച്ച ബിൽ വിശദമായ ചർച്ചയ്ക്കു ശേഷമാണ് സഭ അംഗീ കരിച്ചത്. ആരാധനയ്ക്ക് വീണ്ടും ഉപയോഗിക്കുന്ന പള്ളികളെ ആരാ ധനാലയങ്ങളുടെ പട്ടികയിൽ നിന്ന് നീക്കാനുള്ള ഡൽഹി സർക്കാരിന്റെ നീക്കത്തിനെതിരെ ഞാൻ അവതരി പ്പിച്ച പ്രമേയം വിശദമായ ചർച്ചയ്ക്ക് വിഷയമായി. ഞാൻ പ്രകടിപ്പിച്ച വികാരത്തോട് യോജിച്ചുകൊണ്ട് റോസമ്മ ചാക്കോയും ജോസ് ബേബിയും മോൻസ് ജോസഫും സി. എഫ്. തോമസും ജോണി നെല്ലൂരും സംസാരിച്ചപ്പോൾ സെഹി യോൻ മാളികയിലെ അവസാനത്തെ അത്താഴത്തിൻെറ സ്മൃതികൾ ഉണ രുകയും സഭാതലം അൾത്താരയായി മാറുകയും ചെയ്തുവെന്ന് മനോരമ യിലെ നടുത്തളത്തിൽ രാമചന്ദ്രൻ എഴുതി. പ്രമേയം സഭ ഏകകണ്ഠ മായി അംഗീകരിച്ചു.

പത്താം നിയമസഭയുടെ അവ സാന ദിവസം 2001 മാർച്ച് എട്ടിന് പ്രതിപക്ഷത്തിൻെറ അസാന്നിധ്യം സൃഷ്ടിച്ച നിശ്ശബ്ദതയിൽ നടന്നു. ഒഴിഞ്ഞു കിടന്ന പ്രതിപക്ഷ ബെഞ്ചു കളെ നോക്കിയാണ് മുഖ്യമന്ത്രിയും സ്പീക്കറും സംസാരിച്ചത്. സഭയിൽ പ്രതിപക്ഷത്തിൻെറ സാന്നിധ്യം അനിവാര്യമാണെങ്കിലും പ്രതിപക്ഷ ത്തിൻെറ അസാന്നിധ്യം പലപ്പോഴും ഉണ്ടാകാറുണ്ട്. പ്രതിപക്ഷത്തിൻെറ അസാന്നിധ്യത്തിൽ സഭ ആളും അന ക്കവുമില്ലാത്ത പ്രേതഭവനമാകും. നിയമസഭയിൽ ഒരു വട്ടംകൂടി എത്തു ന്നതിന് പിന്നീട് മൂന്നു വട്ടം ശ്രമി ച്ചെങ്കിലും കഴിഞ്ഞില്ല എന്നുകൂടി പറഞ്ഞുകൊള്ളട്ടെ. മുൻ സാമാജി കൻ എന്ന നിലയിൽ നിയമസഭയു ടെ ഡയറിയും സർക്കാർ കലണ്ടറും വർഷാരംഭത്തിൽ കിട്ടുമ്പോൾ രാജ്യം വിട്ടുകൊടുത്തതിന് പകരമായി പഞ്ചാംഗം പതിവായി എത്തിക്കണ മെന്നാവശ്യപ്പെട്ട ഞങ്ങളുടെ കൊച്ചി രാജാവിൻെറ ചാരിതാർത്ഥ്യം ഞാനും അനുഭവിക്കുന്നു. ആയി രുന്നു എന്നതിനു ലഭിക്കുന്ന അംഗീ കാരം ആയിരിക്കുന്നതിനേക്കാൾ ചിലപ്പോൾ ചാരിതാർത്ഥ്യത്തിനു കാരണമാകും.

# കുടിയൊഴിപ്പിക്കലിന്റെ പേരിൽ ജനങ്ങളെ കഷ്ടപ്പെടുത്തരുത് : തോപ്പിൽ ഭാസി

*തിരു-കൊച്ചി നിയമനിർമ്മാണ സഭയിൽ 1955 മാർച്ച് 29 ന് കുടിയൊഴിപ്പിക്കൽ നിരോധന ബിൽ അവതരണ വേളയിൽ പങ്കെടുത്ത് സംസാരിച്ച നിയമസഭാംഗം തോപ്പിൽ ഭാസിയുടെ പ്രസംഗത്തിൽ നിന്ന്.*

***2024 തോപ്പിൽ ഭാസിയുടെ ജന്മശതാബ്ദി വർഷമാണ്.***

“സർ, കഴിഞ്ഞ ദിവസം ഞാൻ ഈ ബില്ലിനെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ രാജ്യത്താകെ നടത്തിക്കൊണ്ടിരിക്കുന്ന ഒഴിപ്പിക്കലുകളുടെ ഭീകരതയെപ്പറ്റി പറയുകയുണ്ടായി. ഞാൻ അന്നു ചില വസ്തുതകൾ നിരത്തി വച്ചതിൽ ഒരെണ്ണം തിരുത്താൻ ആദ്യമായി ആഗ്രഹിക്കുന്നു. പാലമേൽ ഒരു പുര പൊളിച്ച് കളയുന്നതിനുവേണ്ടി അവിടുത്തെ ചില കോൺഗ്രസ്സ് പ്രമാണികൾ ഒരു റോഡ് വെട്ടു തുടങ്ങിയിട്ടുള്ളതിനെ അവിടുത്തെ കർഷകത്തൊഴിലാളി യൂണിയൻ എതിർത്തതിന്റെ ഫലമായി പുര അവിടെത്തന്നെ നിൽക്കുന്നു എന്നാണ് അന്ന് ഞാൻ പറഞ്ഞത്. എന്റെ പ്രസംഗത്തിന്റെ പത്രറിപ്പോർട്ട് വന്നതിനുശേഷം മിനിഞ്ഞാന്ന് ആ പുര കത്തിച്ചുകളഞ്ഞു എന്നാണ് അറിവ് കിട്ടിയിരിക്കുന്നത്. ഒരു തിരുത്ത് എന്നുള്ള നിലയിൽ ആദ്യമായി ഞാൻ ഇതു പ്രസ്താവിക്കുകയാണ്. അന്ന് ഞാൻ സംസാരിച്ചശേഷം നമ്മുടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന അനീതിപരമായ കുടിയിറക്കലുകളെപ്പറ്റി വളരെ അധികം കത്തുകൾ എനിക്ക് കിട്ടിയിട്ടുണ്ട്. അതിന്റെ എല്ലാം ഒരു പട്ടിക ഇവിടെ നിരത്തി വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കോൺഗ്രസ്സ് പാർട്ടിയിൽ തന്നെയുള്ള, മണ്ണിനോട് അല്പമെങ്കിലും ബന്ധമുള്ള ആളുകൾ ഇതിനെപ്പറ്റി സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. മാർക്കോസ് കുടിയിറക്കിന്റെ ഭീകരതയെപ്പറ്റി കോൺഗ്രസ്സ് പാർട്ടിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ പ്രതിപാദിച്ചു. എനിക്കു കിട്ടിയ വിവരങ്ങളിൽ പ്രധാനപ്പെട്ട ഒന്നുരണ്ടെണ്ണം ഇവിടെ എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ചേർത്തല മുഹമ്മയിലുള്ള ഒരു വസ്തു ഉടമസ്ഥനും

## തോപ്പിൽ ഭാസ്ക്കരൻ പിള്ള
## (തോപ്പിൽ ഭാസി)



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രമുഖ നേതാക്കന്മാരിലൊളായിരുന്ന തോപ്പിൽ ഭാസി മാവേലിക്കര താലൂക്കിലെ വള്ളികുന്നത്ത് 1924 ഏപ്രിൽ 8 ന് ജനിച്ചു. വൈദ്യകലാനിധി ബിരുദം നേടിയ അദ്ദേഹം നാടകകൃത്ത്, നാടക കലാകാരൻ, ചലച്ചിത്ര സംവിധായകൻ എന്നീ നിലകളിൽ പ്രശസ്തനാണ്. തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്ന തോപ്പിൽഭാസി ഒന്നാം കേരള നിയമസഭയിൽ പത്തനംതിട്ട നിയോജക മണ്ഡലത്തിൽ നിന്ന് സി.പി.ഐ. (എം) പ്രതിനിധിയായും നിയമസഭയിലെത്തി. 1992 ഡിസംബർ 8 ന് അന്തരിച്ച അദ്ദേഹത്തിന് കേരള നിയമസഭ 1993 ഫെബ്രുവരി 4 ന് ചരമോപചാരം അർപ്പിച്ചു.

അദ്ദേഹത്തിന്റെ മകനും കൂടി 90 വയസ്സ് പ്രായമുള്ള ഒരു അമ്മയേയും അവരുടെ മകളേയും കുടിയിറക്കുന്നതിന് ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ പുര വച്ചുകൊടുത്ത കർഷകത്തൊഴിലാളി യൂണിയനിൽപ്പെട്ട നാൽപതോളം പേരെ ചേർത്ത് ഒരു കള്ളക്കേസ് ചമച്ചിരിക്കുകയാണ്. കോരിക്കുടിക്കുന്ന വെള്ളം ചീത്തയാക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. സ്വാതന്ത്ര്യത്തെപ്പറ്റി പറയുന്ന ഇക്കാലത്ത് മറ്റൊരുദാഹരണം എനിക്ക് പത്തനംതിട്ടയിൽ നിന്നും കിട്ടിയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ ആറാം കൊല്ലത്ത് വന്നിരിക്കുന്ന ഈ ഉദാഹരണം വളരെ നന്നായിരിക്കുന്നു. ചെന്നറ തോട്ടം സൂപ്രണ്ടായ ഒരു സായിപ്പ് കല്ലാറിന്റെ തീരത്ത് താമസിക്കുന്ന വളരെ പഴക്കമുള്ള വളരെയധികം കുടികിടപ്പുകാരെ പത്തനംതിട്ട പോലീസിന്റെ-കോൺഗ്രസ്സ് പോലീസിന്റെ- സഹായത്തോടെ ഇറക്കിവിടുകയുണ്ടായി. ഇടയ്ക്കാട്ടു നിന്നും കൂടുതൽ വിവരങ്ങൾ എനിക്ക് കിട്ടിയിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിലെ ചർച്ചാവേളയിൽ വളരെ സജീവമായി കണ്ട ഒരു കാര്യമായിരുന്നു അത്. അവിടെ പോലീസ് നടത്തിയ മൃഗീയമായ വേട്ടയെപ്പറ്റി എല്ലാവർക്കും അറിവുള്ളതാണ്. ജോർജ്ജ് എന്നുപറയുന്ന ഒരു വസ്തു ഉടമസ്ഥൻ കുത്തക പ്പാട്ടത്തിനപേക്ഷിച്ചു. അദ്ദേഹം അപേക്ഷിച്ച അവസരത്തിൽ ആ അപേക്ഷിച്ച സ്ഥലത്ത് ഭൂമിയില്ലാത്ത കുറേ കർഷകത്തൊഴിലാളികൾ കുടിൽകെട്ടി കിടക്കുകയായിരുന്നു. ശ്രീ. കരുണാകരൻ ഭൂമിയുള്ളവർ ചോദിച്ചാൽ ഭൂമി കൊടുക്കുമോ എന്ന് ചോദിച്ചതിന് ഇല്ലെന്നുള്ള അഭിപ്രായമാണ് ഗവൺമെന്റ് ഭാഗത്തുനിന്നും വന്നത്. അഭിപ്രായം ഒന്നും നടപടി മറ്റൊന്നുമായിട്ടാണ് കാണുന്നത്. കുത്തകപ്പാട്ടത്തിനപേക്ഷിച്ചത് ജനുവരി 12 ാം തീയതിയാണ്. അതിനുമുമ്പു തന്നെ ഇതേ ജോർജ്ജിന്റെ കയ്യിൽ നിന്നും ഒരു പെറ്റീഷൻ വാങ്ങിച്ചുകൊണ്ട്, ചവറ പോലീസ് ഇൻസ്പെക്ടർ ഋഷികേശൻ നായരും പാർട്ടിയും അവിടെ പോയി പുര പൊളിച്ചുകളഞ്ഞു. പുരയ്ക്ക് തീവച്ചശേഷമാണ് കുത്തകപാട്ടത്തിന് ആ സ്ഥലം ജോർജ്ജിന് കിട്ടിയത്. ജനുവരി രണ്ടാം തീയതിയാണ് മുടിയിത്തറ ഭാസ്ക്കരനേയും മറ്റും മർദ്ദിക്കുകയുണ്ടായത്.

ഈ അടുത്ത കാലത്ത് തിരുവനന്തപുരത്ത് ഒരു വൈദികൻ കുടിയിറക്ക് നടത്തിയതായിട്ട് ഇവിടെത്തന്നെ ശ്രീ.തരകൻ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്. ഈ മാതിരി കുടിയിറക്കുകൾ നടത്തിയിട്ടുള്ളവയെപ്പറ്റി കൂടുതൽ ഈ സഭയിൽ വിവരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എനിക്കു കിട്ടിയ ചില വിവരങ്ങൾ സഭയുടെ ദൃഷ്ടിയിൽപ്പെടുത്തുകയായിരുന്നു.

സർ, ഇനി കാര്യങ്ങൾ എല്ലാം, സഭയുടെ ദൃഷ്ടിയിൽ വളരെ വേദനയോടുകൂടിയാണ് ആവേശത്തോടെ കൊണ്ടുവരുന്നത്. 'എടാ പുല്ലേ, വേണമെങ്കിൽ കേട്ടോ' എന്നുള്ള നിലയിലല്ലല്ലോ സർ, ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിന്റെ ഉത്തമവിശ്വാസത്തേയും, ബില്ലിലടങ്ങിയിട്ടുള്ള ആത്മാർത്ഥതയേയും പറ്റി വളരെയധികം ശങ്കിക്കുന്നു. ആത്മാർത്ഥത ഇല്ലെന്നുതന്നെ കരുതുന്നു. ഇന്ന് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ ഇതേ രീതിയിൽ ഇവിടെ പാസ്സാക്കുകയാണെങ്കിൽ, അത് കുടിയിറക്ക് നിരോധന ബില്ലായിരിക്കുകയില്ല, നേരെ മറിച്ച് കുടിയൊഴിപ്പിക്കാനുള്ള ഒരു ബില്ലായിരിക്കും. ഇതിനകത്ത് അതിലേക്കുള്ള അനേകം വ്യവസ്ഥകളാണുള്ളത്. ഈ ബില്ലു കൊണ്ട് കുടികിടപ്പുകാരായ പാവപ്പെട്ട ആളുകൾക്ക് യാതൊരു പ്രയോജനവും ലഭിക്കാൻ നിവൃത്തിയില്ല. ഇതിലെ ചില കാര്യങ്ങൾ സഭയുടെ ദൃഷ്ടിയിൽ പെടുത്താനാഗ്രഹിക്കുന്നു. ഈ ബിൽ, ഈ സഭ അവസാനിക്കുന്നതിനു മുൻപു തന്നെ പാസ്സാക്കുമെന്നും പറയുന്നു. ഈ ബില്ലിന്റെ സെലക്ട് കമ്മിറ്റിയിൽ, വമ്പിച്ച ഭൂരിപക്ഷം കോൺഗ്രസ്സ് പാർട്ടിയ്ക്കാണ്. സർ, ഓരോ പാർട്ടിയും ഓരോ വർഗ്ഗത്തെ പ്രതിനിധീകരിക്കുകയാണ്. അതനുസരിച്ച് ജന്മികളേയും മുതലാളിമാരേയും സഹായിക്കാൻ കോൺഗ്രസ്സ് പാർട്ടി ബാധ്യസ്ഥരാണ്. ഞാൻ പറഞ്ഞതുപോലെ അല്ലാതെ, കോൺഗ്രസ്സ് പാർട്ടിയിൽ നല്ലയാളുകളും മനുഷ്യരുമായി ബന്ധപ്പെട്ട ആളുകളും ഉണ്ട്. എന്നാലും ചില സ്ഥാപിതതാൽപ്പര്യക്കാരെ സംരക്ഷിക്കേണ്ട കടമ കോൺഗ്രസ്സിനുണ്ട്. ഇടതുപക്ഷ പാർട്ടികളായ കമ്മ്യൂണിസ്റ്റ്, ആർ.എസ്.പി., പി.എസ്.പി., കെ.എസ്.പി. ഈ പാർട്ടികളും മറ്റ് ഓരോ വർഗ്ഗത്തിന്റെയും സത്ത ഉൾക്കൊണ്ടിട്ടുള്ള പാർട്ടികളാണ്. കോൺഗ്രസ്സ് ഭൂരിപക്ഷമുള്ള സെലക്ട് കമ്മിറ്റി, ഈ ബില്ലിൽ സാരമായി എന്ത് മാറ്റങ്ങൾ വരുത്തുമെന്നുള്ളത് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ഈ ബില്ലിലെ ചില കാര്യങ്ങൾ സെലക്ട് കമ്മിറ്റിയുടേയും സഭയുടേയും ശ്രദ്ധയിൽപ്പെടുത്തണം എന്ന് ഞാൻ വിചാരിക്കുന്നു. ഇതിലെ ചില ക്ലോസ്സുകളിൽ സാരമായ മാറ്റം വരുത്തിയില്ലെങ്കിൽ അതുകൊണ്ടുദ്ദേശിക്കുന്ന ഫലം സാധുക്കളായ കുടികിടപ്പുകാർക്ക് കിട്ടുകയില്ല.

ആദ്യമായി കുടികിടപ്പുകാരനെപ്പറ്റിയുള്ള നിർവ്വചനം നോക്കാം. 2 സി വകുപ്പിൽ 'കുടികിടപ്പുകാരൻ' എന്നുള്ളതിന്റെ നിർവ്വചനം കൊടുത്തിരിക്കുന്നതു നോക്കാം. നിർവ്വചനം തുടങ്ങുമ്പോൾ തന്നെ അത് അപകടമാണെന്ന് കാണാം. അതായത്,

2 (സി) 'കുടികിടപ്പുകാരൻ' എന്നാൽ വീടോ, വീടുവയ്ക്കുന്നതിനു സ്വന്തം സ്ഥലമോ ഇല്ലാത്തവനും, ഒരു വീടുവെച്ചുകൊള്ളുന്നതിനായി ഒരു ഭൂമിയുടെ ഉടമസ്ഥനാൽ ഭൂമിയിൽ ഒരു ഭാഗം ഉപയോഗിച്ചുകൊള്ളുകയും കൈവശം വച്ചുകൊള്ളുകയും ചെയ്യുന്നതിലേയ്ക്ക്, പാട്ടം കൊടുക്കണം എന്നുള്ള ബാധ്യതയോടുകൂടിയോ, അല്ലാതെയോ, ആ ഭാഗം അപ്രകാരം ഉപയോഗിച്ച് കൈവശം വച്ചുകൊള്ളുന്നതിന് അനുവദിക്കപ്പെട്ടിരിക്കുന്നവനും ആയ ആൾ എന്നും; 'കുടിയിരിപ്പ്' എന്നാൽ അങ്ങനെ നൽകപ്പെട്ടിട്ടുള്ള ഭൂമിയും, ആ ഭൂമിയിൽ ഉടമസ്ഥാനുവാദത്തോടുകൂടി കുടികിടപ്പുകാരൻ താമസസ്ഥലമായി ഉപയോഗപ്പെടുത്തുന്ന വീടും, കുടിലും അഥവാ പുരയും എന്നും ആണ്.

കുടികിടപ്പുകാരൻ ആരാണെന്നു പറയുവാൻ ഇത്ര വളച്ചുകെട്ടലിന്റെ ആവശ്യമുണ്ടോ സർ, ഈ സംഗതിയെ സംബന്ധിച്ച് സഖാവ്

സി. അച്യുതമേനോൻ മുൻപ് ഒരവസരത്തിൽ ഇവിടെ കൊണ്ടു വന്നിട്ടുള്ള ഭൂനയ ബില്ലിൽ 'കുടികിടപ്പുകാരൻ' എന്നുള്ളതിന് കൊടുത്തിട്ടുള്ള നിർവ്വചനം കൂടി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് വിചാരിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത് ഈ വിധമാണ്.

'ഒരു കുടികിടപ്പുകാരനു അയാളുടെ കുടികിടപ്പൊഴികെ ഒരു വീടു വയ്ക്കാൻ ഒരു തുണ്ടുഭൂമിയും ഇല്ലെങ്കിൽ അയാളെ കുടികിടപ്പിൽ നിന്നും ഒഴിപ്പിയ്ക്കാൻ പാടില്ല' എന്നാണ്.

ഒരു കുടികിടപ്പുകാരൻ ആരാണ് എന്ന് യാതൊരു വളച്ചുകെട്ടലും കസർത്തുകളും കൂടാതെ വ്യക്തമായി പറഞ്ഞിരിക്കുന്നു. അതിനു കാരണം മറ്റൊന്നുമല്ല. അദ്ദേഹത്തിന്റെ ബിൽ ഇന്നവർഗ്ഗത്തിനുവേണ്ടി ഇന്ന വിഭാഗത്തിന് വേണ്ടി എന്ന് വ്യക്തമാണ്. നേരെമറിച്ച്, ജന്മികൾക്കും ഭൂമി ഉടമസ്ഥന്മാർക്കും കുടികിടപ്പുകാരെ ഒഴിപ്പിക്കാനുള്ള എല്ലാ സൗകര്യങ്ങളും സഹായങ്ങളും കൊള്ളിച്ചിട്ടുള്ള ഒരു ബില്ലാണ് ഇന്ന് കോൺഗ്രസ്സ് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. അത് തെളിയിക്കാനായി ചില കാര്യങ്ങൾ കൂടി ഞാനിവിടെ പറയാം. ഈ ബില്ലിന്റെ 7 ാമതു വകുപ്പിൽ, ഒരു ക്ലോസ്സിൽ കുടിയൊഴിപ്പിക്കാൻ പാടില്ല എന്നു പറയുമ്പോൾ ഒൻപതു വകുപ്പുകൾ കുടിയൊഴിപ്പിക്കുവാൻ ഉള്ളതായി നമുക്കുകാണാം. സഭയുടേയും, സെലക്ട് കമ്മിറ്റിയുടേയും ശ്രദ്ധയ്ക്ക് ആ വിധത്തിലുള്ള ഓരോ വകുപ്പും ഇവിടെ വായിക്കാം. ആ വകുപ്പുകളിൽ നിന്നും ഒരു കുടികിടപ്പുകാരന് എങ്ങനെ സുരക്ഷിതത്വം ഉണ്ടാകുമെന്ന് നമുക്ക് നോക്കാം. ഈ ബില്ലിലെ 7 ാമത്തെ വകുപ്പിൽ (എ) ക്ലോസ്സ് ഇപ്രകാരമാണ്. '7 (എ) അയാൾ കൈവശവസ്തുവിൽ മന:പൂർവ്വമായും ഉദ്ദേശ്യത്തോടു കൂടിയും, നാശകരങ്ങളായ പ്രവൃത്തികൾ ചെയ്തിരിക്കുക'

ഈ വകുപ്പനുസരിച്ച് ഒരു ജന്മിക്ക് ഒരു കുടികിടപ്പുകാരനോട് എന്തെങ്കിലും വൈരാഗ്യമുണ്ടെങ്കിൽ, ഒരു കള്ളക്കേസ്സ് കൊടുത്ത് വിധി സമ്പാദിക്കാൻ യാതൊരു പ്രയാസവുമില്ല. അത് കുടികിടപ്പുകാരന് വലിയ സങ്കടത്തിനു കാരണമാകും. കർഷകരുടെ മനോവിചാരത്തെപ്പറ്റി ഇവിടെ പ്രസ്താവിച്ചുകേട്ടു. കർഷകനുമായിട്ടു നിരന്തരസമ്പർക്കം ഉള്ള ആളുകൾക്കു മാത്രമേ അവരുടെ വികാരമെന്താണെന്നു മനസ്സിലാക്കാൻ കഴിയുകയുള്ളൂ. അത് ഞങ്ങൾക്ക് കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കോൺഗ്രസ്സുപാർട്ടിയിലും കർഷകന്റെ മനോവികാരത്തെപ്പറ്റി അറിയാമെന്നുള്ള ചില ആളുകൾ ഇല്ലാതെയില്ല.

മേൽപ്പറഞ്ഞ വകുപ്പനുസരിച്ച്, മന:പൂർവ്വം വീട് നശിപ്പിച്ചു എന്നും മറ്റും പറഞ്ഞ്, ഒരു ജന്മിക്ക് ഒരു കുടികിടപ്പുകാരനെ ഇറക്കിവിടുവാനുള്ള സാഹചര്യം ഉണ്ട്. അതുപോലെ 7 ബി വകുപ്പ് നോക്കാം:-

'7 (ബി) കൈവശവസ്തുവിലെ ഉൽപന്നത്തിൽ ഏതെങ്കിലും ഭാഗം ആയാൾ ന്യായരഹിതമായി ഉപയോഗപ്പെടുത്തിയിരിക്കുക.'

ഒരു മൂട് ചീനി പിഴുതു, അല്ലെങ്കിൽ ഒരു നാളികേരം ഇട്ടു എന്നും മറ്റും പറഞ്ഞ് ഒരു കേസ് കൊടുത്ത് കുടികിടപ്പുകാരനെ പോലീസ് മുഖാന്തരം ഇറക്കിവിടാം. പോലീസും അവരുടെ കൈയിലാണല്ലോ; സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഉണ്ടായിട്ടുള്ളതാണ് നമ്മുടെ പോലീസ് എന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഈ വകുപ്പനുസരിച്ച് ഒരു കള്ളക്കേസു കൊടുത്തു പോലീസ് സഹായത്തോടുകൂടി കുടിയൊഴിപ്പിക്കാൻ കഴിയും.

ഇനി 7 (സി) വകുപ്പു നോക്കാം; അത് ഇപ്രകാരമാണ്

'7 (സി) തനിക്കോ, തന്റെ കുടുംബത്തിലേയോ തറവാട്ടിലേയോ തായ്‌വഴിയിലേയോ ഏതെങ്കിലും അംഗത്തിന് കെട്ടിടം കെട്ടുന്നതിന് ഉത്തമ വിശ്വാസപൂർവ്വം ഉടമസ്ഥൻ വസ്തു ആവശ്യപ്പെടുകയും ആ ഭാഗം അങ്ങനെ പണിയേണ്ട കെട്ടിടത്തിന്റെ സുഖകരമായ ഇരിപ്പിന് ആവശ്യമായിരിക്കുകയും ചെയ്യുക'.

ഇതിൽ പറയുന്ന കാര്യങ്ങൾ എല്ലാം ഉണ്ടായാൽ ആർക്കാണ് ഒഴിപ്പിക്കാൻ പാടില്ലാത്തത്? ഒരു ജന്മിക്ക്, തന്റെ ഭാര്യയ്ക്കോ, മക്കൾക്കോ ഒരു കെട്ടിടം വെയ്ക്കണമെന്നു തോന്നിയാൽ, അതിന്റെ സുഖകരമായ ഇരിപ്പിന്, കുടികിടപ്പുകാരന്റെ വീട് ബാധകമാണെന്നും പറഞ്ഞ് ആ പുര പൊളിച്ച് അയാളെ ഇറക്കിവിടാം.

ഇനി 7 (ഡി) വകുപ്പു നോക്കാം. അതിൽ പറയുന്നത്,

'7 (ഡി) ഉടമസ്ഥന്റെ അവകാശത്തിനു ബാധകമാം വിധം തന്റെ പാർപ്പിടമായ വസ്തുവിഭാഗത്തിലോ, സ്ഥലത്തോ നാശമുണ്ടാക്കുന്നതിനോ, ആക്രമണം നടത്തുന്നതിനോ അയാൾ മന:പൂർവ്വമായോ വഞ്ചനാപരമായി കൂട്ടു ചേർന്നോ ഒരന്യനെ അനുവദിക്കുക'എന്നാണ്.

ഇതും കൂടാതെ, ഒരു കുടികിടപ്പുകാരന് വല്ല കോന്ത്രക്കോണത്തും 10 സെന്റ് സ്ഥലം വല്ല പാറയായാലും മതി, ഒരു ജന്മി ഇഷ്ടദാനം എഴുതി കൊടുത്താൽ മതി, കുടികിടപ്പുകാരൻ ഉടൻ ഇറങ്ങേണ്ടി വരും. ഇങ്ങനെ ജന്മികൾക്ക് പല സൗകര്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ള ഒന്നാണ് ഈ 7-ാമത്തെ വകുപ്പ്, ഇത് കുടികിടപ്പുകാരന് എതിരായിട്ടുള്ള ഒന്നാണ്, അതുകൊണ്ട് ഈ 7 ാം വകുപ്പ് മുഴുവനും തന്നെ മാറ്റണം.

ഉൽപാദനങ്ങൾ നശിപ്പിച്ചാൽ നടപടി എടുക്കുവാൻ ക്രിമിനൽ നിയമങ്ങൾ ഉണ്ട്. അതനുസരിച്ച് ചാർജ്ജു ചെയ്തുകൊള്ളണം. മോഷണമാണെങ്കിൽ ആ കുറ്റത്തിന് അയാളെ ചാർജ്ജു ചെയ്യണം. ഞങ്ങൾ ആ കാര്യങ്ങൾക്ക് എതിരല്ല. അങ്ങനെ ഉണ്ടാകാവുന്ന മോഷണം, മുതലായ കേസുകൾക്ക് ഉത്തരം പറയുകയും വേണം. കുടിയിൽ നിന്ന് ഇറങ്ങിക്കൊള്ളുകയും വേണം എന്നു പറയുന്നത് ശരിയല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഏതായാലും ഈ 7-ാം വകുപ്പ് മാറ്റണം. ഈ കാരണങ്ങളാലാണ്, ഇത് കുടിയൊഴിപ്പിക്കൽ നിരോധന ബില്ലല്ല, കുടിയൊഴിപ്പിക്കൽ ബില്ലാണെന്ന് ഞാൻ പറഞ്ഞത്.''

# ജനഹൃദയങ്ങളിൽ ഇടം നേടിയ ജനപ്രതിനിധി



*പൊന്നറ ജി. ശ്രീധർ*

ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ ശ്രദ്ധേയ സാന്നിധ്യവും തിരുവിതാംകൂർ, തിരു-കൊച്ചി നിയമസഭകളിൽ അംഗവും കേരള നിയമസഭാ സാമാജികനുമായിരുന്നു പൊന്നറ ജി. ശ്രീധർ. തിരുവിതാംകൂറിന്റെ രാഷ്ട്രീയ ചരിത്രത്തിലെ ഏറ്റവും സംഘർഷഭരിതമായിരുന്ന കാലഘട്ടത്തിലെ മുന്നണി പോരാളികളിൽ ഒരാളായിരുന്നു അദ്ദേഹം. വിളപ്പിൽ മണ്ഡലത്തെ പ്രതിനിധീകരിച്ചാണ് പൊന്നറ ശ്രീധർ ഒന്നും രണ്ടും കേരള നിയമസഭകളിൽ അംഗമായത്. ബി.എ., ബി.എൽ. ബിരുദധാരിയായ പൊന്നറ ശ്രീധർ അഭിഭാഷകനുമായിരുന്നു.

തിരുവിതാംകൂറിന്റെ പാർവത്യകാറായിരുന്ന പൊന്നറ ഗോവിന്ദപിള്ളയുടെ മകനായി 1899 സെപ്റ്റംബർ 22 ന് തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിലാണ് പൊന്നറ ശ്രീധർ ജനിച്ചത്. കമലാക്ഷിയമ്മയായിരുന്നു മാതാവ്. തൈക്കാടിനടുത്തുള്ള കുടിപ്പള്ളിക്കൂടത്തിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയ അദ്ദേഹം തിരുവനന്തപുരം ഗവ. മോഡൽ സ്കൂളിൽ പഠിച്ച് മെട്രിക്കുലേഷൻ പാസായി. അതിനുശേഷം പീരുമേട്ടിലെ താലൂക്ക് കച്ചേരിയിലുൾപ്പെടെ കുറച്ചുകാലം ജോലി നോക്കിയിരുന്നു. തുടർന്ന് തിരുനെൽവേലി ഹിന്ദു കോളേജിൽ ഉപരിപഠനത്തിനായി ചേർന്നെങ്കിലും ദേശീയ പ്രസ്ഥാനത്തിൽ ആകൃഷ്ടനായി പഠനം ഉപേക്ഷിക്കുകയാണുണ്ടായത്. ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് നിസ്സഹരണ പ്രസ്ഥാനത്തിൽ പങ്കുചേരുകയും നിയമലംഘനം നടത്തിയതിന് മധുരയിൽ വച്ച് അറസ്റ്റിലാവുകയും ചെയ്തു. തിരുനെൽവേലിയിലെ പഠനം ഉപേക്ഷിച്ച് തിരികെ നാട്ടിലെത്തിയ അദ്ദേഹം പിന്നീട് തിരുവനന്തപുരം ലോ കോളേജിൽ പ്ലീഡർഷിപ്പ് പരീക്ഷയ്ക്ക് ചേർന്നു.

1923 ൽ നാഗപ്പൂരിൽ നടന്ന പതാകാസത്യാഗ്രഹത്തിൽ പങ്കെടുത്ത അദ്ദേഹം അവിടെ വച്ച് അറസ്റ്റിലാവുകയും ജയിൽ വാസം അനുഭവിക്കുകയും ചെയ്തു. ജയിൽ വാസത്തിനുശേഷം ഡൽഹിയിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിലും 1924-ൽ ഗാന്ധിജിയുടെ അധ്യക്ഷതയിൽ ബെൽഗാമിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിലും പൊന്നറ പങ്കെടുത്തു. തിരുവിതാംകൂറിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ശാഖ രൂപംകൊണ്ട അക്കാലത്ത് പൊന്നറ ശ്രീധർ അതിൽ അംഗമായി. കോൺഗ്രസിനുള്ളിലെ ഇടതുപക്ഷക്കാരനായിരുന്നു അദ്ദേഹം. പിന്നീട് കോൺഗ്രസ് പ്രതിനിധിയും ഒടുവിൽ എ.ഐ.സി.സി. അംഗവുമായി. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി കേരളത്തിൽ നടന്ന പല ജനകീയ മുന്നേറ്റങ്ങളിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. ഉപ്പ് സത്യാഗ്രഹത്തിന്റെ ഭാഗമായി കെ. കേളപ്പൻ നയിച്ച പയ്യന്നൂർ സത്യാഗ്രഹത്തിൽ തിരുവിതാംകൂറിൽ നിന്നുള്ള സംഘത്തെ നയിച്ചത് പൊന്നറ ശ്രീധറായിരുന്നു. വൈക്കം സത്യാഗ്രഹത്തിലും അദ്ദേഹം പങ്കെടുത്തു. ഗാന്ധിജിയുടെ ആഹ്വാനപ്രകാരം വിദേശവസ്ത്ര ബഹിഷ്കരണ സമരത്തിന് തിരുവിതാംകൂറിൽ നേതൃത്വം നൽകിയതും അദ്ദേഹമായിരുന്നു. അതിന്റെ ഭാഗമായി അറസ്റ്റ് വരിക്കുകയും ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്.

നെടുമങ്ങാട് പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റായിരുന്ന (1942-1950) പൊന്നറ ശ്രീധർ 1948 ൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നിന്ന് തിരുവിതാംകൂർ നിയമസഭയിലേക്ക് എതിരില്ലാതെയും 1949 മുതൽ 1956 വരെ തിരു-കൊച്ചി നിയമസഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. ഒന്നാം






കേരള നിയമസഭയിൽ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി പ്രതിനിധിയായും രണ്ടാം കേരള നിയമസഭയിൽ സ്വതന്ത്രനായും വിളപ്പിൽ നിയോജക മണ്ഡലത്തിൽ നിന്ന് മത്സരിച്ച് വിജയിച്ചു.

ഭഗത് സിംഗിന്റെ നൗജവാൻ സഭയുടെ പ്രവർത്തനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് എൻ. ശ്രീകണ്ഠൻ നായർ, എൻ. പി. കുരിക്കൾ എന്നിവരോടൊപ്പം ചേർന്ന് അഖില തിരുവിതാംകൂർ യൂത്ത് ലീഗ് എന്ന സംഘടന സ്ഥാപിച്ചു. 1934 ൽ നിയമലംഘന പ്രസ്ഥാനം പിൻവലിക്കപ്പെട്ടതോടുകൂടി രൂപീകൃതമായ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി തിരുവിതാംകൂറിൽ ആരംഭിക്കുന്നതിന് നേതൃത്വം നൽകി. 1938 ൽ കല്ലറ പാങ്ങോട് സമര സ്ഥലം സന്ദർശിച്ച അപൂർവ്വം കോൺഗ്രസ് നേതാക്കളിൽ ഒരാളായിരുന്നു പൊന്നറ. 1956 ൽ തിരുവനന്തപുരം നഗരസഭാ മേയറായി തിരഞ്ഞെടുക്കപ്പെട്ടു.

പ്ലീഡർഷിപ്പ് പരീക്ഷ പാസായ ശേഷം 1928 ൽ നെടുമങ്ങാട് കോടതിയിൽ അഭിഭാഷകനായി പ്രവർത്തിച്ചു തുടങ്ങിയ പൊന്നറ ശ്രീധർ നെടുമങ്ങാടിന്റെ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ നിർണ്ണായകമായ ഇടപെടലുകൾ നടത്തി. നെടുമങ്ങാട് കോടതി മന്ദിരം, അരുവിക്കര ഹൈസ്കൂൾ, പൂവച്ചൽ ആയുർവേദ ആശുപത്രി, വെള്ളനാട് മിത്രാനികേതൻ തുടങ്ങിയ സ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ ശ്രമഫലമായാണ് ആരംഭിച്ചത്.

ഗോത്രവർഗങ്ങളുടെയും ഹരിജനങ്ങളുടെയും ഉന്നമനത്തിനായി അഹോരാത്രം പ്രവർത്തിച്ച വ്യക്തിയായിരുന്നു പൊന്നറ ജി. ശ്രീധർ. പശ്ചിമഘട്ടമേഖലയിലെ ആദിവാസി വിഭാഗമായ കാണിക്കാരുമായി പൊന്നറ ശ്രീധറിന് അടുത്ത ബന്ധമാണുണ്ടായിരുന്നത്. കോട്ടൂർ നിന്ന് തമിഴ്നാട്ടിലെ അംബാസമുദ്രം വരെയുണ്ടായിരുന്നതും മറവപ്പട ആക്രമിക്കുമെന്ന ഭയത്താൽ പിന്നീട് അടച്ചതുമായ ചീരവാടാത്തടം എന്ന കാട്ടുപാതയിലൂടെ കാണിക്കാരുടെ സഹായത്തോടെ സഞ്ചരിച്ച് സർവ്വേ നടത്തി അത് നിയമസഭയിൽ അവതരിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. നിയമസഭാ സാമാജികനായിരുന്നപ്പോൾ സഭാസമ്മേളനം വീക്ഷിക്കുന്നതിനായി ആദിവാസികളെ നിയമസഭയിലെത്തിക്കുന്നതിന് അദ്ദേഹം നേതൃത്വം നൽകി. തിരു-കൊച്ചിയിലെ എസ്റ്റേറ്റ് തൊഴിലാളികളുടെ യൂണിയൻ പ്രസിഡന്റായി പ്രവർത്തിച്ചിരുന്ന പൊന്നറ പിന്നാക്കക്ഷേമ പ്രവർത്തനങ്ങളിൽ മുൻ നിരയിലായിരുന്നു.

1948 ൽ ജയപ്രകാശ് നാരായൺ ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ പൊന്നറയുടെ നേതൃത്വത്തിൽ നെടുമങ്ങാട്ടെ കോൺഗ്രസ് കമ്മിറ്റി പിരിച്ചുവിട്ട് ഐ.എസ്.പി. ഘടകം രൂപീകരിച്ചു. 1952 ൽ വിനോബാഭാവെ ഭൂദാന സന്ദേശവുമായി നെടുമങ്ങാട് താലൂക്കിൽ എത്തിച്ചേർന്നപ്പോൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് പൊന്നറയായിരുന്നു.

തിരുവനന്തപുരം മേയറായിരുന്ന പൊന്നറ ശ്രീധറിന്റെ സ്മരണ നിലനിറുത്തുന്നതിന് തമ്പാനൂരിൽ പൊന്നറ ശ്രീധർ പാർക്ക് സജ്ജീകരിച്ച് അതിൽ അദ്ദേഹത്തിന്റെ അർദ്ധകായ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. നെടുമങ്ങാടും പൊന്നറ ശ്രീധറിന്റെ സ്മരണാർത്ഥം പാർക്ക് സ്ഥാപിതോടൊപ്പം ഒരു പ്രദേശത്തിന് പൊന്നറ ശ്രീധർ നഗർ എന്ന് നാമകരണം ചെയ്തിട്ടുമുണ്ട്.

ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെയും കേരള നവോത്ഥാനത്തിന്റെയും ഭാഗമായി നിരവധി തവണ ജയിൽ ശിക്ഷ അനുഭവിച്ച പൊന്നറ ശ്രീധർ 1966 ഫെബ്രുവരി 27 ന് തിരുവനന്തപുരത്ത് അന്തരിച്ചു. 1967 മാർച്ച് 28 ന് നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.



# കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

## 2000 ലെ കേരള സ്പോർട്സ് ആക്ട് (2001 ലെ 2 ാമത് നിയമം)



**റ്റി. മനോഹരൻ നായർ**
**സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി**

1955 ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററസി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേരള സ്പോർട്സ് കൗൺസിൽ ആണ് സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തി വന്നിരുന്നത്. എന്നാൽ സംസ്ഥാനത്ത് മുഴുവൻ സ്പോർട്സ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും ഇതിന്റെ പ്രവർത്തനം പര്യാപ്തമാകുന്നില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹപ്പിക്കുന്നതിനും കായികരംഗം അഭിവൃദ്ധിപ്പെടുത്തുന്നതിനും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒരു വിദഗ്ധസമിതിയെ നിയോഗിച്ചത്. എല്ലാവർക്കും കായിക വിനോദം എന്ന ആശയത്തിന് ഊന്നൽ നൽകുന്ന ശിപാർശകൾ അടങ്ങുന്ന ഒരു റിപ്പോർട്ട് വിദഗ്ധസമിതി സർക്കാരിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് കായിക വിനോദങ്ങളുടെയും കളികളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് അതിൽ വിപുലമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശികതലത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുവാനും അപ്രകാരം ഉള്ള കൗൺസിലുകൾക്ക് പ്രത്യേക അധികാരങ്ങളും ചുമതലകളും നൽകുവാനും ലക്ഷ്യമിട്ടുകൊണ്ട് ഒരു നിയമനിർമ്മാണത്തിന് സർക്കാർ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടതാണ് ഈ നിയമം.

ഇതിനായുള്ള ബിൽ 1999 ജൂലൈ 19 ാം തീയതി ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി എ. സി. ഷൺമുഖദാസ് സഭയിൽ അവതരിപ്പിക്കുകയും അന്നുതന്നെ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. സംസ്ഥാനത്തിനകത്തും പുറത്തും നിരവധി സ്ഥലങ്ങൾ സന്ദർശിക്കുകയും നിരവധി ആൾക്കാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തതിനുശേഷം രൂപപ്പെടുത്തിയ ശിപാർശകൾ അടങ്ങുന്ന സെലക്ട് സമിതി റിപ്പോർട്ട് 2000 ജൂലൈ 17 ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് 2000 ഡിസംബർ 18 ാം തീയതി സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ സഭ പരിഗണനയ്ക്ക് എടുക്കുകയും ഡിസംബർ 21 ാം തീയതി അന്തിമമായി പാസ്സാക്കുകയും ചെയ്തു. സഭ പാസ്സാക്കിയ ബില്ലിന് 2001 ഫെബ്രുവരി 5 ാം തീയതി ഗവർണ്ണറുടെ അനുമതി ലഭ്യമാവുകയും ചെയ്തു.

ബിൽ സഭയിൽ അവതരിപ്പിച്ച തിനെ തുടർന്ന് ബിൽ പൊതുജനാ ഭിപ്രായം ആരായുന്നതിനായി സർ ക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവ തരിപ്പിച്ചുകൊണ്ട് ഒരു മുൻ സ്പോർ ട്സ് താരം കൂടിയായ ബഹുമാന പ്പെട്ട അംഗം കെ. പി. വിശ്വനാഥൻ വളരെ വിശദമായ ഒരു പ്രസംഗമാണ് സഭയിൽ നടത്തിയത്. അദ്ദേഹം നട ത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

*''ബഹുമാനപ്പെട്ട ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഈ സ്പോർട്സ് ബി ല്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാ ണ്. അദ്ദേഹം ഇവിടെ അവതരിപ്പിച്ചു കൊണ്ട് ഒട്ടേറെ കാര്യങ്ങൾ പറഞ്ഞി ട്ടുണ്ട്. ആ കാര്യങ്ങളുടെ മുഴുവൻ ലക്ഷ്യങ്ങൾ നേടാൻ ഈ ബില്ലു കൊണ്ട് സാധിക്കുമെന്ന് ഞാൻ പരി പൂർണ്ണമായിട്ട് വിശ്വസിക്കുന്നില്ല. കാരണം നമുക്കറിയാം, ഇന്ന് ഈ കേരളത്തിൽ സ്പോർട്സ് രംഗത്ത് അഖിലേന്ത്യാ അടിസ്ഥാനത്തിലും ദേശീയ തലത്തിലുമൊക്കെ ചിന്തി ക്കുമ്പോൾ നമ്മൾ മുൻപന്തിയിൽ തന്നെയാണ്. സ്പോർട്സ് താരങ്ങ ളും ഇതുമായി ബന്ധപ്പെട്ട് പ്രവർ ത്തിക്കുന്ന സംഘടനകളും നമ്മുടെ ഉള്ള സൗകര്യങ്ങൾ വച്ചുകൊണ്ട് പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് തീർച്ചയായിട്ടും ഇതുണ്ടായത്. ഗവ ണ്മെന്റിന്റെ സഹായവും അതിന് നൽകിയിട്ടുണ്ട്.*

*പക്ഷേ ഈ ബിൽ വളരെ നേര ത്തെതന്നെ നമുക്ക് കൊണ്ടുവരേണ്ട തായിരുന്നു എന്ന അഭിപ്രായം അങ്ങേക്കുണ്ടെന്ന് ഞാൻ മനസ്സിലാ ക്കുകയാണ്. എന്തായാലും നമുക്ക് ഇപ്പോഴെങ്കിലും ഇങ്ങനെയൊരു ബിൽ ഇവിടെ അവതരിപ്പിച്ച് കാ യിക കേരളത്തിന്റെ ആഗ്രഹത്തിന നുസരിച്ച് പ്രാവർത്തികമാക്കുന്നതി നുള്ള ഒരു ചെറിയ സംരംഭം ഇവിടെ ആരംഭിച്ചു എന്നുള്ളത് നമുക്ക് ആശ്വസിക്കാവുന്ന ഒന്നാണ്. ഞാൻ ജോൺ മിൽട്ടന്റെ ലിസിഡസ് എന്ന ഒരു ഇംഗ്ലീഷ് കവിതയിലെ ഒന്നു രണ്ടു വരികൾ പറയാൻ ആഗ്രഹി ക്കുകയാണ്, അതിൽ പറയുന്നുണ്ട്.*

*At last the rose, and twittch'd his Mantle blew;*
*Tomorrow to fresh woods, and Pastures new. The best is yet to be.*

*ഇത് വാസ്തവത്തിൽ ഇവിടെ പ്രാവർത്തികമാക്കണമെന്ന് ഞാൻ ആശ്വസിക്കുകയാണ്. At last you rose up with the Bill. അതിന് നിങ്ങൾക്ക് ഭാഗ്യമുണ്ടായി. അതിനെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ അങ്ങ് ഒന്നിന് അർഹനാണെന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹി ക്കുന്നു. കാരണം അങ്ങ് ഇതിനു മുമ്പും മന്ത്രിയായിട്ടുണ്ട്. അന്നും ഈ സ്പോർട്സ് വകുപ്പിന്റെ മന്ത്രി തന്നെയായിരുന്നു. നമ്മുടെ വളരെ ക്കാലത്തെ ആഗ്രഹമായിരുന്നു. ഈ സ്പോർട്സ് രംഗത്ത് പ്രവർത്തിക്കു ന്ന ആളുകളുടെ ആഗ്രഹം ഇതൊരു ഇൻഡിപെൻഡന്റ് ചാർജ്ജുള്ള മന്ത്രി യെ ഏൽപ്പിക്കണമെന്നാണ്. അതും കഴിഞ്ഞ 1987 ലെ ഗവൺമെന്റിന്റെ കാലത്ത് പരീക്ഷിച്ചുനോക്കി. നീലനെ. അദ്ദേഹം അന്ന് ജനതാ പാർട്ടിയുടെ സെക്രട്ടറി ജനറലായതു കൊണ്ട് അദ്ദേഹം കേരളത്തിലേ ഉണ്ടാ യിട്ടില്ല. അദ്ദേഹം പിന്നെ 'ലോകംചുറ്റം വാലിബൻ' എന്നുള്ള നിലയ്ക്ക് ദേശീയതലത്തിൽ അങ്ങനെ നടക്കു കയായിരുന്നു. വാസ്തവത്തിൽ ഇന്ന് നമുക്കും ഈ സഭയ്ക്കും അതുപോ ലെ കേരളത്തിലെ എല്ലാപേർക്കും സമാശ്വസിക്കാൻ ഒരു ബിൽ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ഈ ബില്ലിൽ പറഞ്ഞ കാര്യങ്ങൾ ജനകീയാസൂത്ര ണമാക്കും എന്നൊക്കെ പറഞ്ഞതി നോട് എനിക്ക് അഭിപ്രായമില്ല. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും എല്ലാ ജനകീയന്മാരും ഇതിന്റെ തല പ്പത്ത് ഇരുന്നതുകൊണ്ട് ഈ സ്പോർട്സ് രക്ഷപ്പെടാൻ പോകു ന്നില്ല. ഇതിൽ വ്യക്തമായിട്ടുള്ള കാഴ്ചപ്പാട് വേണം.*

*സർ, അതാണ് ഇതിന്റെ കാത ലായിട്ടുള്ള പ്രശ്നം. ഇന്ന് ഈ സ്പോർട്സ് രംഗം ഭരിക്കുന്ന ആളു കൾ ഭരണകക്ഷിയുടെ ഇംഗിതത്തി നനുസരിച്ച് അതിന്റെ അഡ്മിനിസ് ട്രേഷനുവേണ്ടി ഏൽപ്പിക്കുന്ന ആളു കൾ എന്താണ് ചെയ്യുന്നത് അവരു ടെ രാഷ്ട്രീയ താൽപര്യങ്ങൾ നടപ്പി ലാക്കുന്നു. ഞാൻ ഈ ഗവൺമെന്റി നെ മാത്രമായിട്ടു പറയുന്നതല്ല. കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല., ഇത് പഴയകാലത്തേ തുടർന്നു വരുന്ന നയമാണ്. അതുകൊണ്ട് യഥാർത്ഥത്തിലുള്ള സ്പോർട്സ് മാന്മാരെ കണ്ടുപിടിക്കാൻ സാധിക്കു ന്നില്ല. അവർക്കുവേണ്ടി പരിശീലനം നൽകാൻ നമുക്ക് കഴിയുന്നുണ്ടോ? വളരെ വ്യക്തമായിട്ട് അതിനെക്കു റിച്ചു പറയുമ്പോൾ എനിക്ക് സൂചി പ്പിക്കാനുള്ളത് 1996 ൽ ഹിന്ദുവിൽ ഒരു ലേഖനം വന്നിരുന്നു. നിർമ്മൽ ശേഖർ എഴുതിയ ആ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്.*

*What was Kerala's Sports? In sports, our old horses continue in the National Scene as the comers cannot surpass them. There is a general feeling of helplessness and anarchy in sports management and administration in the State.*
*വാസ്തവത്തിൽ അതാണ് ഇവിടെ നടക്കുന്നത്.''*

## കുന്ദംകുളം ഡ്യൂപ്ലിക്കേറ്റുകളുടെ നാട്

കെ. പി. വിശ്വനാഥൻ തന്റെ പ്രസംഗം തുടരവേ സഭയിൽ നടന്ന രസകരമായ സംഭാഷണങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

*കെ. പി. വിശ്വനാഥൻ: പഴയകാല ത്ത് നമുക്ക് പല പാരമ്പര്യങ്ങളും ഉണ്ടായിരുന്നു. എനിക്ക് ഓർമ്മ യുണ്ട് ഈ ബാസ്ക്കറ്റ്ബാളിന് ഏറ്റവും പ്രസിദ്ധിയാർജ്ജിച്ച കേരളത്തിലെ ഒരു പട്ടണമായി രുന്നു കുന്ദംകുളം. ഞാൻ അവി ടെനിന്ന് വരുന്ന ഒരാളാണ്.*

*ടി. കെ. ഹംസ: അത് ഡ്യൂപ്ലി ക്കേറ്റാണ്.*

*കെ. പി. വിശ്വനാഥൻ: അത് അസൂയാലുക്കളായിട്ടുള്ള ആളു കൾ പറഞ്ഞു പ്രചരിപ്പിക്കുന്ന കാര്യമാണ്. അവിടെ നിന്നുവരുന്ന ശ്രീ. എൻ. ആർ. ബാലനോടു ചോദിക്കൂ. അദ്ദേഹം ഡ്യൂപ്ലിക്കേറ്റ് ആണോയെന്ന് ചോദിക്കൂ.*

*ആര്യാടൻ മുഹമ്മദ്: അങ്ങനെ അവിടുത്തെ ജനങ്ങൾക്കാർക്കും അഭിപ്രായമില്ല, പക്ഷേ മാർക്സിസ്റ്റു പാർട്ടിയുടെ അഭി പ്രായമാണ് ചീഫ് വിപ്പ് പറഞ്ഞത്.*

*കെ. പി. വിശ്വനാഥൻ: അതോ, ബാലനെ പറഞ്ഞയച്ചതോടുകൂടി അങ്ങനെ ഒരു അഭിപ്രായം അവിടെ വന്നിട്ടുണ്ട്.*

*പി. രാജു: അങ്ങ് കുന്ദംകുളത്തെ കാര്യം പറഞ്ഞല്ലോ, കുന്ദംകളത്ത് വോളിബാൾ എന്നുപറഞ്ഞാൽ ബാസ്കറ്റ്ബാൾ ആണെന്ന കാര്യം അങ്ങേക്കറിയാമോ?*

*കെ. പി. വിശ്വനാഥൻ: ഇന്ത്യയിൽ തന്നെ അഖിലേന്ത്യാ തലത്തിൽ ബാസ്കറ്റ്ബാളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അനേകമാളുകൾ അവിടെയുണ്ട്. അതുപോലെ തന്നെ വോളിബാൾ, ഓണത്തല്ല്, എല്ലാറ്റിനും പ്രശസ്തിയാർജ്ജിച്ച സ്ഥലമാണ് അത്. രാജുവിനെപ്പോലെ തന്നെ ആളുകൾക്ക് വോളിബാൾ എന്താണ്, ഫുട്ബാൾ എന്താണ്, ബാസ്കറ്റ്ബാൾ എന്താണ്, ക്രിക്കറ്റ് എന്താണ് എന്നൊന്നും അറിയില്ലല്ലോ, അവർക്ക് എല്ലാം പന്ത് എന്നുള്ള നിലയ്ക്ക് ആ പന്തിനുവേണ്ടിയുള്ള ഓട്ടം നടത്തുകയല്ലാതെ ഒന്നും അറിയില്ല. പറവൂർക്കാർ മൊത്തത്തിൽ അങ്ങനെയാ.*

*കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. പി. വിശ്വനാഥൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബാസ്കറ്റ്ബാൾ ചാമ്പ്യനും, കേരളവർമ്മ കോളേജിലെ ചാംമ്പ്യനുമൊക്കെയായിരുന്ന ആളല്ലേ, ഇത്രയും പ്രായമാകുന്നതിനു ശേഷവും ബഹുമാനപ്പെട്ട മെമ്പർ ഇപ്പോഴും നിരന്തരമായി കായിക പരിശീലനം നടത്തുന്നുണ്ടോ? നിയമസഭയുടെ സ്പോർട്സ് നടന്ന അവസരത്തിൽ നന്നായി കളിക്കുന്നതും ഓടുന്നതും കണ്ട് ഇപ്പോഴും സ്പോർട്സിലുള്ള താൽപര്യം വളരുന്നുണ്ടോ?*

*മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം പല കളികളിലും ചാമ്പ്യനാണ്.*

*കെ. പി. വിശ്വനാഥൻ: ബഹുമാനപ്പെട്ട ചെയർ പറഞ്ഞതാണ് ശരി. ഞാൻ ഫുട്ബോൾ ഒഴികെ മറ്റെല്ലാ കളികളും കളിച്ചിട്ടുണ്ട്. ഞാൻ പഠിക്കുന്ന കാലത്ത് കാലിക്കട്ട് യൂണിവേഴ്സിറ്റി ഇല്ല. അന്ന് കേരള യൂണിവേഴ്സിറ്റി മാത്രമേയുള്ളൂ. ഞാൻ കേരളവർമ്മ കോളേജിൽ ബാസ്കറ്റ്ബാൾ ചാമ്പ്യനായിരുന്നു, അടുപ്പിച്ച് രണ്ടു ടേമിലും ക്യാപ്റ്റനായിരുന്നു. അതുപോലെ തന്നെ ഹോക്കി ടീമിലും അത്‌ലറ്റിക് ടീമിലും ക്യാപ്റ്റനായിരുന്നു. എല്ലാ കളികളും എനിക്ക് അറിയാം. ഞാൻ ഈ പറഞ്ഞത് നമ്മുടെ കേരളത്തിലെ സ്പോർട്സിനെക്കുറിച്ച് ഹിന്ദു പത്രത്തിൽ വന്ന ഒരു ലേഖനത്തിന്റെ ചുവടുപിടിച്ചു പറഞ്ഞതാണ്. അതിൽ അവർ ചില കാര്യങ്ങൾ പറയുന്നുണ്ട്. അതിൽ ചില നിർദ്ദേശങ്ങൾ വച്ചിരിക്കുകയാണ്, അതിൽ പറഞ്ഞിരിക്കുന്നത്.*

*Why this decline?*

*(a) Proper atmosphere,tradition, culture, attitude, approach.*

*(b) Facilities, Infrastructure, Money, Playgrounds etc.*

*(c) Motivation*

*(d) Encouragement*

*(e) Coaching and Committed coaches*

*(f) Proper policies and priorities fixed and professional guidance in sports management and sports administration.*

*സർ, വാസ്തവത്തിൽ അതിനൊന്നും പര്യാപ്തമല്ല നമ്മുടെ ഇപ്പോഴത്തെ ഈ ബിൽ. യാതൊരു സംശയവും വേണ്ട. ഇപ്പോൾ ഇവിടെ അവതരിപ്പിച്ച ബിൽ നമ്മുടെ സമഗ്രമായ സ്പോർട്സ് വികസനത്തിന് പര്യാപ്തമാണെന്ന് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നില്ല. പക്ഷേ, ഇത് എന്ത് സ്വാധീനമാണ് ചെയ്യുന്നത്? തമ്മിൽ ഭേദം തൊമ്മൻ. Something is better than nothing. വാസ്തവത്തിൽ ഇത് പോര. സെലക്ട് കമ്മിറ്റിക്ക് വിടുകയെന്നുള്ളതുതന്നെ നല്ല ഒരു തീരുമാനമാണ്.*

## നിയമത്തിന്റെ ഉള്ളടക്കം

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരിക്കാൻ സർക്കാരിന് ഈ നിയമം അധികാരം നൽകുന്നു. കൗൺസിൽ ചെയർമാൻ സ്പോർട്സിന്റെ ചുമതലയുള്ള മന്ത്രിയായിരിക്കും. കൗൺസിലിൽ എക്സ് ഒഫീഷ്യോ അംഗങ്ങളും തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളും കൂടാതെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. ഓരോ അഞ്ചുവർഷത്തിലും പുനഃസംഘടിപ്പിക്കേണ്ട കൗൺസിലിന് അതിലെ അംഗങ്ങൾക്കിടയിൽനിന്നും നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രസിഡന്റും കൗൺസിൽ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു വൈസ് പ്രസിഡന്റും ഉണ്ടായിരിക്കുന്നതാണ്.

സംസ്ഥാനത്ത് എല്ലാത്തരം സ്പോർട്സും സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ക്രമീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക, സ്പോർട്സ് ഇൻഫർമേഷൻ കേന്ദ്രങ്ങൾ, സ്റ്റേഡിയങ്ങൾ, കളിസ്ഥലങ്ങൾ, പാർക്കുകൾ, മറ്റ് പരിശീലന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുക, ടൂർണ്ണമെന്റുകളും മത്സരങ്ങളും പരിശീലന കോഴ്സുകളും നടത്തുക, സ്പോർട്സിനുള്ള അംഗീകാരമെന്ന നിലയിലോ പ്രോത്സാഹനം എന്ന നിലയിലോ സ്കോളർഷിപ്പുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ നൽകുക, സ്പോർട്സ് താരങ്ങൾക്കും റഫറിമാർക്കും കോച്ചുകൾക്കും അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തുക തുടങ്ങിയ അധികാരങ്ങളും ചുമതലകളും സ്പോർട്സ് കൗൺസിലിന് ഉണ്ടായിരിക്കുന്നതാണ്.

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ മാതൃകയിൽ ജില്ലാ സ്പോർട്സ് കൗൺസിലുകൾ സംഘടിപ്പിക്കാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. കൂടാതെ നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തലങ്ങളിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കാവുന്നതാണ്. സ്പോർട്സ് സംഘടനകളുടേയും സ്പോർട്സ് താരങ്ങളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച വ്യവസ്ഥകളോടൊപ്പം സംസ്ഥാന സ്പോർട്സ് കൗൺസിൽ, മറ്റ് സ്പോർട്സ് കൗൺസിലുകൾ, സ്പോർട്സ് സംഘടനകൾ, സ്പോർട്സ്താരങ്ങൾ എന്നിവ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുവാൻ

ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കുവാനും നിയമത്തിൽ വ്യവസ്ഥയുണ്ട്.

## തുടർ ഭേദഗതികൾ

2001 ൽ നിലവിൽവന്ന മൂലനിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനായി 2007, 2010, 2015 എന്നീ വർഷങ്ങളിൽ ഈ നിയമത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. അതിന്റെ ഭാഗമായി സംസ്ഥാന സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലുകളും കൂടുതൽ വിഭാഗങ്ങളിൽപ്പെടുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടും ഘടനകളിൽ മാറ്റംവരുത്തിക്കൊണ്ടും അവയുടെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിനായുള്ള വ്യവസ്ഥകൾ കൂട്ടിച്ചേർക്കുകയുണ്ടായി.

## എല്ലാ നോട്ടുകളും കള്ളനോട്ടുകളല്ല!

1999 ജൂലൈ 19 ന് സ്പോർട്സ് ബിൽ സഭയിൽ അവതരിപ്പിച്ചതിനെ തുടർന്ന് നടന്ന പൊതുചർച്ചയ്ക്ക് ബഹുമാനപ്പെട്ട ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി എ. സി. ഷൺമുഖദാസ് മറുപടി പറയുന്ന വേളയിൽ ഇടപെട്ടുകൊണ്ട് സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് മാനിപ്പുലേറ്റ് ചെയ്യുന്നതായും വകുപ്പുമന്ത്രി അക്കാര്യം ശ്രദ്ധിക്കണമെന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ അഭ്യർത്ഥിക്കുകയുണ്ടായി. അതിന് വകുപ്പ് മന്ത്രി ചുവടെ ചേർക്കും പ്രകാരം മറുപടി നൽകുകയുണ്ടായി.

*എ. സി. ഷൺമുഖദാസ്: കള്ളനോട്ട് കണ്ടുപിടിക്കാറുണ്ട്. കള്ളനോട്ട് കണ്ടുപിടിച്ചാൽ കേസും എടുക്കും. അതുകൊണ്ട് എല്ലാ നോട്ടും കള്ളനോട്ടാണെന്നു പറഞ്ഞ് പ്രചരിപ്പിച്ചാൽ ആരും നോട്ട് കൊടുക്കാൻ തയ്യാറാകാതെ വരും. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ എല്ലാ കാര്യങ്ങളും ഒരു സ്വന്തം കാഴ്ചപ്പാടിലാണ് കാണുന്നത്. ഈ നാട്ടിൽ നടക്കുന്നതൊക്കെ എന്താവണമെന്ന ഊഹമൊന്നും എനിക്കറിഞ്ഞുകൂടാ. എല്ലാത്തിലും സ്വാധീനവും എല്ലാത്തിലും അഴിമതിയും കാണരുത്. മഞ്ഞപ്പിത്തം വന്നാൽ എല്ലാം മഞ്ഞയായി തോന്നും. ഇവിടെ കളി വന്നാലും കാര്യം വന്നാലും രാഷ്ട്രീയം വന്നാലും എല്ലാം വ്യക്തിയിലാണ് ഒതുക്കം. കാരണം വ്യക്തി എന്ന രാഷ്ട്രീയത്തിലാണ് ഇപ്പോൾ ജീവിതം. ഞാൻ വിശദീകരിക്കേണ്ട ആവശ്യമില്ലല്ലോ. ഇവിടെയുള്ള തർക്കം അതാണ്. ആ തർക്കത്തിൽ നിൽക്കട്ടെ. വ്യക്തി എന്ന രാഷ്ട്രീയത്തിൽ എത്തിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് എന്തു പറയുമ്പോഴും തന്റെ കണ്ണുകൊണ്ട് കാണാൻ കഴിയുന്നതൊക്കെ രാഷ്ട്രീയമായ ഒരു അപ്രോച്ച് ആയിരിക്കാം. ഞാൻ വിശദീകരിക്കുന്നില്ല. ഞാൻ ചൂണ്ടിക്കാണിച്ചത്, ഈ വക കാര്യങ്ങളിൽ പരാതി കിട്ടിയാൽ തീർച്ചയായും അന്വേഷിക്കാം. ഇതിൽ ചില നടപടിക്രമങ്ങളുണ്ട്. നാഷണൽ ഗെയിംസ് വന്നു, അതിനും നടപടിക്രമങ്ങളുണ്ട്. നാഷണൽ ഗെയിംസിൽ ചെറിയ തർക്കമുണ്ടായിരുന്നു. സ്പോർട്സ് അസോസിയേഷനുകൾ അവരുടെ സർട്ടിഫിക്കറ്റ് തരണം, ആ രീതിയിലുള്ള അപേക്ഷ വേണം. അങ്ങനെ ചെറിയ തർക്കമുണ്ടായി. ഞങ്ങൾ തന്നെ അസോസിയേഷനുമായി ബന്ധപ്പെട്ട് അത് തീർക്കാനുള്ള ശ്രമത്തിലാണ്. സ്പോർട്സ് സംഘടനാരംഗത്ത് ചില പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. കോടതി വിധിയും മറ്റുമൊക്കെയായിട്ട് രണ്ടു തരത്തിൽ തർക്കങ്ങളുള്ള രണ്ട് സംഘടനകൾ ചില സ്ഥലത്തുണ്ട്. ദേശീയാടിസ്ഥാനത്തിലും സ്റ്റേറ്റ് അടിസ്ഥാനത്തിലുമുണ്ട്. കായിക രംഗത്തെ ഈ തർക്കങ്ങൾ തീർക്കാൻ കേന്ദ്ര ഗവൺമെന്റ് ഇത് കൺകറന്റ് ലിസ്റ്റിൽ വേണമെന്ന തർക്കമൊക്കെ ഉന്നയിച്ചു വന്നതു തന്നെ ഈ തരത്തിലുള്ള കാര്യങ്ങൾ പറഞ്ഞാണ്. നമ്മളെടുത്ത ഒരു നിലപാടുണ്ട്. കേരളത്തിലെ സ്പോർട്സിന് ദേശീയാടിസ്ഥാനത്തിലെ ഇന്നത്തെ അടിത്തറ ഒരു കാരണവശാലും നഷ്ടപ്പെട്ടുകൂടാ. അതുകൊണ്ട് സ്റ്റേറ്റിന്റെ അധികാരപരിധിയെ സംബന്ധിച്ചിടത്തോളം കാർന്നെടുക്കാൻ പറ്റില്ല എന്ന നിലപാട് എടുത്തവരാണ് നമ്മൾ. സൗത്ത് ഇന്ത്യയിലെ സ്റ്റേറ്റുകൾ ആന്ധ്രയും കർണ്ണാടകയും തമിഴ്നാടുമൊക്കെ എടുത്ത നിലപാട് അതുതന്നെയായിരുന്നു. വടക്കേ ഇന്ത്യയിൽ വ്യത്യസ്തമായ നിലപാട് എടുത്തിട്ടുണ്ട്. വടക്കേ ഇന്ത്യയിൽ രാഷ്ട്രീയമൊന്നും ഉണ്ടായിരുന്നില്ല. രണ്ടു കക്ഷികളുടെ ഗവണ്മെന്റും ഒരേ സ്റ്റാന്റ് എടുത്തു. തെക്കേ ഇന്ത്യയിലും കക്ഷിവ്യത്യാസം വച്ച് ഒരേ സ്റ്റാന്റ് എടുത്തു. കാരണം കേരളത്തിലെ കായികരംഗത്തിൽ വടക്കേ ഇന്ത്യയിലെയൊക്കെ അനുഭവം വച്ചുകൊണ്ടാണ് ആ സ്റ്റാന്റ് എടുത്തത്. അതുകൊണ്ട് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം കക്ഷി രാഷ്ട്രീയമേ നോക്കിയിട്ടില്ല. പൂർണ്ണമായി കായികരംഗത്തിന്റെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും യാതൊരു സ്വാധീനവും മറ്റ് രീതിയിൽ ഉണ്ടാകാതെയും നിഷ്പക്ഷമായി കാര്യങ്ങൾ നടക്കണം എന്ന് ഉദ്ദേശിച്ചുമാണ് ഇത് രേഖപ്പെടുത്തിയിരിക്കുന്നത്. സ്പോർട്സ് സ്കൂളിലെ സെലക്ഷനെ സംബന്ധിച്ച് ചിലർ പറഞ്ഞു. അതിനൊക്കെ സിസ്റ്റമുണ്ട്. ആ സിസ്റ്റത്തിൽ തന്നെയാണ് ചെയ്യുന്നത്.*

## സ്പീക്കറുടെ പരാമർശം

1999ലെ കേരള സ്പോർട്സ് ബിൽ സഭയിൽ അവതരിപ്പിച്ചതിനു ശേഷം ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന വകുപ്പുമന്ത്രിയുടെ ഉപക്ഷേപത്തിന്മേൽ നടന്ന ചർച്ചയുടെ അവസാനം ഉപക്ഷേപം തീർപ്പാക്കുന്നതിന് മുമ്പായി ബില്ലിനെ സംബന്ധിച്ച് സ്പീക്കർ നടത്തിയ പരാമർശവും സഭാനടപടികളുടെ ഭാഗമായി. ദീർഘനാളത്തെ കാത്തിരിപ്പിനുശേഷമാണെങ്കിലും ഇത്തരത്തിൽ സമഗ്രമായ ഒരു സ്പോർട്സ് നിയമം ഈ നിയമസഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞത് ഒരു വലിയ വിജയമാണ്. അതിൽ അസാധാരണമായ ഒരു താൽപര്യം കാണിച്ച മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ് എന്ന തരത്തിൽ സ്പീക്കർ നടത്തിയ പരാമർശം സഭാനടപടികളിൽ അപൂർവ്വമായി മാത്രം സംഭവിക്കുന്ന ഒന്നാണ്.

*(തുടരും...)*

ലേഖനം

# ഒഴിവാക്കപ്പെട്ട 'രാജപ്രമുഖ്' സ്ഥാനം

**ജി. പി. ഉണ്ണിക്കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി**


1950 ജനുവരി 26 ന് ഇന്ത്യയുടെ ഭരണഘടന നിലവിൽ വന്നപ്പോൾ ഇന്ത്യയെ ഒരു 'പരമാധികാര ജനാധിപത്യ റിപ്പബ്ലിക്' എന്നാണ് ആമുഖത്തിൽ വിശേഷിപ്പിച്ചിരുന്നത്. 'സംസ്ഥാനങ്ങളുടെ ഒരു യൂണിയനായിരിക്കും ഇന്ത്യ അഥവാ ഭാരതം' എന്ന് അനുച്ഛേദം 1 ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിന്റെ വിശദീകരണമായി സംസ്ഥാനങ്ങളെ എ, ബി, സി എന്ന് തരംതിരിച്ചുള്ള ലിസ്റ്റ് നൽകുകയും ചെയ്തു. ബ്രിട്ടീഷ് ഇന്ത്യയിൽ ഗവർണ്ണർമാർ ഭരിച്ചിരുന്ന പ്രവിശ്യകളായിരുന്നു ഭാഗം എ സംസ്ഥാനങ്ങളായി മാറിയത്. അസം, ബീഹാർ. ബോംബെ, മദ്ധ്യപ്രദേശ്, മദ്രാസ്, ഒറീസ്സ, കിഴക്കൻ പഞ്ചാബ്, ഉത്തർപ്രദേശ് (യുണൈറ്റഡ് പ്രൊവിൻസസ്), പശ്ചിമബംഗാൾ എന്നിങ്ങനെ ഒൻപത് സംസ്ഥാനങ്ങൾ.

മുൻ നാട്ടുരാജ്യങ്ങളോ നാട്ടുരാജ്യങ്ങളുടെ യൂണിയനുകളോ ആയിരുന്നു ഭാഗം ബി ലിസ്റ്റിൽ ഉണ്ടായിരുന്നത്. ഇവയുടെ ഭരണത്തലവൻമാർ, പ്രസിഡന്റ് നിയമിച്ച 'രാജപ്രമുഖ്' മാരായിരുന്നു. ഹൈദരാബാദ്, ജമ്മു കാശ്മീർ, മധ്യഭാരത്, മൈസൂർ, പട്യാല ഈസ്റ്റ് പഞ്ചാബ് സംസ്ഥാന യൂണിയൻ (PEPSU), രാജസ്ഥാൻ, സൗരാഷ്ട്ര, തിരുവിതാംകൂർ കൊച്ചി എന്നീ എട്ട് സംസ്ഥാനങ്ങളാണ് ഭാഗം ബി യിൽ ഉണ്ടായിരുന്നത്. ഭാഗം സി യിൽ മുൻ ചീഫ് കമ്മീഷണർമാർ ഭരിച്ചിരുന്ന പ്രവിശ്യകളും ചില നാട്ടുരാജ്യങ്ങളുമടക്കം പത്ത് സംസ്ഥാനങ്ങളായിരുന്നു ഉണ്ടായിരുന്നത്. അജ്മീർ, ഭോപ്പാൽ, ബിലാസ്പൂർ, കൂർഗ്, ഡൽഹി, ഹിമാചൽ പ്രദേശ്, കച്ച്, മണിപ്പൂർ, ത്രിപുര, വിന്ധ്യപ്രദേശ് എന്നിവ. ഗവർണർ, രാജപ്രമുഖ്, കമ്മീഷണർ എന്നിവരെയാണ് യഥാക്രമം ഭാഗം എ, ബി, സി സംസ്ഥാനങ്ങളുടെ ഭരണത്തലവൻമാരായി ഭരണഘടന നിശ്ചയിച്ചിരുന്നത്.

ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുന:സംഘടിപ്പിക്കണമെന്ന ആവശ്യം ദേശീയതലത്തിൽ വളരെ ശക്തമായി ഉയർന്നുവന്നെങ്കിലും ഇതു പഠിക്കാനായി കേന്ദ്രസർക്കാർ നിയോഗിച്ച സമിതി വിപരീത നിലപാട് സ്വീകരിച്ചതിനെ തുടർന്ന് അത് നടന്നില്ല. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പ്രക്ഷോഭങ്ങൾ ഉയർന്ന് വന്നതിന്റെ അടിസ്ഥാനത്തിൽ 1954 ൽ സുപ്രീംകോടതി റിട്ട. ചീഫ് ജസ്റ്റിസ് ഫസൽ അലി ചെയർമാനും എച്ച്.എൻ കുൻസ്രു, സർദാർ കെ. എം. പണിക്കർ എന്നിവർ അംഗങ്ങളുമായി സംസ്ഥാനങ്ങളുടെ പുന:സംഘടനാ കമ്മീഷൻ 1954 ൽ നിലവിൽ വന്നു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് 1955 ൽ കമ്മീഷൻ യൂണിയൻ സർക്കാരിന് സമർപ്പിക്കുകയും ഇതിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പാർലമെന്റ് പാസ്സാക്കിയ The State Re - Organization Act 1956 ആഗസ്റ്റ് 31 ന് നിലവിൽ വരികയും ചെയ്തു.

ഇതിനനുസൃതമായി ഭരണഘടനയിൽ ആവശ്യമായ ഭേദഗതികളും പാർലമെന്റ് വരുത്തി. ഏഴാം ഭരണഘടനാ ഭേദഗതി പ്രകാരം സംസ്ഥാനങ്ങളുടെ എ, ബി വിഭാഗങ്ങൾ ഒഴിവാക്കി അവയെ 'സംസ്ഥാനങ്ങൾ' എന്ന് പൊതുവായി നാമകരണം ചെയ്തു. സി വിഭാഗം യൂണിയൻ പ്രദേശങ്ങൾ ആയി മാറി.

സംസ്ഥാനങ്ങളുടെ പുന:സംഘടനാ കമ്മീഷൻ റിപ്പോർട്ടിൽ പാർട്ട് ബി സംസ്ഥാനങ്ങളിൽ നിലവിലുണ്ടായിരുന്ന 'രാജപ്രമുഖ്' സ്ഥാനം അവസാനിപ്പിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. ജനാധിപത്യ സംവിധാനത്തിന്റെ ചട്ടക്കൂടിനൊത്തുപോകുന്ന ഒന്നല്ല ഈ പദവിയെന്ന് പൊതുജനാഭിപ്രായമുണ്ടെന്ന് നിരീക്ഷിച്ച കമ്മീഷൻ, ഭരണഘടന പ്രകാരമുള്ള ഒരു സംസ്ഥാന ഭരണത്തലവൻ ആസംസ്ഥാനത്ത് നിന്നുള്ള



Camp: Lucknow,
29th October, 1956.

My dear


I have received Your Highness' letter dated 9th October 1956. It is no doubt true that in terms of some of the Covenants under which certain Part B States were established, provision was made for the Rajpramukhs appointed under these Covenants holding office during their life time. It is not that this aspect of the matter was overlooked when the decision was taken for the abolition of the institution of Rajpramukh. Your Highness will appreciate that any kind of tenure fixed in relation to a particular office is necessarily dependent on the existence of that office. Since as part of the reorganisation scheme adopted by Parliament on the basis of the recommendations made by the States Reorganisation Commission, the distinction between Part B and Part A States has been abolished, the office of Rajpramukh must cease to exist as a necessary corollary.

It is obvious that the institution of Rajpramukh cannot be fitted into the framework of the Constitution as now amended by Parliament. I need hardly add, however, that the recent changes made in the Constitution do not in any way affect Your Highness' privileges and personal rights.

With kind regards,

Yours sincerely,
Sd. G.B. Pant

Shri Rama Varma,
Rajpramukh of Travancore-Cochin,
Trivandrum.



Copy.

Trivandrum,
9th October, 1956.

My dear [illegible],

I write to acknowledge the receipt of your letter dated 4th October 1956 informing me that with the establishment of the reorganised States with effect from the 1st of November 1956, the office of Rajpramukh will come to an end on the 31st October and the formal official relationship between myself and the Govt. of this State will cease to exist. May I take this opportunity to thank you for kindly conveying to me the appreciation of the Government of India and yourself, of the work I have been doing as Rajpramukh of this State?

In this connection, I wish to point out that in Article [illegible] of the Covenant entered into by the Rulers of Travancore and Cochin with the guarantee of the Govt. of India at the time of the integration of the two States in 1949, it is definitely stated that "The present Ruler of Travancore shall be the first Rajpramukh and shall be entitled to hold office during his life-time." The present decision of the Govt. of India which you have now communicated to me, appears to contravene the aforesaid provision in the Covenant. I trust that I shall not be mistaken if I request you for clarification of this point.

Yours sincerely,

Sd/- Rama Varma.
Rajpramukh of Travancore-Cochin.

Shri G.B. Pant,
Home Minister,
New Delhi.

ആളാകരുതെന്നും 'രാജപ്രമുഖ്' സ്ഥാനം വഹിക്കുന്നയാൾ കൃത്യമായ പ്രാദേശിക താൽപര്യങ്ങളുള്ളയാളായിരിക്കുമെന്നതിനാൽ ഈ പദവിയിലിരിക്കാൻ അതുകൊണ്ടു തന്നെ യോഗ്യനല്ലെന്നും അഭിപ്രായപ്പെട്ടു.

നിലവിലെ രാജപ്രമുഖർ അതതു പ്രദേശങ്ങളിലെ പരമ്പരാഗത ഭരണാധികാരികളായിരുന്നവരാണെന്നതിനാൽ അവർക്ക് ഇന്ത്യാ ഗവൺമെന്റിനാൽ നിയമിതനാകുന്ന ഭരണത്തലവനെന്ന നിലയിലുള്ള ചുമതലകൾ നിറവേറ്റാനാകുമോ എന്ന കാര്യം സംശയമാണെന്നതിനാലും ഈ പദവി ജനാധിപത്യ വിരുദ്ധ സ്വഭാവമുള്ളതാണെന്നതിനാലും നിർത്തലാക്കുന്നതാണ് ഉചിതമെന്ന് കമ്മീഷൻ ശിപാർശ ചെയ്തു. ഇന്ത്യൻ യൂണിയനിൽ ചേർന്ന സമയത്ത് നാട്ടുരാജാക്കൻമാരും ഇന്ത്യാ ഗവൺമെന്റുമായി ഉണ്ടാക്കിയ ഉടമ്പടിയിലെ മറ്റാനുകൂല്യങ്ങൾ തുടരേണ്ടതുണ്ടോ എന്നതിൽ ഇടപെടാൻ തങ്ങൾ ഉദ്ദേശിക്കുന്നില്ലായെന്നും കമ്മീഷൻ വ്യക്തമാക്കി. രാജപ്രമുഖ് സ്ഥാനം നഷ്ടപ്പെട്ടാലും അവർക്ക് ഉടമ്പടി പ്രകാരമുള്ള പ്രിവിപഴ്സ് അടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സമുണ്ടാകില്ലെന്നും റിപ്പോർട്ട് വിലയിരുത്തി. ഭരണഘടനാ ഭേദഗതിയെത്തുടർന്ന് ഇന്ത്യയിലെ രാജപ്രമുഖർക്ക് അവരുടെ സ്ഥാനം നഷ്ടമായി. 'രാജപ്രമുഖ്' സ്ഥാനം 1956 നവംബർ മാസം ഒന്നാം തീയതി കേരള സംസ്ഥാനം നിലവിൽ വരുന്നതിന്റെ തലേദിവസം ഇല്ലാതാകുമെന്ന് ഇന്ത്യാ ഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രാലയത്തിൽ നിന്ന് കത്ത് ലഭിച്ചതിൽ പ്രതിഷേധിച്ച് തിരുവിതാംകൂർ – കൊച്ചി സംസ്ഥാനത്തെ രാജപ്രമുഖൻ രാമവർമ്മ, ആഭ്യന്തരമന്ത്രി ഗോവിന്ദ് ബല്ലഭ് പന്തിന് 1956 ഒക്ടോബർ 9 ന് ഒരു കത്തയച്ചു. ഇന്ത്യൻ യൂണിയനിൽ ചേരുന്നതിന് ഇന്ത്യാ ഗവൺമെന്റുമായി കവനന്റ് ഒപ്പിടുമ്പോൾ തിരുവിതാംകൂർ ഭരണാധികാരി തിരു-കൊച്ചി സംസ്ഥാനത്തിന്റെ രാജപ്രമുഖനായിരിക്കുമെന്നും ആ സ്ഥാനത്ത് ആജീവനാന്തം തുടരുമെന്നും ഉറപ്പുനൽകിയിരുന്നതാണെന്നും പുതിയ തീരുമാനം ഇതിനു വിരുദ്ധമാണെന്നും ഇക്കാര്യത്തിൽ വിശദീകരണം വേണമെന്നും അദ്ദേഹം അതിൽ ആവശ്യപ്പെട്ടു.

ഒക്ടോബർ 29 ന് നൽകിയ മറുപടി കത്തിൽ, ഭേദഗതി ചെയ്ത പ്രകാരമുള്ള ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ 'രാജപ്രമുഖ്' സ്ഥാനം നിലനിർത്താനാകില്ലെന്ന് ആഭ്യന്തര മന്ത്രി ജി. ബി പന്ത് അസന്ദിഗ്ധമായി വ്യക്തമാക്കി. 1956 നവംബർ ഒന്നിന് പുതിയ സംസ്ഥാനങ്ങൾ നിലവിൽ വന്നപ്പോൾ എല്ലാ രാജപ്രമുഖ് സ്ഥാനങ്ങളും ഒഴിവാക്കപ്പെട്ടു. 1971 ൽ 26-ാം ഭരണഘടനാ ഭേദഗതിയിലൂടെ, മുൻ രാജാക്കൻമാർക്കും കുടുംബാംഗങ്ങൾക്കും നൽകിവന്നിരുന്ന പ്രിവിപഴ്സ് അടക്കമുള്ള എല്ലാ അവകാശങ്ങളും അവസാനിപ്പിച്ചതോടെ അവരെല്ലാവരും പ്രത്യേക അവകാശങ്ങളില്ലാത്ത സാധാരണ പൗരൻമാരായി മാറി.

*തിരു-കൊച്ചി രാജപ്രമുഖ് രാമവർമ്മ അന്നത്തെ ആഭ്യന്തര മന്ത്രി ജി. ബി പന്തിനയച്ച കത്തും അതിനുള്ള മറുപടിയുമാണ് ഇതോടൊപ്പം ചേർത്തിരിക്കുന്നത്. നാഷണൽ ആർക്കൈവ്സിൽ നിന്നും ലഭിച്ചതാണീ രേഖകൾ.*

# ഇലക്ഷൻ കമ്മീഷൻ: ഘടന, അധികാരങ്ങൾ, പ്രവർത്തന രീതികൾ

ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

*"Elections belong to the people. It's their decision. If they decide to turn their back on the fire and burn their behinds, then they will just have to sit on their blisters"*

*- Abraham Lincoln.*

ഇന്ത്യൻ പാർലമെന്റിലേക്കുള്ള തിരഞ്ഞെടുപ്പാണ് പാർലമെന്ററി ജനാധിപത്യത്തിൽ ലോകത്തെ ഏറ്റവും ബൃഹത്തും സമഗ്രവുമായ പൊതുതിരഞ്ഞെടുപ്പ്. ഭാഷയിലും സംസ്കാരത്തിലും വംശവർണ്ണങ്ങളിലും ഭൂമിശാസ്ത്രപരമായും വൈജാത്യങ്ങളുള്ള ഒരു ഫെഡറേഷനിൽ നൂറു കോടിയോളം വരുന്ന വോട്ടർമാരെ ജനാധിപത്യത്തിൽ നേരിട്ട് ഭാഗഭാക്കാക്കുന്ന ഈ പ്രക്രിയ കുറ്റമറ്റ രീതിയിലും നിഷ്പക്ഷമായും നടപ്പാക്കുന്നത് സ്വതന്ത്ര പരമാധികാര ഭരണഘടനാ സ്ഥാപനമായ ഇലക്ഷൻ കമ്മീഷനാണ്.

ഇലക്ഷൻ കമ്മീഷന്റെ ഘടനയെക്കുറിച്ചും അധികാരത്തെക്കുറിച്ചും ഭരണഘടനാ അസംബ്ലിയിൽ വിശദമായ ചർച്ച നടന്നിരുന്നു. അവയുടെ സാരാംശം ഉൾക്കൊണ്ടാണ് ഭരണഘടനയുടെ 15-ാം ഭാഗത്തിൽ ആർട്ടിക്കിൾ 324ൽ ഇലക്ഷൻ കമ്മീഷനെ കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിഷ്പക്ഷതയും അഖണ്ഡതയും പ്രവർത്തന സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കുന്നതിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തുടർന്നുള്ള ഉപഖണ്ഡങ്ങളിൽ നിർവ്വചിച്ചിട്ടുമുണ്ട്. ഇന്ത്യയിലെ ലോക്സഭയിലേയ്ക്കും രാജ്യസഭയിലേയ്ക്കും സംസ്ഥാന നിയമസഭകളിലേയ്ക്കും ലെജിസ്ലേറ്റീവ് കൗൺസിലുകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകൾ ഇലക്ഷൻ കമ്മീഷനാണ് നടത്തുന്നത്. കൂടാതെ, രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും തിരഞ്ഞെടുപ്പും രാഷ്ട്രീയ പാർട്ടികളുടെ അംഗീകാരവും വർഗ്ഗീകരണവും, തിരഞ്ഞെടുപ്പു രീതികളും മാർഗ്ഗനിർദ്ദേശങ്ങളും സംബന്ധിച്ച അന്തിമ തീരുമാനവും ഇലക്ഷൻ കമ്മീഷനിൽ നിക്ഷിപ്തമാണ്. ഒരു മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറും രണ്ടു കമ്മീഷണർമാരും ഉൾപ്പെടുന്ന മൂന്നംഗ സമിതിയാണ് നിലവിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനുള്ളത്.

ഇവരെ നിയമിക്കുന്നതിനുള്ള അധികാരം ഇന്ത്യൻ പ്രസിഡന്റിനാണുള്ളത്. തിരഞ്ഞെടുപ്പ് കമ്മീഷനായി നിയമിക്കപ്പെടുന്ന വ്യക്തിക്ക് നിയമിക്കപ്പെടുന്ന തീയതി മുതൽ ആറു വർഷമോ അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാകുന്നതു വരെയോ പദവിയിൽ തുടരാനാകും. സുപ്രീം കോടതിയിലെ ഒരു ജഡ്ജിയെ നീക്കുന്നതിന് സമാനമായ നടപടി ക്രമങ്ങളിലൂടെ മാത്രമേ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് ചീഫ് ഇലക്ഷൻ കമ്മിഷണറെ നീക്കാൻ സാധിക്കുകയുള്ളൂ. അതുപോലെ ഇലക്ഷൻ കമ്മീഷണർമാരെ സ്വസ്ഥാനത്തുനിന്ന് നീക്കണമെങ്കിലും ചീഫ് ഇലക്ഷൻ കമ്മീഷണറുടെ ശിപാർശ ആവശ്യമുണ്ട്. സുപ്രീം കോടതി ജഡ്ജിയുടെ ശമ്പളത്തിന് തുല്യമായ ശമ്പളം തിരഞ്ഞെടുപ്പ് കമ്മീഷന് ഭരണഘടനയിൽ പറഞ്ഞിരുന്നതിന്റെ അടിസ്ഥാനം ആ പദവിയുടെ മാഹാത്മ്യമല്ലാതെ മറ്റൊന്നല്ല സൂചിപ്പിക്കുന്നത്.

പരിമിതമായ ജീവനക്കാർ മാത്രമുള്ള തിരഞ്ഞെടുപ്പ് കമ്മീഷൻ എങ്ങനെയാണ് ഇത്രയും ബൃഹത്തായ തിരഞ്ഞെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് എന്നത് പരിശോധിക്കേണ്ടതുണ്ട്. ഇന്ത്യൻ പ്രസിഡന്റിന് കീഴിൽ വരുന്ന കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരെയും ഗവർണ്ണർമാർക്ക് കീഴിൽ വരുന്ന സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരെയും ഇലക്ഷൻ നടപടികൾക്കായി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ വിട്ടുനൽകേണ്ടതുണ്ട്. ഇതു പ്രകാരം ഓരോ സംസ്ഥാനത്തും ഇലക്ഷൻ കമ്മീഷൻ പ്രതിനിധിയായി ഒരു മുതിർന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥനെ ചീഫ് ഇലക്ടറൽ ഓഫീസർ ആയി നിയമിക്കുകയും The Representation of Peoples' Act, 1951 ലെ നിബന്ധനകൾക്ക് വിധേയമായി അവർ ഉയർന്ന ഉദ്യോഗസ്ഥരെ വരണാധികാരികളായി നിയമിച്ച് ഇലക്ഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്യുന്നു. ലോക്സഭയിലേക്ക് നടക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ ജില്ലാ കലക്ടർമാരാണ് മണ്ഡലാടിസ്ഥാനത്തിലുള്ള വരണാധികാരികളായി ഇലക്ഷൻ നടപടികളുടെ പൊതുവായ മേൽനോട്ടം നിർവ്വഹിക്കുന്നത്. തിരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം വരെ ഇപ്രകാരം നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ മേൽ ഇലക്ഷൻ കമ്മീഷന് അധികാരവും നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

ഒരംഗം മാത്രമായിരുന്ന ഇലക്ഷൻ കമ്മീഷനെ The Election Commissioner Amendment Act, 1989 പ്രകാരമാണ് ഒരു മൂന്നംഗ സമിതിയാക്കി മാറ്റിയത്. എന്നാൽ 1990 ജനുവരി 1 മുതൽ 1993 ഒക്ടോബർ 1 വരെ ഇടക്കാലത്ത് ഇലക്ഷൻ കമ്മീഷൻ ഏകാംഗ സമിതി ആയി വീണ്ടും പ്രവർത്തിച്ചു. Anoop Baranwal vs Union of India എന്ന കേസിൽ, ഇലക്ഷൻ കമ്മീഷനിലേക്കുള്ള നിയമനത്തെക്കുറിച്ച് പരിശോധിച്ച സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ച് 2023ൽ ഇലക്ഷൻ കമ്മീഷൻ നിയമനം സുതാര്യമായ ഒരു നടപടിക്രമത്തിലൂടെയാകേണ്ടതാണെന്ന് നിരീക്ഷിക്കുകയും ഇലക്ഷൻ കമ്മീഷണർമാരാകാൻ യോഗ്യതയുള്ളവരുടെ പട്ടിക തയ്യാറാക്കുന്നതിന് പ്രധാനമന്ത്രിയും ലോക്സഭയിലെ പ്രതിപക്ഷ നേതാവും സുപ്രീംകോടതി ചീഫ് ജസ്റ്റിസും അടങ്ങുന്ന സമിതിയെ നിയോഗിക്കുകയും ചെയ്തു. എന്നാൽ The Chief Election Commissioner and Other Election Commissioners (Appointment, Conditions of Services and Term of Office) Act, 2023 പ്രകാരം ക്യാബിനറ്റ് സെക്രട്ടറി അധ്യക്ഷനായ ഒരു സെലക്ഷൻ കമ്മിറ്റി, ഇലക്ഷൻ കമ്മീഷണർമാരാകാൻ യോഗ്യരായ ഗവൺമെന്റ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ പാനൽ പ്രധാനമന്ത്രിയും ലോക്സഭയിലെ പ്രതിപക്ഷ നേതാവും, പ്രധാനമന്ത്രി നിർദ്ദേശിക്കുന്ന ഒരു യൂണിയൻ ക്യാബിനറ്റ് മന്ത്രിയും ഉൾപ്പെടുന്ന സമിതിക്ക് സമർപ്പിക്കേണ്ടതാണെന്നും ഈ സമിതിയുടെ ഭൂരിപക്ഷ തീരുമാനപ്രകാരം ഇലക്ഷൻ കമ്മീഷണർമാരെ പ്രസിഡന്റിന് നിയമിക്കാമെന്നും കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തു. ഇലക്ഷൻ കമ്മീഷന്റെ ശമ്പളം ക്യാബിനറ്റ് സെക്രട്ടറിയുടേതിനു തുലമായി പരിമിതപ്പെടുത്തിയതാണ് പ്രകടമായ മറ്റൊരു ഭേദഗതി. ചുരുക്കത്തിൽ, ഈ ആക്ട് പ്രകാരം നിഷ്പക്ഷ ഭരണഘടനാ സ്ഥാപനമായ ഇലക്ഷൻ കമ്മീഷനെ നിയമിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റിന് അപ്രമാദിത്വം ലഭിച്ചുവെങ്കിലും ഇക്കാര്യം ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജികൾ സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ പരിഗണനയിലാണ്.



ലേഖനം

# തൊണ്ണൂറ്റി ഒൻപതിലെ മഹാപ്രളയത്തിന് നൂറാണ്ട്

**ബെൻസി ആനന്ദ്, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ**

ഇരുപതാം നൂറ്റാണ്ടിൽ കേരളക്കര നേരിട്ട ഏറ്റവും വലിയ പ്രകൃതി ദുരന്തമായിരുന്നു തൊണ്ണൂറ്റി ഒൻപതിലെ വെള്ളപ്പൊക്കം എന്ന് പഴമക്കാരുടെ ഇടയിൽ പ്രചാരമുള്ള 1924 ലെ മഹാപ്രളയം. കൊല്ലവർഷം 1099 ൽ നടന്ന പ്രളയമായതിനാലാണ് തൊണ്ണൂറ്റി ഒൻപതിലെ പ്രളയം എന്ന പേര് ലഭിച്ചത്. കർക്കിടകം ഒന്നിന് ആരംഭിച്ച് ആഴ്ചകളോളം നീണ്ടുനിന്ന പ്രളയം കേരളത്തിലെ ഭൂപ്രകൃതിയെപ്പോലും മാറ്റുകയും ആയിരക്കണക്കിന് മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും ജീവഹാനി വരുത്തുകയും ചെയ്തു.

ചരിത്രത്തിൽ രേഖപ്പെടുത്തിയ ഏറ്റവും വലിയ തെക്കുപടിഞ്ഞാറൻ മൺസൂൺ മഴ മധ്യതിരുവിതാംകൂറിനെയും തെക്കൻ മലബാറിനെയും വെള്ളത്തിനടിയിലാക്കി. സമുദ്രനിരപ്പിൽ നിന്ന് 5000 മുതൽ 6500 വരെ അടി ഉയരമുള്ള മൂന്നാറിലെ തേയിലത്തോട്ടങ്ങളിൽ വരെ വെള്ളപ്പൊക്കമുണ്ടാക്കുന്നത്ര കനത്ത പേമാരിയാണ് 1924 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളത്തിൽ പെയ്തത്. ജൂലൈ മാസത്തിൽ മാത്രം മൂന്നാറിൽ രേഖപ്പെടുത്തിയ മഴയുടെ അളവ് 171.2 ഇഞ്ചായിരുന്നു. ആകെ 3,368 മില്ലീലിറ്റർ ജലമാണ് തുടർച്ചയായ മൂന്നാഴ്ചകളിൽ ആകാശത്ത് നിന്ന് കേരള ഭൂമിയിൽ പതിച്ചത്.

കനത്ത മഴയിൽ ആലപ്പുഴ ജില്ല പൂർണ്ണമായും എറണാകുളം ജില്ലയുടെ നാലിൽ മൂന്ന് ഭാഗവും വെള്ളത്തിനടിയിലായി. കുട്ടനാട് മേഖല പൂർണ്ണമായും വെള്ളത്തിൽ താഴ്ന്നു. മധ്യതിരുവിതാംകൂറിൽ 20 അടി വരെ വെള്ളം പൊങ്ങി. മഴവെള്ളവും കടൽ വെള്ളവും ഒരു പോലെ കരയെ ആക്രമിച്ചു. മലബാറിനെയും പ്രളയം കനത്ത തോതിൽ ബാധിച്ചു. തെക്കേ മലബാർ വെള്ളത്തിനടിയിലായി. കോഴിക്കോട് പട്ടണം പകുതിയിലേറെയും വെള്ളത്തിൽ മുങ്ങി.

ബ്രിട്ടീഷുകാരുടെ തെക്കൻ വേനൽക്കാല വിശ്രമകേന്ദ്രമായിരുന്ന മൂന്നാറിൽ വൈദ്യുതിയും റോപ്പ് വേയും മോണോ റെയിൽ തീവണ്ടിയും വരെയുണ്ടായിരുന്നു. മലവെള്ളപ്പാച്ചിലിൽ മൂന്നാർ പട്ടണം പൂർണ്ണമായി തകർന്നു. കിലോമീറ്ററുകളോളം പരന്നു കിടന്ന തേയിലത്തോട്ടങ്ങളും കുണ്ടലവാലി റെയിൽവേ എന്നറിയപ്പെട്ടിരുന്ന മൂന്നാറിലെ നാരോഗേജ് റെയിൽ ലൈനുകളും സ്റ്റേഷനുകളും പ്രളയത്തിൽ ഇല്ലാതായി. പാലങ്ങൾ തകരുകയും റെയിൽ പാളങ്ങളും സ്റ്റീം ലോക്കോമോട്ടീവ് എൻജിനുകളും ഒലിച്ചു പോകുകയും ചെയ്തു. തേയില ഫാക്ടറികൾ നാമാവശേഷമായി. മാങ്കുളത്തിനും മൂന്നാറിനുമിടയിലായി സ്ഥിതി ചെയ്തിരുന്ന കരിന്തിരി എന്ന വലിയ മല ഭീകരമായ മണ്ണിടിച്ചിലിനെ തുടർന്ന് പൂർണ്ണമായി ഇല്ലാതായി. മലവെള്ളപ്പാച്ചിലിൽ പള്ളിവാസലിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ചിരുന്ന രണ്ട് ജനറേറ്ററുകൾ വെള്ളത്തിനടിയിലായി.


മാസങ്ങളോളം നീണ്ടുനിന്ന ദുരിതമാണ് 1099 ലെ വെള്ളപ്പൊക്കം നാടിന് സമ്മാനിച്ചത്. ആയിരക്കണക്കിന് മനുഷ്യർക്ക് ജീവൻ നഷ്ടപ്പെട്ടുവെങ്കിലും കൃത്യമായ കണക്ക് രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ഏക്കറുകളോളം ഭൂമിയും നിരവധി വീടുകളും നശിച്ച മഹാപ്രളയത്തിൽ എണ്ണമറ്റ പക്ഷിമൃഗാദികൾക്കും ജീവൻ നഷ്ടപ്പെട്ടു. തപാൽ സംവിധാനം നിലയ്ക്കുകയും ഗതാഗതം തടസ്സപ്പെടുകയും ചെയ്തു. തേയില കൊണ്ടുപോകുന്നതിന് 1902 ൽ സ്ഥാപിക്കുകയും പിന്നീട് 2 അടി വീതിയുള്ള നാരോഗേജ് ആക്കി മാറ്റുകയും ചെയ്ത മൂന്നാറിലെ റെയിൽപാത ഇന്നും ഹിൽസ്റ്റേഷന് അന്യമായി തുടരുന്നു.

പടിഞ്ഞാറൻ കടൽത്തീരത്തെ ചുഴലിക്കാറ്റുകളും ട്രോപ്പോസ്ഫിയറിലെ ഉയർന്ന പ്രക്ഷുബ്ധതകളും വെള്ളപ്പൊക്കത്തിന് കാരണമായി. പെരിയാർ, മീനച്ചിൽ, പമ്പ, മൂവാറ്റുപുഴ മുതലായ നദികൾ കരകവിഞ്ഞൊഴുകിയതും പെരിയാർ സ്ലൂയിസ് വാൽവുകൾ പെട്ടെന്ന് തുറന്നതും കൂടുതൽ ദുരിതത്തിന് കാരണമായി. പെരിയാർ നദി കരകവിഞ്ഞൊഴുകിയതും അവശിഷ്ടങ്ങൾ മൂലമുണ്ടാകുന്ന തടസ്സങ്ങളും നദിയിലെ ഒഴുക്കിലെ വ്യതിയാനവും മറ്റ് അനുബന്ധ കാരണങ്ങളും മൂലം ഒഴുക്ക് പരിമിതപ്പെട്ടത് സമുദ്ര നിരപ്പിൽ നിന്ന് 1500 മീറ്ററിലധികം ഉയരമുള്ള മൂന്നാർ പോലുള്ള സ്ഥലങ്ങളിൽ വെള്ളപ്പൊക്കത്തിന് ഇടയാക്കി.

തൊണ്ണൂറ്റിയൊൻപതിലെ വെള്ളപ്പൊക്കത്തിന്റെ അവശേഷിപ്പുകൾ നൂറ് വർഷങ്ങൾക്കിപ്പുറവും കേരളത്തിൽ വിവിധയിടങ്ങളിൽ ചരിത്രസ്മൃതികളായി അവശേഷിക്കുന്നു.

●●●





### ശ്രീലങ്ക : യുദ്ധദിനങ്ങളിലെ നേർക്കാഴ്ച്ചകൾ

**മോഹൻദാസ് പാറപ്പുറത്ത്**

എച്ച്. & സി. ബുക്ക്സ് : തൃശ്ശൂർ, 2023,

4wMOH 32R3

(പ്രമുഖ ഇന്ത്യൻ വാർത്താ ഏജൻസിയുടെ പ്രതിനിധിയായി കൊളംബോയിലെത്തിയ ലേഖകന്റെ ഓർമ്മക്കുറിപ്പുകൾ)




### ഇന്ദ്രചാപം പൂക്കുമ്പോൾ

**സുനിത ഷൈൻ**

ഗ്രാമീണ പബ്ലിക്കേഷൻസ് : പാലക്കാട്, 2023.

O32,1SUN R3

(കവിതാ സമാഹാരം)



### സൗന്ദര്യ ബിലഹരി

**കെ. വി. മോഹൻകുമാർ**

മാക്ക്ബെത്ത് : കോഴിക്കോട്, 2022

O32,3MOH R2

(പെൺമ പ്രമേയമായ കഥകൾ)



### മതിലകം

**ബേപ്പൂർ മുരളീധര പണിക്കർ**

ഫിംഗർ ബുക്ക്സ് : പേരാമ്പ്ര, 2023.

O32,3MUR R3

(നോവൽ)





### ഭാഷയുടെ കലഹം

**നകുൽ വി. ജി.**

ആപ്പിൾ ബുക്ക്സ്: പാലക്കാട്, 2018

O32,6NAK 32Q8

(എഴുത്തിന്റെ വേറിട്ട സാധ്യതകൾ പഠനവിധേയമാക്കുന്ന ലേഖനങ്ങളുടെ സമാഹാരം)



### ദ്രൗപദി മുർമു: കനൽവഴി താണ്ടി പ്രഥമപദത്തിലേക്ക്

**പ്രേമജ ഹരീന്ദ്രൻ**

ഗ്രീൻ ബുക്ക്സ് : തൃശ്ശൂർ, 2023.

V2,1y7DRO 32R3

(രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ജീവചരിത്രം)






**പകരക്കാരനില്ലാത്ത ഉമ്മൻ ചാണ്ടി**
(2-ാം പതിപ്പ്)
**അഡ്വ. ടി. സിദ്ധീഖ് (എഡി.)**
വചനം പബ്ലിഷിങ് ഹൗസ് : കോഴിക്കോട്, 2023.
V212,21y7OOM 32R3
(അനുസ്മരണ ലേഖനങ്ങൾ)
(നിയമസഭാംഗമാണ് എഡിറ്റർ)




**സ്ത്രീവാദത്തിന്റെ കേരള പരിസരം**
**ഗീത**
ഐ ബുക്ക്സ് കേരള : കോഴിക്കോട്, 2023.
Y15.212 32R3
(കേരളീയ പൊതുമണ്ഡലത്തെ നവീകരിച്ച സ്ത്രീമുന്നേറ്റങ്ങളുടെ കഥ പറയുന്ന പുസ്തകം)




## WHERE THE RAIN IS BORN : WRITINGS ABOUT KERALA

Anita Nair, Ed.
Penguin Books : Haryana, 2002
O111,6ANI P2
(This book is a combination of essays, short stories, poems and extracts from published works in both English and Malayalam.)





## AZADI : FREEDOM, FASCISM, FICTION

**Arundhati Roy**
Penguin Books : Haryana, 2022
O111,6ARU,A R2
(In this book writer focuses on issues related to social justice and economic inequality and discusses the meaning of freedom in the world.)




## SELECTED WORKS OF GEORGE ORWELL

**George Orwell**
Haritham Books : Thiruvananthapuram, 2018
O111,3ORW Q8
(This book contains two novels of the author, ‘Animal Farm’ and ‘1984’.)




## THE LAST HEROES : FOOT SOLDIERS OF INDIAN FREEDOM

**P. Sainath**
Penguin Books : Haryana, 2022.
V2:51 R2
(This book tells the story of foot soldiers (Paadasevakar) of Indian freedom struggle, ie; Adivasis, Dalits, OBCs, Brahmins, Muslims, Sikhs and Hindus hails from different regions, speak different languages and include atheists and believers, Leftist, Gandhian’s and Ambedkarites. They never went on to be Ministers, Governors and President or hold other high public offices.)

ARIVORAM
BIMONTHLY | JUNE 2024



# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Shaji C. Baby, Secretary-in-Charge, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Orange Printers, Thiruvananthapuram, Kerala - 695 001 and Published from Data Resource Development 'B' Section, Kerala Legislature Secretariat, Vikas Bhavan P. O., Thiruvananthapuram - 695 033, Chief Editor- A. N. Shamseer